# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അരൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2021-2022




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP/P.11/73/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 25/01/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അരൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അരൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അരൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP/P.11/73/2023 തീയ്യതി: 25/01/2023

## ആലപ്പുഴ ജില്ലയിലെ അരൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ അരൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-12-2021 മുതൽ 31-10-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 19-11-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജീവ്.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 09-11-2022 | 21-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 09-11-2022 | 21-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സുരേഷ് എസ്, ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)

ശ്രീ. സി.സി.ജ്യോതിമോൻ, ഓഡിറ്റ് ഓഫീസർ

ശ്രീമതി.എ.ഡി.ബീന, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി.രഞ്ജു പ്രകാശ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി.ലേഖ.പി.കെ, ഓഡിറ്റർ

ശ്രീ.സിജി ജോൺ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അഡ്വ. രാഖി ആന്റണി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.പി.വി.മണിയപ്പൻ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. അനീ പി വർഗ്ഗീസ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.വിൻസ്റ്റൺ ഡിസൂസ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 10-07-2021 |
| ശ്രീ.സി. ശ്യാംകുമാർ | അസിസ്റ്റന്റ് സെക്രട്ടറി | 12-07-2021 | 31-03-2022 |
| ഡോ.സ്വാതി പ്രകാശ് | വെറ്ററിനറി സർജ്ജൻ | 01-04-2021 | 13-08-2021 |
| | | 31-08-2021 | 08-10-2021 |
| | | 20-10-2021 | 31-03-2022 |
| ഡോ.ബിന്ദു മാത്യൂ | വെറ്ററിനറി സർജ്ജൻ | 13-08-2021 | 30-08-2021 |
| ഡോ.രാജേഷ് എസ്. ജയൻ | വെറ്ററിനറി സർജ്ജൻ | 09-10-2021 | 20-10-2021 |
| ശ്രീമതി.ധന്യ കെ.എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ഡോ.ദിവ്യ .എ.വി | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2021 | 17-11-2021 |
| ഡോ.സരിജ ജോയ് | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 17-11-2021 | 18-12-2021 |
| ഡോ.ജിജിമോൾ.ആർ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 18-12-2021 | 31-03-2022 |
| ശ്രീ.അലിയാർ.പി.എം | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, ചന്തിരൂർ | 01-04-2021 | 11-10-2021 |
| ശ്രീ.അനീഷ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ അരൂർ | 12-10-2021 | 04-11-2021 |

| | | | |
|---|---|---|---|
| | സർക്കിൾ ഇൻ ചാർജ്ജ് | | |
| ശ്രീമതി. ബിൻസി അഗസ്റ്റിൻ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, ചന്തിരൂർ | 05-11-2021 | 31-03-2022 |
| ശ്രീ.അനീഷ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ അരൂർ സർക്കിൾ | 01-04-2021 | 18-11-2021 |
| ശ്രീ. ഉണ്ണിക്കുട്ടൻ പി.എ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ അരൂർ സർക്കിൾ | 19-11-2021 | 31-03-2022 |
| ശ്രീമതി.സഫീറ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, അരൂർ സെൻട്രൽ | 01-04-2021 | 02-09-2021 |
| ശ്രീ.അനീഷ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ അരൂർ സർക്കിൾ ഇൻ ചാർജ്ജ് | 03-09-2021 | 06-01-2022 |
| ബേബി ജോസഫ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, അരൂർ സെൻട്രൽ | 07-01-2022 | 31-03-2022 |
| ശ്രീമതി.സിന്ധു | ഹെഡ്മിസ്ട്രസ്, ഫിഷറീസ്.എൽ.പി.എസ് | 01-04-2021 | 31-03-2022 |
| ശ്രീമതി.ആഷ.ബി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 05-07-2021 |
| ശ്രീ.മനേഷ്.എം.എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 06-07-2021 | 31-03-2022 |
| ശ്രീമതി. ആഷ ആന്റണി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക - പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം (എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | രസീത് പരിശോധന – അപാകതകൾ | 1-10 |
| 12 | വസ്തുനികുതി നിർണ്ണയം - വഴി സൗകര്യത്തിന് ആനുപാതികമായ വർദ്ധനവ് നൽകുന്നില്ല | 1-11 |
| 13 | വസ്തു നികുതി നിർണ്ണയത്തിലെ അപാകത | 1-12 |
| 14 | പെർമിറ്റ് ഫീസ് കുറഞ്ഞ നിരക്കിൽ ഈടാക്കി | 1-13 |
| 15 | തൊഴിൽ നികുതി അപാകതകൾ | 1-14 |
| 16 | ഡി & ഒ ലൈസൻസ് പരിശോധന - അപാകതകൾ | 1-15 |
| 17 | ഡി & ഒ ലൈസൻസിനുള്ള അപേക്ഷകരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് | 1-16 |
| 18 | മോട്ടോർ റണ്ണിംഗ് ഫീ കുറവായി ഈടാക്കുന്നു | 1-17 |
| 19 | ആംബുലൻസ് സർവ്വീസ് - പ്രവർത്തനത്തിൽ ഗുരുതരമായ ക്രമക്കേടുകൾ | 1-18 |
| 20 | അരൂർ കെൽട്രോൺ ഫെറി - കുമ്പളങ്ങി ഫെറി - ലേല നടപടികൾ സുതാര്യമല്ല | 1-19 |
| 21 | വാടകയിനത്തിൽ വൻ തുക കുടിശ്ശിക നിലനിൽക്കുന്നു | 1-20 |
| 22 | വിവിധ ലൈസൻസ് അപേക്ഷകളിൽ ഒരേ പൊലൂഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിരിക്കുന്നു | 1-21 |
| 23 | സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസ് എടുത്ത വിവരം ലഭ്യമല്ല | 1-22 |
| 24 | ഡി & ഒ ലൈസൻസ് - ലൈസൻസ് ഫീ കുറവായി ഈടാക്കിയിരിക്കുന്നു | 1-23 |
| 25 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടുന്നത് സംബന്ധിച്ച് | 1-24 |
| 26 | മുദ്രപ്പത്ര വില ഈടാക്കിയതിൽ കുറവ് | 1-25 |

| | | |
|---|---|---|
| 27 | ആംബുലൻസിന്റെ പ്രവർത്തനം - വരവിനത്തിൽ ഗണ്യമായ കുറവും- ചെലവിൽ ക്രമാതീതമായ വർദ്ധനവും | 1-26 |
| 28 | പാർട്ട് ടൈം കണ്ടിജന്റ് തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം -വേതനമിനത്തിൽ തുക അധികം നല്കി | 1-27 |
| 29 | ടേക്ക് എ ബ്രേക്ക് പദ്ധതി - പ്രവർത്തിക്കുന്നില്ല | 1-28 |
| 30 | ക്ഷേമപെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്യാത്തതിനാൽ സർക്കാരിന് നഷ്ടം | 1-29 |
| 31 | എർത്ത് വർക്ക് എക്സ്കവേഷന് ഉയർന്ന നിരക്കിൽ GST അനുവദിച്ചു. നഷ്ടം രൂപ | 1-30 |
| 32 | ആവശ്യമില്ലാത്ത ഇനം ഉൾപ്പെടുത്തിയത് അധികച്ചെലവിനിടയാക്കി | 1-31 |
| 33 | സബ്സിഡി മാർഗ്ഗനിർദ്ദേശം പാലിക്കാതെ തുക നൽകി | 1-32 |
| 34 | സർക്കാർ അംഗീകൃതമല്ലാത്ത തസ്തികയിൽ ആളെ നിയമിച്ച് ശമ്പളം കൊടുക്കുന്നു | 1-33 |
| 35 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ- അപാകതകൾ | 1-34 |
| 36 | വാഹന വാടക ഇനത്തിൽ ആവശ്യപ്പെട്ടതിലും അധികം തുക നല്കി | 1-35 |
| 37 | വിവിധ പരിപാടികൾക്ക് ഫോട്ടോ എടുത്ത് മാധ്യമങ്ങളിൽ നല്കിയതിന് തനത് ഫണ്ടിൽ നിന്നും തുക നല്കി | 1-36 |
| 38 | അനുപൂരക പോഷകാഹാര പദ്ധതി- നീതി സ്റ്റോറിൽ നിന്ന് സാധനങ്ങൾ വാങ്ങിച്ചത് | 1-37 |
| 39 | ആദായ നികുതി, ജി.എസ്.ടി.സോഴ്സ് ഡിഡക്ഷൻ നടത്തിയിട്ടില്ല | 1- 38 |
| 40 | എം.ജി.എൻ.ആർ.ഇ.ജി.എസ് - ഇന്റർലോക്കിംഗ് ടൈലിന് മാർക്കറ്റ് നിരക്കിനേക്കാൾ കൂടിയ നിരക്കിൽ തുക അനുവദിക്കുന്നു | 1-39 |
| 41 | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി എന്നിവർ നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല | 1-40 |
| 42 | മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല | 1-41 |
| 43 | ലൈഫ് -മുൻകൂർ തുക കൈപ്പറ്റി നാളിതുവരെ പ്രവൃത്തി ആരംഭിച്ചില്ല | 1-42 |
| 44 | 17-ാം വാർഡിലെ 31-ാം നമ്പർ അങ്കണവാടി പൂർത്തീകരണവും അനുബന്ധപ്രവൃത്തികളും - അധികം നൽകിയത് - 17,788/- | 1-43 |
| 45 | പഞ്ചായത്തിൽ ഒഴിവ് വരുന്ന തസ്തികകളിലേയ്ക്ക് ദിവസവേതനാടിസ്ഥാനത്തിൽ ആളെ നിയമിച്ച് വരുന്നു | 1-44 |
| 46 | അഡ്വക്കേറ്റിന് ടാക്സി ചാർജ്ജ് - തുക ഓഡിറ്റിൽ നിരാകരിക്കുന്നു | 1-45 |
| ഭാഗം **2** | | |
| 1 | തൊഴിൽ നികുതി അർദ്ധവർഷ വരുമാനത്തിനനുസൃതമായി ഈടാക്കിയില്ല | 2-1 |

| | | |
|---|---|---|
| 2 | ആബുലൻസ് വാടകയിലുണ്ടായ നഷ്ടം 41,500/- രൂപ | 2-2 |
| ഭാഗം **3** | | |
| 1 | ആംബുലൻസ് വാടകയിനത്തിൽ അധികം തുക നല്കി | 3-1 |
| 2 | എർത്ത് വർക്ക് എക്സ്കവേഷന് ഉയർന്ന നിരക്കിൽ GST അനുവദിച്ചു. നഷ്ടം രൂപ | 3- 2 |
| 3 | 17-ാം വാർഡിലെ 31-ാം നമ്പർ അങ്കണവാടി പൂർത്തീകരണവും അനുബന്ധപ്രവൃത്തികളും - അധികം നൽകിയത് - 17,788/- | 3-3 |
| 4 | ആവശ്യമില്ലാത്ത ഇനം ഉൾപ്പെടുത്തിയത് അധികച്ചെലവിനിടയാക്കി | 3-4 |
| 5 | പാർട്ട് ടൈം കണ്ടിജന്റ് തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം - വേതനമിനത്തിൽ തുക അധികം നല്കി | 3-5 |
| 6 | അഡ്വക്കേറ്റിന് ടാക്സി ചാർജ്ജിനത്തിൽ നല്കിയ തുക ഓഡിറ്റിൽ നിരാകരിക്കുന്നു | 3-6 |
| 7 | ക്ഷേമപെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്യാത്തതിനാൽ സർക്കാരിന് നഷ്ടം | 3-7 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

19.02.2021ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം പ്രതീക്ഷിച്ച വരവുചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബഡ്ജറ്റ് പ്രകാരം | 45,13,14,250 | 45,33,58,853 |
| വാർഷിക കണക്ക് പ്രകാരം | 28,37,14,440 | 27,70,27,494 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 02.07.2022 | ഇല്ല | ഇല്ല |

### 1-2-1 വാർഷിക ധനകാര്യ പത്രിക - പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

വിവിധ വരവിനങ്ങളുടെ ഡി.സി.ബി വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല. വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്റർ കൃത്യമാക്കി ധനകാര്യപത്രികയുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

വാർഷിക ധനകാര്യ പത്രിക റെസീപ്റ്റ് & പേയ്മെന്റ് ഷെഡ്യൂൾ 7 പ്രകാരം ബെനഫിഷ്യറി കോൺട്രിബ്യൂഷൻ (-)206825/- എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

കൂടാതെ തനത് ഫണ്ട് സൂക്ഷിക്കുന്നതിന് 3 ബാങ്ക് അക്കൗണ്ടുകളും ഒരു ട്രഷറി അക്കൗണ്ടും സൂക്ഷിച്ചുവരുന്നതായി കാണുന്നു. 26.5.2011ലെ സർക്കുലർ നമ്പർ 58725/FM3/2008 തസ്വഭവ പ്രകാരം തനത് ഫണ്ട് സൂക്ഷിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ അഭികാമ്യമല്ലയെന്നും തനത് വരുമാനം ട്രഷറി അക്കൗണ്ടിന് പുറമേ ഒരു ദേശസാത്കൃത/സഹകരണ ബാങ്ക് അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കേണ്ടതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ഇ-പേയ്മെന്റിനായി പ്രത്യേക അക്കൗണ്ട് സൂക്ഷിക്കാവുന്നതാണ്.

ബെനഫിഷ്യറി കോൺട്രിബ്യൂഷൻ നെഗറ്റീവ് സംഖ്യയായി രേഖപ്പെടുത്തിയത് സംബന്ധിച്ചും മറ്റ് അപാകതകൾ സംബന്ധിച്ചും നൽകിയ എൻക്വയറിക്ക് (26.19.11.18) ലഭ്യമാക്കിയ മറുപടിയിൽ മേൽ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,90,93,816.81 |
| വരവ് | 18,72,82,383 |
| ആകെ | 20,63,76,199.81 |
| ചെലവ് | 17,28,28,908 |
| നീക്കിയിരിപ്പ് | 3,35,47,291.81 |
| വരവിനങ്ങളിലും നഷ്ടം | 49,989 |
| ചെലവിനങ്ങളിലെ നഷ്ടം | 3,15,966 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 9,32,588 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് (എ.സി. ആർ പ്രകാരം) | ആകെ | ഉറവിടത്തിൽ കുറവ് ചെയ്തത് | ചെലവ് (എ.സി. ആർ പ്രകാരം) | നീക്കി ബാക്കി |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 2,26,18,126 | 2,26,18,126 | 30,56,039 | 1,79,19,961 | 16,42,126 (ലാപ്സായി) |
| വികസന ഫണ്ട് (എസ്.സി.പി.) | 0 | 1,20,15,400 | 1,20,15,400 | 1,78,095 | 1,06,95,905 | 11,41,400 (ലാപ്സായി) |
| വികസന ഫണ്ട് (റ്റി.എസ്.പി) | 0 | 1,65,000 | 1,65,000 | 00 | 1,65,000 | 00 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 1,71,21,849 | 1,71,21,849 | 00 | 1,15,68,630 | 55,53,219 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 1,14,81,542 | 1,14,81,542 | 00 | 1,07,10,942 | 7,70,600 |
| ധനകാര്യ കമ്മീഷൻ അവാർഡ് (ടൈഡ് & അൺടൈഡ്) | 0 | 1,83,64,969 | 1,83,64,969 | 00 | 1,38,73,024 | 29,99,142 (Bank) 14,92,803 (ലാപ്സായി) |

ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം (എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം)

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 271 | 26,24,33,761 | 230 | 10,35,94,361 | 00 | 41 | 84.87 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 6,79,217.5 | 12,63,939 | 19,43,156.5 | 19,26,628 | 16,527.5 |
| ഉണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 00 | 5,23,66,688 | 5,23,66,688 | 5,23,66,688 | 00 |
| ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ | 00 | 65,90,684 | 65,90,684 | 65,90,684 | 00 |

| | | | | | |
|---|---|---|---|---|---|
| ആകെ | 6,79,217.5 | 6,02,21,310 | 6,09,00,527.5 | 6,08,84,000 | 16,527.5 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 57,600 | 37 |
| കർഷകതൊഴിലാളി പെൻഷൻ | 33,56,200 | 239 |
| വിധവാപെൻഷൻ | 2,29,82,900 | 1600 |
| വാർദ്ധക്യകാലപെൻഷൻ | 5,62,59,500 | 4424 |
| വികലാംഗപെൻഷൻ | 65,77,200 | 454 |
| അവിവാഹിത പെൻഷൻ | 12,92,800 | 87 |
| വിധവകളുടെ പെൺ മക്കളുടെ വിവാഹ ധനസഹായം | 1,20,000 | 4 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.11.2022 തീയതിയിൽ 03:25P.M സമയത്ത് ജൂനിയർ സൂപ്രണ്ടിന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 25,363/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

1. രസീത് ബുക്കുകൾ കൈകാര്യം ചെയ്യുന്നതിലെ വീഴ്ചകൾ- ക്യാൻസൽ ചെയ്യപ്പെടുന്ന രസീതുകൾ ക്ഷമതയുള്ള ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തുന്നില്ല.
2. പെർമിറ്റ് ഫീസ് കുറഞ്ഞ നിരക്കിൽ ഈടാക്കുന്നു.
3. വിവിധ വരവിനങ്ങളുടെ ഡി.സി.ബി വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.
4. ഡി ആന്റ് ഒ ലൈസൻസ് എടുത്തിട്ടുള്ള സ്ഥാപനങ്ങളിൽ എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.
5. തൊഴിലുറപ്പ് പദ്ധതി പ്രകാരം മെറ്റീരിയൽ സപ്ലൈ ചെയ്യുന്ന കരാറുകാരിൽ നിന്നും ജി.എസ്.റ്റി ഉറവിടത്തിൽ കുറവ് ചെയ്യുന്നില്ല.
6. ആംബുലൻസ് വാടക കൃത്യമായി ഗ്രാമ പഞ്ചായത്തിൽ ഒടുക്ക് വരുത്തുന്നില്ല.
7. ആംബുലൻസ് വാടക സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് കൈക്കൊള്ളുന്ന തീരുമാനങ്ങൾ യഥാസമയം നടപ്പിലാക്കപ്പെടുന്നില്ല.

മേൽ സൂചിപ്പിച്ച വിധമുള്ള അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-10 രസീത് പരിശോധന – അപാകതകൾ

രസീത് പരിശോധന, പണം അടവാക്കൽ- പിൻവലിക്കൽ എന്നിവയുടെ പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ കാണപ്പെട്ടു.

1. പഞ്ചായത്തിൽ നിന്നും കെട്ടിടനികുതി പിരിച്ചവയിൽ ക്യാൻസൽ ചെയ്ത രസീതുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

ഉദാ:-ബുക്ക് നം.20045/രസീത് നം.32 ഉം,68ഉം,ബുക്ക് നം. 20038/രസീത് നം.32,ബുക്ക് നം. 20050/24, 50.

2. ഫിഷറീസ് ഓഫീസിൽ ആകെ ഉപയോഗിച്ചിരിക്കുന്ന 16 രസീതുകളിലും (ബുക്ക് നം. 20044) ഡബിൾസൈഡ് കാർബൺ ഉപയോഗിച്ചിട്ടില്ല.

3. കൃഷിഭവനിൽ ഉപയോഗിച്ച രസീതു ബുക്കുകളിലെ ക്യാൻസൽ ചെയ്യുന്ന രസീതുകൾ കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തുന്നില്ല.

ഉദാ:-ബുക്ക് നം.20036/രസീത് നം.24, 20042/41, 44, 99.

ക്യാൻസൽ ചെയ്യുന്ന രസീതുകൾ ബന്ധപ്പെട്ട ക്ഷമതയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതും പകർപ്പ് അസ്സലിനൊപ്പം സൂക്ഷിക്കേണ്ടതുമാണ്.

അപാകതകൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 വസ്തുനികുതി നിർണ്ണയം - വഴി സൗകര്യത്തിന് ആനുപാതികമായ വർദ്ധനവ് നൽകുന്നില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും ചട്ടങ്ങളിലെ ചട്ടം 6 ലെ പട്ടിക 1 പ്രകാരം അടിസ്ഥാന വസ്തുനികുതിയിൽ അനുവദനീയമായ ഇളവുകളും വർദ്ധനവുകളും നൽകിയാണ് വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടത്. പഞ്ചായത്തിന്റെ നികുതി നിർണ്ണയ ഫയലുകളിലെ സൈറ്റ് പ്ലാനിലെ വിവരങ്ങളിൽ നിന്നും വ്യത്യസ്ഥമായി നികുതി നിർണ്ണയിച്ചിരിക്കുന്നവയുടെ വിവരം താഴെ കൊടുക്കുന്നു ഇവയിൽ കംപ്ലീഷൻ പ്ലാനിൽ റോഡിന്റെ വീതി 5 മീറ്ററിൽ കൂടുതൽ കാണിച്ചിട്ടുണ്ടെങ്കിലും വഴിസൌകര്യത്തിനുള്ള 20% വർദ്ധനവ് ഇല്ലാതെയാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്.

| ക്രമ നം. | പേര്/ വിലാസം | വിസ്തീർണ്ണം, ഉപയോഗ ക്രമം | നിർണ്ണയിച്ച നികുതി | നിർണ്ണയിക്കേണ്ട നികുതി | കുറവ് |
|---|---|---|---|---|---|
| 1 | അക്ബർ പുതുവെളി 9/244C | 123.24 ച.മീ വാണിജ്യാവശ്യം. | 123.24 @70 = 8626.8<br>ഇളവുകൾ<br>മേൽക്കൂര ഇളവ്- 10%=862.68<br>ആകെ നികുതി- 7765/- | 123.24@70 = 8626.8<br>മേൽക്കൂര ഇളവ് 10%<br>= 862.68<br>വർദ്ധനവ്<br>5 മീറ്ററിൽ കൂടുതൽ വഴി സൌകര്യം -20% =1725.36<br>ആകെ നികുതി- 9490/- | 1725/- |
| 2 | ഡയറക്ടർ, കൊച്ചിൻ, ഫ്രോസൺ ഫുഡ് 4/441B | 873.61ച.മീ<br>മെക്രോ, സ്മാൾ &മീഡിയം എന്റർപ്രൈസസ്. | 873.61@25 =21840.25<br>ഇളവുകൾ<br>ദ്വിതീയം മേഖല- 10%=2184<br>ആകെ നികുതി=19657 | 873.61@25 =21840.25<br>ദ്വിതീയ മേഖല ഇളവ്- 10%= 2184<br>വർദ്ധനവ്<br>5 മീറ്ററിൽ കൂടുതൽ വഴി സൌകര്യം -20%=4368<br>ആകെ നികുതി = 24025 | 4368 |
| 3 | ഡയറക്ടർ, കൊച്ചിൻ, ഫ്രോസൺ ഫുഡ് 4/441c | 137.88ച.മീ<br>മെക്രോ, സ്മാൾ &മീഡിയം എന്റർപ്രൈസസ്. | 137.88@25<br>=3447<br>ഇളവുകൾ<br>ദ്വിതീയ മേഖല-10%, മേൽക്കൂര ഇളവ് 10% | 137.88@25<br>=3447<br>ഇളവുകൾ<br>ദ്വിതീയ മേഖല-10%, മേൽക്കൂര ഇളവ് 10% | 0 |

| | | | | | |
|---|---|---|---|---|---|
| | | | ആകെ ഇളവ്<br>20%=689.4<br>ആകെ<br>നികുതി -2758 | ആകെ<br>ഇളവ് 20%<br>=689.4<br>വഴിസൌകര്യം<br>20% വർദ്ധനവ്<br>=689.4<br>ആകെ<br>നികുതി=3447 | |
| 4 | പോൾ<br>പുത്തൻപുരയ്ക്കൽ<br>19/323E | 57.79ച.മീ<br>വാണിജ്യാവശ്യം. | 57.79@70=<br>4045.3<br>ആകെ<br>നികുതി=4046 | 57.79@70=<br>4045.3<br>5 മീറ്ററിൽ<br>കൂടുതൽ<br>വഴി<br>സൌകര്യം<br>-20%=809.06<br>ആകെ<br>നികുതി=4855 | 809 |
| | പോൾ<br>പുത്തൻപുരയ്ക്കൽ<br>19/323D | 20.73ച.മീ<br>വാണിജ്യാവശ്യം. | 20.73@70=<br>1451.1<br>ആകെ<br>നികുതി=1452 | 20.73@70<br>=1451.1<br>വർദ്ധനവ്<br>5 മീറ്ററിൽ<br>കൂടുതൽ<br>വഴി സൌകര്യം<br>-20%<br>=291<br>ആകെ<br>നികുതി=1742 | 290 |
| 6 | പോൾ<br>പുത്തൻപുരയ്ക്കൽ<br>19/323F | 84.92ച.മീ<br>വാണിജ്യാവശ്യം. | 84.92@70=<br>5944.4<br>1-ാം നില<br>ഇളവ് - 5%<br>297.22<br>ആകെ<br>നികുതി=5648 | 84.92@70=<br>5944.4<br>1-ാം നില<br>ഇളവ് - 5%<br>297.22<br>5 മീറ്ററിൽ<br>കൂടുതൽ<br>വഴി സൌകര്യം<br>വർദ്ധനവ്-20%<br>=1188.88<br>ആകെ<br>നികുതി=6837 | 1189 |
| ആകെ | | | | | 8381/- |

കെട്ടിട നികുതി നിർണ്ണയത്തിലെ കുറവ് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (28/19.11.22) നൽകിയതിന് മറുപടിയായി നികുതി നിർണ്ണയത്തിലെ കുറവ് പരിശോധിച്ച് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നികുതി പുനർ നിർണ്ണയിച്ച് ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-12 വസ്തു നികുതി നിർണ്ണയത്തിലെ അപാകത

2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും ചട്ടങ്ങളിലെ ചട്ടം 6 ലെ പട്ടിക 1 പ്രകാരം അടിസ്ഥാന വസ്തുനികുതിയിൽ അനുവദനീയമായ ഇളവുകളും വർദ്ധനവുകളും നൽകിയാണ് വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടത്.

ഗ്രാമപഞ്ചായത്ത് ഓഫീസിന് സമീപം ബിനു വി.പിള്ള എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 17/66A, 17/66B, 17/66C (ആകെ വിസ്തീർണ്ണം 377.83M2) എന്നിങ്ങനെ കെട്ടിട നമ്പർ നല്കിയിട്ടുള്ള വാസഗൃഹത്തിന് വഴിസൗകര്യത്തിനുള്ള 20% വർദ്ധനവ് നൽകാതെയാണ് നികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടുള്ളത് കംപ്ലീഷൻ പ്ലാനിൽ 4.5 മീറ്റർ വീതിയുള്ള റോഡിൽ നിന്നുമാണ് വഴിസൌകര്യം കാണിച്ചിട്ടുള്ളത്. എന്നാൽ പ്രാദേശിക പരിശോധനയിൽ ടി കെട്ടിടത്തിന് നാഷണൽ ഹൈവേയിൽ നിന്നും നേരിട്ട് വഴി സൗകര്യമുള്ളതായി ബോധ്യപ്പെട്ടു. ആയതിനാൽ ടി കെട്ടിടത്തിന്റെ നികുതിയിൽ 20% വർദ്ധനവ് വരുത്തി പുനർനിർണ്ണയിച്ച് ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-13 പെർമിറ്റ് ഫീസ് കുറഞ്ഞ നിരക്കിൽ ഈടാക്കി

2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും ചട്ടങ്ങളുടെ 2019 ലെ ഭേദഗതി പ്രകാരം 150m2 നു മുകളിലുള്ള വാസഗൃഹങ്ങളുടെ പെർമിറ്റ് ഫീസ് 7 /-രൂപയായി നിശ്ചയിച്ചിട്ടുണ്ട്. താഴെ കൊടുത്തിരിക്കുന്ന വ്യക്തിയിൽ നിന്നും നിശ്ചിത നിരക്കിൽ പെർമിറ്റ് ഫീസ് ഈടാക്കായിട്ടില്ല.

| ക്രമ നം. | പേര്/വിലാസം | പെർമിറ്റ് നമ്പർ /തീയതി | വിസ്തീർണ്ണം | ഈടാക്കേണ്ട ഫീസ് | ഈടാക്കിയ ഫീസ് | കുറവ് |
|---|---|---|---|---|---|---|
| 1 | അഷ്റഫ് ടി.എം., തൈക്കൂട്ടത്തിൽ | 7428/21 28.6.2021 | 166.26m2 | 1164/- | 569/- (1211040 101928/ 13.8.21) | 595/ |

നിശ്ചിത നിരക്കിൽ ഫീസ് ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(32/19.11.22) നൽകിയതിനു മറുപടിയായി പെർമിറ്റ് ഫീസിനത്തിൽ കുറവുവന്ന തുക ഈടാക്കുന്നതിനായി നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-14 തൊഴിൽ നികുതി അപാകതകൾ

2021-22 വർഷത്തെ തൊഴിൽനികുതി ഒടുക്കുന്നതിനായി സ്ഥാപനത്തലവൻ സമർപ്പിച്ച അർദ്ധവാർഷിക വരുമാന പത്രികകൾ, ഡിമാന്റ് രജിസ്റ്റർ, ട്രേഡേഴ്സ് ലിസ്റ്റ് എന്നിവ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. എം എം റ്റി വി, മുത്തൂറ്റ് ഫിൻ കോർപ്പ് എന്നീ സ്ഥാപനങ്ങളിൽ നിന്നും സമർപ്പിച്ച പത്രികയിൽ ജീവനക്കാരുടെ അർദ്ധവർഷ വരുമാനം രേഖപ്പെടുത്താതെയാണ് നികുതി ഈടാക്കിയിട്ടുള്ളത്. ആയതിനാൽ ജീവനക്കാരിൽ നിന്നും പരമാവധി നിരക്കായ 1,250/- രൂപയിൽ താഴെ തുക ഈടാക്കിയതിന്റെ കൃത്യത പരിശോധിയ്ക്കാൻ സാധിച്ചിട്ടില്ല.

2. അർദ്ധവർഷ പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്ന വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കിയില്ല. വിശദവിവരം പട്ടികയിൽ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനം /അർദ്ധവർഷം | ജീവനക്കാരന്റെ പേര്, തസ്തിക | പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്ന അർദ്ധ വർഷ വരുമാനം | ഈടാക്കേണ്ട തൊഴിൽ നികുതി | ഈടാക്കിയ തുക | കുറവ് |
|---|---|---|---|---|---|---|
| 1 | മംഗള മറൈൻ എക്സിം ഇന്ത്യ/2 (പ്രൈ) ലിമി., അരൂർ | പ്രജിത്ത് പി., ഡ്രൈവർ | 75,372 | 750 | 600 | 150 |
| | | ഗോപകുമാർ പി.ബി., ക്ലാർക്ക് | 1,19,706 | 1000 | 750 | 250 |
| | | രത്നമ്മ, ഫീമെയിൽ വർക്കർ | 45,480 | 450 | 300 | 150 |
| | | ഓമന, ഫീമെയിൽ വർക്കർ | 45,290 | 450 | 300 | 150 |

| | | | | | |
|---|---|---|---|---|---|
| | ബീന മാർട്ടിൻ, ഫീമെയിൽ വർക്കർ | 45,483 | 450 | 300 | 150 |
| | ഗീത പുരുഷോത്തമൻ, ഫീമെയിൽ വർക്കർ | 45,483 | 450 | 300 | 150 |
| | ലതി, ഫീമെയിൽ വർക്കർ | 45,483 | 450 | 300 | 150 |
| | ഷൈല, ഫീമെയിൽ വർക്കർ | 45,483 | 450 | 300 | 150 |
| | പ്രസന്ന, ഫീമെയിൽ വർക്കർ | 45,483 | 450 | 300 | 150 |
| | സിന്ധു, ഫീമെയിൽ വർക്കർ | 45,483 | 450 | 300 | 150 |
| | മായ സി.വി., ഫീമെയിൽ വർക്കർ | 45,483 | 450 | 300 | 150 |
| | ഗ്രേസി, ഫീമെയിൽ വർക്കർ | 45,483 | 450 | 300 | 150 |
| | ഷൈലജ, ഫീമെയിൽ വർക്കർ | 45,483 | 450 | 300 | 150 |
| | ഗീത സജീവൻ, ഫീമെയിൽ വർക്കർ | 45,483 | 450 | 300 | 150 |
| | ഓമന പി.പി., ഫീമെയിൽ വർക്കർ | 45,483 | 450 | 300 | 150 |
| | നിഷമോൾ ആർ., ഫീമെയിൽ വർക്കർ | 45,483 | 450 | 300 | 150 |
| | ശ്രീകല, ഫീമെയിൽ വർക്കർ | 45,483 | 450 | 300 | 150 |
| | ആഷ കെ., ഫീമെയിൽ വർക്കർ | 45,483 | 450 | 300 | 150 |
| | അമ്പിക ദേവി, ഫീമെയിൽ വർക്കർ | 48,589 | 450 | 300 | 150 |

| | | | | | | |
|---|---|---|---|---|---|---|
| | | ഷീബ, ഫീമെയിൽ വർക്കർ | 48,574 | 450 | 300 | 150 |
| | | ബീന മോൾ, ഫീമെയിൽ വർക്കർ | 49,989 | 450 | 300 | 150 |
| | | ബാലചന്ദ്രൻ, മെയിൽ വർക്കർ | 79,116 | 750 | 450 | 300 |
| 2 | മംഗള സീ ഫുഡ്സ് / 2 | രമ്യ നായർ, സൂപ്പർവൈസർ | 10,365 | 1000 | 750 | 250 |
| | | രജനി, പ്രോസസിംഗ് വർക്കർ | 63,767 | 600 | 450 | 150 |
| | | പുഷ്പ ആർ., പ്രോസസിംഗ് വർക്കർ | 68,464 | 600 | 450 | 150 |
| | | ഹാജിറ, പ്രോസസിംഗ് വർക്കർ | 76,843 | 750 | 600 | 150 |
| | | സുരേഷ്കുമാർ മഹത, പ്രോസസിംഗ് വർക്കർ | 61,463 | 600 | 225 | 375 |
| | | ബിശ്വനാഥ്, പ്രോസസിംഗ് വർക്കർ | 75,868 | 750 | 300 | 450 |
| | | മിലഗ്രാസ് നായ്ക്ക്, പ്രോസസിംഗ് വർക്കർ | 72,980 | 600 | 300 | 300 |
| | | വിശ്വജിത്ത് കുമാർ ശർമ്മ, പ്രോസസിംഗ് വർക്കർ | 75,481 | 750 | 600 | 150 |
| 3 | ഡ്യൂറോ കാർട്ടൂമ്സ്/2 | ഷീബ, വർക്കർ | 75,240 | 750 | 600 | 150 |
| | | രമ്യ, അക്കൌണ്ടന്റ് | 75,240 | 750 | 600 | 150 |
| 4 | കോളുതറ എക്സ്പോർട്സ് ലിമി./1 | റീത്ത അഗസ്റ്റീൻ | 75,600 | 750 | 600 | 150 |
| 5 | ജിയോ അക്വാട്ടിക് പ്രോഡക്ട്സ്/1 | സനോജ് | 84,000 | 750 | 600 | 150 |
| 6 | അമാൽഗം ഫ്രോസൺ ഫുഡ്സ്/1 | അജീഷ് ചന്ദ്രൻ, ഓഫീസ് അഡ്മിനിസ്ട്രേഷൻ | 90,000 | 750 | 600 | 150 |
| | | സുധീഷ് ഓ.സി., ഇലക്ട്രീഷ്യൻ | 54,876 | 450 | 360 | 90 |
| | | വിനീഷ് വി.ജി., | 52,050 | 450 | 360 | 90 |

| | | | | | | |
|---|---|---|---|---|---|---|
| | | മെഷീൻ ഓപ്പറേറ്റർ | | | | |
| 7 | കൃഷി ഭവൻ/2 | ഇന്ദിര മുകുന്ദൻ | 11,484 | 1000 | 750 | 250 |
| 8 | ക്ലാസിക് പെയിന്റ്സ് /2 | അനിൽ കുമാർ ആർ., സീനിയർ സൂപ്പർവൈസർ | 1,30,668 | 1250 | 1000 | 250 |
| | | ഹേമന്ത് കുമാർ, സ്കിൽഡ് ലേബർ | 78,610 | 750 | 600 | 150 |
| 9. | യൂണിറ്റി മാൻ പവർ സൊല്യൂഷൻസ് പ്രൈവറ്റ് ലിമി./2 | സക്കറിയ എൻ.കെ. | 78,492 | 750 | 600 | 150 |
| 10 | പ്ലെയിൻകാസ്റ്റ് മീഡിയ സർവീസ് ലിമി. /2 | ഷബീർ എം.ബി. | 88,346 | 750 | 416 | 334 |
| 11 | പ്രാഗാ മറൈൻ പ്രൈവറ്റ് ലിമി./2 | രാജഗോപാൽ, എഫ് ആർ പി വർക്കർ | 93,600 | 750 | 600 | 150 |
| 12 | അപരാജിത /2 | വിജേഷ് വി., ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 77,220 | 750 | 600 | 150 |
| | | ശില്പ ഗിരീഷ്, " | 93,000 | 750 | 600 | 150 |
| | | മേരി ദീപ്തി കെ. എം.," | 74,352 | 600 | 450 | 150 |
| 13 | മുക്കത്ത് എന്റർപ്രൈസസ്/2 | ബിപുൽ | 86,000 | 750 | 600 | 150 |
| | | ലോറൻസ് കെ. ജെ. | 77,000 | 750 | 600 | 150 |
| | ആകെ | | | | | 8489 |

2. ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ, ഒന്നാം / രണ്ടാം അർദ്ധവർഷം തൊഴിൽ നികുതി ഒടുക്കിയ താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ 2 അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതി പൂർണ്ണമായും ഒടുക്കിയിട്ടില്ല.

| സ്ഥാപനം | റിമാർക്സ് |
|---|---|
| ഗവ. ഫിഷറീസ് എൽ.പി.എസ്., അത്തൂർ | രണ്ടാം അർദ്ധവർഷം നികുതി ഒടുക്കിയിട്ടില്ല. ഒന്നാം അർദ്ധവർഷം 5,150/- രൂപ ഒടുക്കിയിട്ടുണ്ട്. |
| കൃഷി ഭവൻ, അത്തൂർ | ഒന്നാം അർദ്ധവർഷം തു ക അടച്ചിട്ടില്ല. രണ്ടാം അർദ്ധവർഷം 3,250/- രൂപ ഒടുക്കിയിട്ടുണ്ട്. |
| മംഗള സീ ഫുഡ്സ് | രണ്ട് അർദ്ധവർഷങ്ങളിലും തുക അടച്ചിട്ടില്ല. |
| ഹൈ ടെക് കോട്ടിംഗ്, അത്തൂർ | |
| അത്തൂർ സൂപ്പർ മാർക്കറ്റ് | |
| SIMFRA പ്രോസൺ ഫുഡ്സ് പ്രൈവറ്റ് ലിമി. | |
| കൊശമറ്റം ഫിനാൻസ് ലിമി. | രണ്ടാം അർദ്ധവർഷം തുക അടച്ചിട്ടില്ല. |

| | |
|---|---|
| ഡോൾഫിൻ വയേഴ്സ് പ്രൈ ലിമി. | ഒന്നാം അർദ്ധവർഷം തുക അടച്ചിട്ടില്ല. രണ്ടാം അർദ്ധവർഷം 2,940/- രൂപ ഒടുക്കിയിട്ടുണ്ട്. |
| എം എൻ ആർ ഇ ജി എസ് സ്റ്റാഫ് | രണ്ടാം അർദ്ധവർഷം തുക അടച്ചിട്ടില്ല. ഒന്നാം അർദ്ധവർഷം 3,300/- രൂപ ഒടുക്കിയിട്ടുണ്ട്. |
| ഫെയർ എക്സ്പോർട്സ് ഇന്ത്യ പ്രൈവറ്റ് ലിമി. | ഒന്നാം അർദ്ധവർഷം തുക അടച്ചിട്ടില്ല. രണ്ടാം അർദ്ധവർഷം 18,230/- രൂപ ഒടുക്കിയിട്ടുണ്ട്. |
| അരൂർ റസിഡൻസി | ഒന്നാം അർദ്ധവർഷം തുക അടച്ചിട്ടില്ല. രണ്ടാം അർദ്ധവർഷം 3,000/- രൂപ ഒടുക്കിയിട്ടുണ്ട്. |
| മത്സ്യഭവൻ | രണ്ടാം അർദ്ധവർഷം തുക അടച്ചിട്ടില്ല. ഒന്നാം അർദ്ധവർഷം 1,250/- രൂപ ഒടുക്കിയിട്ടുണ്ട്. |
| കെ എം ഫിഷറീസ് | രണ്ടാം അർദ്ധവർഷം തുക അടച്ചിട്ടില്ല. ഒന്നാം അർദ്ധവർഷം 1,020/- രൂപ ഒടുക്കിയിട്ടുണ്ട്. |
| ചെറുകാട് ഇൻഡസ്ട്രീസ് | ഒന്നാം അർദ്ധവർഷം തു ക അടച്ചിട്ടില്ല. രണ്ടാം അർദ്ധവർഷം 13,500/- രൂപ ഒടുക്കിയിട്ടുണ്ട്. |
| ഡിലൈറ്റ് ഫുഡ്സ് | രണ്ടാം അർദ്ധവർഷം തുക അടച്ചിട്ടില്ല. ഒന്നാം അർദ്ധവർഷം 3,800/- രൂപ ഒടുക്കിയിട്ടുണ്ട്. |
| I I F L സമസ്ത ഫിനാൻസ് ലിമി. | ഒന്നാം അർദ്ധവർഷം തുക അടച്ചിട്ടില്ല. രണ്ടാം അർദ്ധവർഷം 5,600/- രൂപ ഒടുക്കിയിട്ടുണ്ട്. |
| മുക്കത്ത് ട്രേഡേഴ്സ്, അരൂർ | ഒന്നാം അർദ്ധവർഷം തുക അടച്ചിട്ടില്ല. രണ്ടാം അർദ്ധവർഷം 6,800/- രൂപ ഒടുക്കിയിട്ടുണ്ട്. |
| ഇന്റർനാഷണൽ ഫ്രീസ് ഫ്രഷ് എക്സ്പോർട്സ് | ഒന്നാം അർദ്ധവർഷം തുക അടച്ചിട്ടില്ല. രണ്ടാം അർദ്ധവർഷം 2,100/- രൂപ ഒടുക്കിയിട്ടുണ്ട്. |
| സിന്ധു ഗായത്രി കിച്ചൻ എക്യുമെന്റ്സ് പ്രൈവറ്റ് ലിമി. | ഒന്നാം അർദ്ധവർഷം തുക അടച്ചിട്ടില്ല. രണ്ടാം അർദ്ധവർഷം 17,500/- രൂപ ഒടുക്കിയിട്ടുണ്ട്. |
| സെന്റ് അഗസ്റ്റിൻ എൽ.പി.എസ്, അരൂർ | ഒന്നാം അർദ്ധവർഷം തുക അടച്ചിട്ടില്ല. രണ്ടാം അർദ്ധവർഷം 13,750/- രൂപ ഒടുക്കിയിട്ടുണ്ട്. |
| യു ഐ റ്റി, അരൂർ | ഒന്നാം അർദ്ധവർഷം തുക അടച്ചിട്ടില്ല. രണ്ടാം അർദ്ധവർഷം 5,000/- രൂപ ഒടുക്കിയിട്ടുണ്ട്. |
| അക്വാ ജിനോ എക്സിം | ഒന്നാം അർദ്ധവർഷം തുക അടച്ചിട്ടില്ല. രണ്ടാം അർദ്ധവർഷം 1,620/- രൂപ ഒടുക്കിയിട്ടുണ്ട്. |

ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം |
|---|---|
| 01 | ഈസ്റ്റേൺ കെമിക്കൽസ് |
| 02 | മനാറ മറൈൻ |
| 03 | കടവിൽ പെരിയാർ ഇൻഡസ്ട്രീസ് |
| 04 | സ്റ്റാർ ഐസ് |
| 05 | സ്റ്റാർച്ച് ആന്റ് ഡെറിവേറ്റീവ്സ് |
| 06 | കൊച്ചിൻ ഓയിൽ മിൽ ഇൻഡസ്ട്രീസ് |
| 07 | മൂൺ ഫിഷറീസ് |

ടി വിവരങ്ങൾ ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.34/21.11.2022) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ, നികുതി ഈടാക്കിയതിൽ കുറവ് വന്ന തുകയായ 8,489/-രൂപ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം, ടി തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്. മറ്റ് പരാമർശങ്ങൾ പ്രകാരമുള്ള തുകകൾ ഈടാക്കി രസീതിന്റെ പകർപ്പ് സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 ഡി & ഒ ലൈസൻസ് പരിശോധന - അപാകതകൾ

അരൂർ ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ഡി & ഒ. ലൈസൻസ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

(1) 1996ലെ കേരള പഞ്ചായത്ത് രാജ് ലൈസൻസ് ചട്ടങ്ങൾക്ക് 31.10.2017 ൽ വരുത്തിയ ഭേദഗതി പ്രകാരം (ജി.ഒ.(പി) നം. 80/2017/ എൽ.എസ്.ജി.ഡി., തീ.31.10.2017) പട്ടിക II ൽ ഈടാക്കാവുന്ന വാർഷിക ലൈസൻസ് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ വിവിധ സ്ലാബുകളിലായി തിരിച്ച് മിനിമം സ്ലാബിലെ ഈടാക്കാവുന്ന പരമാവധി ലൈസൻസ് ഫീ 500/- രൂപയായി നിശ്ചയിച്ചിരുന്നു. ആയത് പ്രകാരം പഞ്ചായത്ത് 500/- രൂപ ഈടാക്കുന്നതിനെതിരെ വ്യാപാരി വ്യവസായി ഏകോപന സമിതി- അരൂർ, വ്യാപാരി വ്യവസായി ഏകോപന സമിതി-ചന്തിരൂർ, മറ്റു രണ്ടുവ്യക്തികൾ എന്നിവർ ചേർന്ന് കേരള ഹൈക്കോടതിയിൽ WP(C) No. 7150/2018-ാം നമ്പർ കേസ് ഫയൽ ചെയ്തിരുന്നു. കേസ് നല്കിയിരിക്കുന്നതിന്റെ അടിസ്ഥാനത്തിലും നിലവിലുള്ള സർക്കാർ ഗസറ്റ് വിജ്ഞാപനം സർക്കാർ ഉത്തരവ് ആകാത്ത സാഹചര്യത്തിലും പഞ്ചായത്ത് കമ്മിറ്റി 05.03.2018 ൽ ഫയൽ നം.4, തീരുമാനം നം.7/1 പ്രകാരം, സർക്കാർ ഉത്തരവിന് വിധേയമായി ലൈസൻസ് ഫീസ് വർദ്ധനവ് ഉണ്ടാകുന്ന പക്ഷം ഒടുക്കാമെന്നുള്ള സത്യവാങ്മൂലം ലൈസൻസികളിൽ നിന്നും ലഭ്യമാക്കി വിവിധ സ്ലാബുകൾ നിശ്ചയിച്ച് ഏറ്റവും കുറഞ്ഞ ലൈസൻസ് ഫീസായി 100/-രൂപ നിശ്ചയിച്ചു. എന്നാൽ മേൽ കേസിലെ 3, 4 കക്ഷികളായ ശ്രീ.ജോസഫ് എം.എ., ഗ്രേസ് കളക്ഷൻ, മണവാളൻ ഹൗസ്, എരമല്ലൂർ, ശ്രീ.അബ്ദുൾ കരീം, എരമത്ത്, ചന്തിരൂർ എന്നിവരിൽ നിന്നും 100/- രൂപ വാങ്ങി ലൈസൻസ് പുതുക്കി നല്കാനാണ് 27.3.2018 ൽ വിധിച്ചിട്ടുള്ളത്. കേസിലെ ഒന്നും രണ്ടും കക്ഷികളായ വ്യാപാരി വ്യവസായി ഏകോപന സമിതി, ചന്തിരൂർ യൂണിറ്റ്, വ്യാപാരി വ്യവസായി ഏകോപന സമിതി, അരൂർ യൂണിറ്റ് എന്നിവരെ വർദ്ധിപ്പിച്ച ഡി & ഒ. ലൈസൻസ് നല്കുന്നതിൽ നിന്നും ഒഴിവാക്കിയില്ല.

25.6.2019 ൽ പരാതിക്കാർ സ്വമേധയാ കേസ് പിൻവലിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രത്യേക ഉത്തരവുകളൊന്നും കൂടാതെ കോടതി കേസ് ഡിസ്മിസ് ചെയ്യുകയാണുണ്ടായിട്ടുള്ളത്. ആയതിനാൽ അതിനുശേഷം കേരള പഞ്ചായത്ത് രാജ് ലൈസൻസ് ചട്ടങ്ങൾക്ക് 31.10.2017 ൽ വരുത്തിയ ഭേദഗതി പ്രകാരമുള്ള ഫീസാണ് ഈടാക്കേണ്ടിയിരുന്നത്. എന്നാൽ സർക്കാർ വിജ്ഞാപനത്തിനനുസൃതമല്ലാതെയും ലൈസൻസികളിൽ നിന്നും സത്യവാങ്മൂലം ലഭ്യമാക്കാതെയും വലുതും ചെറുതുമായ പല സ്ഥാപനങ്ങളിൽ നിന്നും 100/- രൂപ മാത്രമാണ് ലൈസൻസ് ഫീയായി ഈടാക്കിയിട്ടുള്ളത്. ഇത് പഞ്ചായത്തിന് വരുമാനനഷ്ടത്തിന് കാരണമാകുന്നു എന്നത് മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു.

എന്നാൽ 2021-22 സാമ്പത്തിക വർഷവും ആലപ്പുഴ ജില്ലയിലെ മിക്ക ഗ്രാമപഞ്ചായത്തുകളും 'സി-ക്ലാസ് ' കടകൾ ഒഴികെ മറ്റെല്ലാ സ്ഥാപനങ്ങളിൽനിന്നും 500/- രൂപ ലൈസൻസ് ഫീസ് ഈടാക്കുന്നുണ്ട്. എന്നാൽ ഏറ്റവും അധികം കച്ചവടം നടക്കുന്ന വ്യാപാര വ്യവസായങ്ങൾ ഉള്ള അരൂർ ഗ്രാമപഞ്ചായത്തുമാത്രം ശരിയായ മൂലധന നിക്ഷേപം പരിശോധിക്കാതെ അപേക്ഷയിൽ കാണിച്ചിട്ടുള്ള മൂലധന നിക്ഷേപം മാത്രം പരിഗണിച്ച് 05.03.2018 ൽ തീരുമാനിച്ച സ്ലാബ് പ്രകാരമുള്ള 100/200 രൂപ മാത്രമാണ് ചെറുതും വലുതുമായ മിക്ക സ്ഥാപനങ്ങളിൽ നിന്നും ഡി.& ഒ. ലൈസൻസ് ഫീസായി ഈടാക്കി വരുന്നത്. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ലൈസൻസ് നം. | സ്ഥാപനം | ഈടാക്കിയ തുക | കെട്ടിട നം. | റിമാർക്ക്സ് |
|---|---|---|---|---|
| സി.4-5925/21-22-1204 | ജിൽബി സാനിട്ടറി | 100/- | 5/15D | അപേക്ഷ പ്രകാരം മൂലധന നിക്ഷേപം |

| | | | | |
|---|---|---|---|---|
| | | | | 2,00,000/- മാത്രം |
| സി.4-13382/21-22-1134 | ജേബി പേപ്പേഴ്സ് & പോളിപാക്ക് ഇൻഡസ്ട്രീസ് | 200/- | 1/304D | ഹാജരാക്കിയിരിക്കുന്ന കരാർ പ്രകാരം 250 ചതുരശ്ര മീറ്റർ വിസ്തീർണ്ണം. മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല. |
| സി.4-8750/21-22-1050 | സേവനാസ് മെഡിക്കൽസ് | 200/- | 5/235H | മൂലധന നിക്ഷേപം 14 ലക്ഷം രൂപ. |
| സി.4-6159/21-22-1055 | ശ്രീ ശബരി ട്രേഡേഴ്സ് | 100/- | 19/186A | 400 ചതുരശ്ര മീറ്റർ വിസ്തീർണ്ണം |

2) ഡി. & ഒ. അപേക്ഷകളിന്മേൽ നടത്തിയ അന്വേഷണറിപ്പോർട്ടുകൾ ഒന്നുംതന്നെ അപേക്ഷയിന്മേൽ രേഖപ്പെടുത്തുകയോ ഫയലിൽ ചേർക്കുകയോ ചെയ്തിട്ടില്ല.

3) വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റിൽ എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തുന്നില്ല. പഞ്ചായത്തിൽ നിന്നും 1030 പേർ ഡി. & ഒ. ലൈസൻസ് എടുത്തിട്ടുണ്ടെങ്കിലും ഹാജരാക്കിയ വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റിൽ ആകെ 890 സ്ഥാപനങ്ങൾ മാത്രമേയുള്ളൂ.

അപേക്ഷകൾ ലഭ്യമാക്കി ബന്ധപ്പെട്ട ഫീസുകളും അടച്ചതിനുശേഷം നിരവധി മാസങ്ങൾ കഴിഞ്ഞാണ് മിക്ക ലൈസൻസുകളും ഇഷ്യൂ ചെയ്യുന്നത്. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ലൈസൻസ് നം. | അപേക്ഷാ തീയതി | പണം അടവാക്കിയ തീയതി | ലൈസൻസ് ഇഷ്യൂ ചെയ്ത തീയതി |
|---|---|---|---|
| C.4-2124/21-22-1 | 3.2.21 | 3.2.21 | 21.6.21 |
| C.4-2920/21-22-5 | 17.2.21 | 18.2.21 | 11.7.21 |
| C.4-2481/21-22-6 | 03.02.21 | 10.02.21 | 28.6.21 |
| C.4-1821/21-22-25 | 28.1.21 | 29.1.21 | 21.6.21 |

4) പഞ്ചായത്തിൽ പ്രവർത്തിക്കുന്ന നിരവധി സ്ഥാപനങ്ങൾ ഡി. & ഒ. ലൈസൻസ് എടുക്കാത്തതായി മനസ്സിലാക്കുന്നു. പഞ്ചായത്തിലെ മാംസക്കച്ചവട സ്ഥാപനങ്ങൾ, കോഴിക്കടകൾ, ബ്യൂട്ടി പാർലറുകൾ, 1965ലെ കേരള പ്ലേസസ് ഓഫ് പബ്ലിക് റിസോർട്ട് ചട്ടങ്ങൾ പ്രകാരം ജിംനേഷ്യം, പണം വാങ്ങി പ്രവേശനം നല്കുന്ന കായിക വിനോദങ്ങൾ നടത്തുന്ന 50ച.മീറ്ററിൽ കൂടുതലുള്ള സ്വകാര്യ സ്ഥലങ്ങൾ, തുടങ്ങിയവയിൽ ലൈസൻസ് നേടിയിട്ടുള്ളതായി കാണുന്നില്ല.

മറ്റു പ്രധാന സ്ഥാപനങ്ങൾ താഴെ ചേർക്കുന്നു.

എ) റേഷൻ കടകൾ

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന അക്ഷയ സെന്ററുകൾ, റേഷൻ കടകൾ തുടങ്ങിയ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നതായി കാണുന്നില്ല. നിലവിലെ ചട്ട പ്രകാരം റേഷൻ ചില്ലറ വ്യാപാരികൾ ലൈസൻസ് ഫീസും തൊഴിൽ നികുതിയും അടവാക്കേണ്ടതാണെന്ന പഞ്ചായത്ത് ഡയറക്ടറുടെയും നഗരകാര്യ ഡയറക്ടറുടെയും കത്തിന്റെ അടിസ്ഥാനത്തിൽ, സിവിൽ സപ്ലൈസ് കമ്മീഷണർ 22.1.19 ലെ നമ്പർ (സി.എസ്.) എ.9-764/2019 കത്ത് പ്രകാരം റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ അടവാക്കുന്നതിൽനിന്നും ഒഴിവാക്കാൻ കഴിയില്ല എന്ന് എല്ലാ ജില്ലാ സപ്ലൈ ഓഫീസർമാരെയും അറിയിച്ചിട്ടുള്ളതാണ്. ആയതിനാൽ റേഷൻ കടകൾ ലൈസൻസ് നേടിയും തൊഴിൽനികുതി അടവാക്കിയുമാണ് പ്രവർത്തിക്കേണ്ടത്. എന്നാൽ അരൂർ ഗ്രാമപഞ്ചായത്തിൽ റേഷൻകടകൾ ലൈസൻസ് എടുത്തിട്ടുള്ളതായോ തൊഴിൽനികുതി അടവാക്കിയതായോ കാണുന്നില്ല.

ബി) പെട്രോൾ പമ്പുകൾ

കേരള സംസ്ഥാന പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ പി.സി.ബി./എ.എൽ.പി./റ്റി.ജി.-500/21/01.02.21 പ്രകാരം പഞ്ചായത്ത് അധികാരപരിധിയിൽ പ്രവർത്തിക്കുന്ന പെട്രോൾ പമ്പുകൾ ബോർഡിന്റെ സാധുതയുള്ള അനുമതിപത്രം കരസ്ഥമാക്കിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണെന്നും ഇല്ലാത്തവയ്ക്ക് ലൈസൻസ് പുതുക്കിനല്കുവാൻ പാടുള്ളതല്ല എന്നും ഇല്ലാത്തവയുടെ വിവരങ്ങൾ അറിയിക്കേണ്ടതാണെന്നും എല്ലാ പഞ്ചായത്ത് സെക്രട്ടറിമാരെയും അറിയിച്ചിട്ടുണ്ട്.

പെട്രോൾ പമ്പുകൾ പ്രവർത്തിക്കുന്നതിന് ഇന്ത്യാ ഗവണ്മെന്റിന്റെ കീഴിലുള്ള പെട്രോളിയം ആന്റ് എക്സ്പ്ലോസീവ് സേഫ്റ്റി ഓർഗനൈസേഷൻ നല്കുന്ന എസ്ക്പ്ലോസീവ് ലൈസൻസ്, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നല്കുന്ന പൊല്യൂഷൻ സർട്ടിഫിക്കറ്റ്, സംസ്ഥാന ഫയർ & റെസ്ക്യൂ ലൈസൻസ്, തദ്ദേശ സ്ഥാപനങ്ങൾ നല്കുന്ന ഡി. & ഒ. ലൈസൻസ് എന്നിവ ആവശ്യമാണ്. ഇത്തരത്തിൽ രേഖകളില്ലാതെ പ്രവർത്തിക്കുന്ന പമ്പുകളിൽ അപകടമുണ്ടായാൽ ഇൻഷുറൻസ് പരിരക്ഷ ലഭ്യമാകില്ല എന്നും ഇത്തരം ലൈസൻസുകൾ നേടാതെ പമ്പുകൾ പ്രവർത്തിക്കുന്നതുമൂലം സർക്കാരിന്/തദ്ദേശ സ്ഥാപനങ്ങൾക്ക് ഭീമമായ വരുമാന നഷ്ടം ഉണ്ടാകുന്നുണ്ടെന്നും സൂചിപ്പിക്കുന്ന 06.09.2020ലെ ആഭ്യന്തര (രഹസ്യ വിഭാഗം-എ) വകുപ്പിന്റെ ഹോം-എസ്.എസ്.4/155/2020-ഹോം നമ്പർ കുറിപ്പ് ലഭ്യമായിട്ടുമുണ്ട്.

സി) അക്ഷയ സെന്ററുകൾ

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന രണ്ട് അക്ഷയ സെന്ററുകൾ മാത്രമാണ് ഡി. & ഒ. ലൈസൻസ് എടുത്തിട്ടുള്ളത്. ദൈനംദിനം പഞ്ചായത്തുമായി ഇടപാടുകൾ നടത്തുന്ന എല്ലാ അക്ഷയസെന്ററുകളും ഡി. & ഒ. ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ഡി) മാവേലി സ്റ്റോർ

ഇ) അബ്കാരി ഷാപ്പുകൾ

എഫ്) കൺസ്യൂമർ സ്റ്റോർ

ജി) ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ

(5) നിരവധി വൻകിട, ചെറുകിട ഫാക്ടറികൾ പ്രവർത്തിക്കുന്ന അത്തൂർ ഇൻഡസ്ട്രിയൽ ഏരിയയിലെയും മറ്റു സ്ഥലങ്ങളിലെയും ഒട്ടുമിക്ക സ്ഥാപനങ്ങളും ഡി & ഒ. ലൈസൻസ് നേടുന്നതിന് ആവശ്യമായ നിരാക്ഷേപ പത്രങ്ങൾ അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടില്ല. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന, മുമ്പ് വിവിധ വ്യവസായ സ്ഥാപനങ്ങളിൽ അപകടങ്ങൾ ഉണ്ടായിട്ടുള്ളതും അമോണിയ പോലുള്ള കെമിക്കലുകൾ ഉപയോഗിക്കുന്നതും റെഡ്, ഓറഞ്ച് വിഭാഗത്തിൽപ്പെടുന്ന നിരവധി വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതുമായ അത്തൂർ ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന സർട്ടിഫിക്കറ്റുകൾ ഹാജരാക്കാത്ത സ്ഥാപനങ്ങൾക്ക് ലൈസൻസ് നല്കുന്ന പഞ്ചായത്തിന്റെ നടപടി തീർത്തും ഒഴിവാക്കേണ്ടതാണെന്നും കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ വകുപ്പ് 233(4) എ-സി. എന്നിവയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധവുമാണെന്നും മുൻവർഷ റിപ്പോർട്ടുകളിൽ പരാമർശിച്ചിരുന്നെങ്കിലും തൻവർഷവും അപേക്ഷയോടൊപ്പം നിരാക്ഷേപപത്രങ്ങൾ ലഭ്യമാക്കിയിട്ടുള്ളതായി കാണുന്നില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ലൈസൻസ് നം. | സ്ഥാപനം | റിമാർക്സ് |
|---|---|---|
| സി.4-2997/21-22-24 | മെ.സീഫുഡ് പാർക്ക്(ഇന്ത്യ) ലി. അത്തൂർ | 76330വാട്സ് വൈദ്യുതി ഉപയോഗിക്കുന്ന ഈ സ്ഥാപനത്തിന്റെ അപേക്ഷയോടൊപ്പം ഫാക്ടറീസ് & ബോയ്‌ലേഴ്സ് വകുപ്പിന്റെ ലൈസൻസ് ചേർത്തിട്ടില്ല. |
| സി.4-2987/21-22-42 | ലി-ലി. ഐസ് പ്ലാന്റ്, ചന്തിരൂർ | സ്ഥാപനത്തിന്റെ അപേക്ഷയോടൊപ്പം ഫാക്ടറീസ് & ബോയ്‌ലേഴ്സ് വകുപ്പിന്റെ ലൈസൻസ് ചേർത്തിട്ടില്ല. |
| സി.4-2559/21-22-44 | 'പോബ്സ്' ഗ്രാനൈറ്റ് പ്രോഡക്ട്സ് (പ്രൈ.)ലി. | 2 ഹെക്ടറിനുമേൽ വസ്തു പാട്ടത്തിനെടുത്ത് മണൽ വില്പന നടത്തുന്ന സ്ഥാപനത്തിന്റെ അപേക്ഷയോടൊപ്പം പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ ലൈസൻസ് ചേർത്തിട്ടില്ല. മൈനിംഗ് & ജിയോളജി വകുപ്പ് സർട്ടിഫിക്കറ്റ് 02.02.2022 വരെ മാത്രം (നം.101/20-21/MM/GBS /DOA/196/2021/3.2.21) |

6). ഹാജരാക്കിയിരിക്കുന്ന പല നിരാക്ഷേപ പത്രങ്ങളും സാമ്പത്തികവർഷം മുഴുവനിലേയ്ക്കുമില്ല. പലതും 2021 കലണ്ടർ വർഷം അവസാനിക്കുന്നവയാണ്. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| അപേക്ഷകൻ | ലൈസൻസ് നം. | അപാകതകൾ |
|---|---|---|
| പെൻവർ പ്രോഡക്ട്സ് ലി. | 437 | ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ് സാക്ഷ്യപത്ര കാലാവധി 31.12.21 വരെ മാത്രം |
| ക്യൂഫ്രോസ് ട്രേഡേഴ്സ് (പ്രൈ.)ലി. | 528 | |

പഞ്ചായത്ത് ഡയറക്ടറുടെ 13.3.19 ലെ പി.എ.എൻ.3053/2019-സി.4 (ഡി.പി.) നമ്പർ കത്ത് പ്രകാരം ക്ലിയറൻസ് കാലാവധി വരെ മാത്രമേ ലൈസൻസ് അനുവദിക്കാവൂ.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.3/15.11.22) ന് ലഭ്യമാക്കിയ മറുപടിയിൽ ലൈസൻസ് എടുക്കുന്നതിന്റെ ഭാഗമായി 01.11.22, 02.11.2022 തീയതികളിലായി അദാലത്ത് സംഘടിപ്പിച്ച് എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നതിനുവേണ്ട നടപടി സ്വീകരിച്ചുവരുന്നതായും 10.11.12 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 2(1) നമ്പർ തീരുമാനപ്രകാരം കുറഞ്ഞ ലൈസൻസ് ഫീ 500/- രൂപയായി നിശ്ചയിച്ച് ഈടാക്കിത്തുടങ്ങിയിട്ടുണ്ടെന്നും, 01.04.2022 മുതൽ നിലവിൽവന്ന ILGMS വഴി ഫ്രണ്ട് ഓഫീസിൽ ലഭ്യമാകുന്ന എല്ലാ അപേക്ഷകളിലും നമ്പരിട്ട് അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിന്റെയും സെക്രട്ടറിയുടെ നിർദ്ദേശത്തിന്റെയും

അടിസ്ഥാനത്തിലുമാണ് ലൈസൻസ് നല്കുന്നതെന്നും, അറിയിച്ചു. ജീവനക്കാർക്ക് കോവിഡ് ആയതിനാലും 50% ജീവനക്കാർ മാത്രം ജോലിക്ക് ഹാജരായതിനാലാണ് ലൈസൻസ് ഇഷ്യൂ ചെയ്യുന്നതിന് കാലതാമസമുണ്ടായതെന്നാണ് മറുപടി ലഭ്യമാക്കിയത്. ക്രമ നം.6 ലെ പരാമർശങ്ങൾ മേലിൽ ഉണ്ടാകാതെ ശ്രദ്ധിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

മേൽ മറുപടികളിൽ ലൈസൻസ് സംബന്ധമായ തീരുമാനങ്ങൾ സ്വീകരിച്ചിട്ടുള്ളത് 2022-23 സാമ്പത്തികവർഷം മാത്രമാണ്. മുൻ വർഷ ഓഡിറ്റ് റിപ്പോർട്ട് ലഭ്യമായ ശേഷവും തൻമാസംവരെ അപാകതകൾ പരിഹരിക്കാതിരുന്നതുമൂലം പഞ്ചായത്തിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്നതിനും അപാകതകൾ തുടരുന്നതിനും ഇടയായി. അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

ക്രമ നം. 5 ലെ പരാമർശങ്ങൾക്കുള്ള മറുപടിയിൽ ബഹു. കേരള ഹൈക്കോടതിയുടെ 01.07.2022 ലെ WP(C) No. 3603/2016 ലെ വിധിയുടെ അടിസ്ഥാനത്തിൽ ഇൻഡസ്ട്രിയൽ ഏരിയയിലുള്ള സ്ഥാപനങ്ങളുടെ വസ്തുനികുതി, ലൈസൻസ് എന്നിവ ഒഴിവാക്കിയിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കി. എന്നാൽ മേൽ വിധി ഇൻഡസ്ട്രിയൽ ഏരിയയിലുള്ള സ്ഥാപനങ്ങളുടെ വസ്തു നികുതി സംബന്ധിച്ചുള്ളതാണ്. മേൽ വിധി പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-16 ഡി & ഒ ലൈസൻസിനുള്ള അപേക്ഷകരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച്

ഡി & ഒ. ലൈസൻസിനുള്ള അപേക്ഷകൾ പരിശോധിച്ചതിൽ പല അപേക്ഷകരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതായി കാണുന്നു. തൊഴിൽ നികുതി ഈടാക്കാത്ത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4/15.11.22 ) ലഭ്യമാക്കിയ മറുപടിയിൽ 6 വ്യക്തികൾ തുക അടച്ചതിന്റ വിവരങ്ങൾ മാത്രമാണ് ലഭ്യമാക്കിയത്. താഴെ പട്ടികയിൽ സൂചിപ്പിക്കുന്നവരുടെ തൊഴിൽ നികുതി കുടിശ്ശിക പലിശസഹിതം ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

| | ലൈസൻസ് രജിസ്റ്റർ ക്രമ നം. | അപേക്ഷകൻ | രസീത് നം. |
|---|---|---|---|
| 1 | 296 | പി.കെ.രാജു, മെ.ആർബീ അക്വാറ്റിക് പ്രോട്ടീൻസ് പ്രൈ.ലി. | 120040500250/22.2.21 |
| 2 | 615 | പി.ദിനേഷ്, എം.ഡി., കൊച്ചിൻ ഫ്രോസൺ ഫുഡ് എക്സ്പോർട്സ് | 120040108071/20.3.21 |
| | 782 | നിഹാസ് മുസ്തഫ, പ്രീമിയർ മറൈൻ ഫുഡ്സ് | 120040500359/20.3.21 |
| 3 | 790 | അനസ് എം.എസ്., യൂണീക് | 120040106293/24.2.21 |
| 4 | 859 | പങ്കജ് പാട്ടം, ആക്സിലറേറ്റഡ് ഫ്രീസ് ഡ്രൈയിംഗ് കമ്പനി | 120040106606/27.2.21 |
| 5 | 911 | തോംസൺ എ.എക്സ്. | 120040106625/27.2.21 |
| 6 | 969 | സിയാദ് കാപ്പൻ, ഡിലൈറ്റ് ഏജൻസീസ് | 120040105320/12.2.21 |
| 7 | 1001 | പി.വി.മാത്യു, മെഡ്വെഞ്ചർ | 12004050028/21.6.21 |
| 8 | 1003 | വർക്കി തരകൻ, ബ്ലൂംകെയർ | 12004010100857/21.6.21 |

## 1-17 മോട്ടോർ റണ്ണിംഗ് ഫീ കുറവായി ഈടാക്കുന്നു

യന്ത്രശക്തി ഉപയോഗിക്കുന്ന ഡി & ഒ. ലൈസൻസ് അപേക്ഷകരിൽ നിന്നും മോട്ടോർ റണ്ണിംഗ് ഫീ ഈടാക്കാത്തതായോ കുറവ് ഈടാക്കിയതായോ കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| അപേക്ഷകൻ/സ്ഥാപനം | ലൈസൻസ് നം. | ഉപയോഗിക്കുന്ന എച്ച്.പി. | തുക ഈടാക്കേണ്ടത് | തുക ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|
| എസ്.വി.ജെ.എന്റർപ്രൈസസ്, ഫ്ലോർ മിൽ | 8 | 10.5 | 100 | -- | 100 |
| ഡ്യൂറോ കാർട്ടൺസ് | 27 | 17.5 | 200 | -- | 200 |
| സാറാ എന്റർപ്രൈസസ് (അപേക്ഷ പ്രകാരം 100KW = | 34 | 134 | 2000 | 1000 | 1000 |

| | | | | | |
|---|---|---|---|---|---|
| 134 HP) | | | | | |
| അക്വാ ജിനോ എക്സിം (ഫാക്ടറീസ് & ബോയിലേഴ്സ് (F&B) രജിസ്ട്രേഷൻ നം. APY/01/216/1993 പ്രകാരം 211.29 KW = 282 HP) | 39 | 282 | 2820 | 2000 | 820 |
| സാറാ എന്റർപ്രൈസസ് (F&B Reg.No. APY/01/627/15 പ്രകാരം 84.38 KW = 113 HP) | 193 | 113 | 2000 | 1000 | 1000 |
| ക്ലാസിക് പെയിന്റ്സ് | 226 | 165 | 2000 | 1000 | 1000 |
| വരുണ പെയിന്റ്സ് പ്രൈ.ലി. | 297 | 114 | 2000 | 1000 | 1000 |
| കെ.കെ.എക്സ്പോർട്സ് (F&B Reg.No. D05/APY /01/5142/2008 പ്രകാരം 38 KW = 50 HP) | 309 | 50 | 500 | 250 | 250 |
| പ്രീമിയർ എക്സ്പോർട്സ് ഇന്റർനാഷണൽ | 378 | 115 | 2000 | 1250 | 750 |
| പെൻവർ പ്രോഡക്ട്സ് ലി. - യൂണിറ്റ് -2 (F&B Reg.No. D05/APY/01/769/2020 പ്രകാരം 379.76 KW = 509 HP) | 437 | 509 | 5090 | 2000 | 3090 |
| ഹൈ സീസ് എക്സിം (F&B Reg.No. D05/APY /01/237/1994 പ്രകാരം 279.76 KW = 375 HP) | 567 | 375 | 3750 | 1000 | 2750 |
| മോർ അക്വാട്ടിക് പ്രോഡക്ട്സ് | 573 | 40 | 400 | 200 | 200 |
| ശ്രീരാഗം മെറ്റൽ സിസ്റ്റംസ് | 620 | 20 | 200 | -- | 200 |
| ഫസീല എന്റർപ്രൈസസ്- മറൈൻ ഡിവിഷൻ (PCB/ALP /UO-467/07 പ്രകാരം 70 KW = 93 HP) | 761 | 93 | 1000 | -- | 1000 |
| ഫസീല എന്റർപ്രൈസസ് - കോൾഡ് സ്റ്റോർ | 762 | 13 | 200 | -- | 200 |
| ആക്സിലറേറ്റഡ് ഫ്രീസ് ഡ്രൈയിംഗ് കമ്പനി ലി. | 859 | 44 | 500 | -- | 500 |
| തനിമ കറി പൗഡർ | 888 | 10 | 100 | -- | 100 |
| ഫ്രണ്ട്ലൈൻ എക്സ്പോർട്സ് പ്രൈ.ലി. (PCB/ALP/UO-3446 /18/9.11.18 പ്രകാരം ഉപയോഗിക്കുന്നത് 1376.5 HP) | 940 | 1376.5 | 13770 | -- | 13770 |
| മൂൺ ഫിഷറി (ഇന്ത്യ)പ്രൈ. ലി. (അപേക്ഷ പ്രകാരം 682 HP) | 993 | 682 | 6820 | 910 | 5910 |
| എൽ.റ്റി. മറൈൻ പ്രോഡക്ട്സ് (അപേക്ഷ പ്രകാരം 400 HP) | 994 | 400 | 4000 | -- | 4000 |
| ചെറുകാട്ട് ഇൻഡസ്ട്രീസ് (അപേക്ഷ പ്രകാരം 90 HP) | 1030 | 90 | 1000 | -- | 1000 |

| | | | | | |
|---|---|---|---|---|---|
| ആകെ കുറവ് | | | | | 38840 |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5/15.11.22) ലഭ്യമാക്കിയ മറുപടിയിൽ പരാമർശത്തിൽ പറയുന്ന സ്ഥാപനങ്ങൾക്ക് നോട്ടീസ് നല്കിയതായും മറുപടി ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കുറവായി ഈടാക്കിയ 38,840/- രൂപ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-18 ആംബുലൻസ് സർവ്വീസ് - പ്രവർത്തനത്തിൽ ഗുരുതരമായ ക്രമക്കേടുകൾ

അത്രൂർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആംബുലൻസിന്റെ വാടകയിനത്തിലെ വരവുകളുടെ പരിശോധനയിൽ നിരവധി ഗുരുതരമായ അപാകതകൾ കാണുകയുണ്ടായി.

1. പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉണ്ടായിരുന്ന പഴയ ആംബുലൻസിന്റെ വാടക പിരിവിന് ഉപയോഗിച്ചിരുന്ന രസീത് ബുക്ക് ഹാജരാക്കുവാൻ പലപ്രാവശ്യം നേരിട്ട് ആവശ്യപ്പെട്ടെങ്കിലും ആംബുലൻസ് ഡ്രൈവറോ ബന്ധപ്പെട്ട സെക്ഷനോ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. 2021-22 സാമ്പത്തികവർഷം പഴയ ആംബുലൻസിൽ നിന്നും ലഭിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

നിലവിലുള്ള KL32 S 5023 നമ്പർ ആംബുലൻസിന്റെ രസീത് പരിശോധനയിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

2. 31.3.22 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ അജണ്ട - 1, തീരുമാനം നം.22 പ്രകാരം പുതിയതായി വാങ്ങിയ ആംബുലൻസിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്. ആയതനുസരിച്ച് ഓട്ടത്തിന് കൃത്യമായ രസീത് നല്കേണ്ടതാണ്. മിനിമം നിരക്ക് 15 കിലോമീറ്ററിന് 300/- രൂപയും അതിനുശേഷം ഓരോ കിലോമീറ്ററിനും 15/- രൂപയുമാണ്. എന്നാൽ മേൽ വാഹനം ഓടുന്നതിന് നിലവിൽ 40 കിലോമീറ്റർവരെ മിനിമം നിരക്കായി 650/- രൂപയാണ് ഈടാക്കുന്നത്.

3. രസീതുകളിൽ വാടകയിനത്തിൽ തുക ഈടാക്കിയതിൽ 25/- രൂപ വീതം കുറവ് കാണുന്നു. (മിനിമം 15 കി.മി. - 300/- അധികമുള്ള ഓരോ കി.മീ.നും 15/- രൂപ നിരക്കിന്റെ അടിസ്ഥാനത്തിൽ)

4. താഴെപ്പറയുന്ന ഓട്ടങ്ങളുടെ തുകയ്ക്ക് രസീത് എഴുതാത്തതായി കാണുന്നു.

| ഓട്ടം നം./തീയതി | ദൂരം(കി.മീ.) | ഈടാക്കേണ്ട തുക | ഈടാക്കിയത് | കുറവ് |
|---|---|---|---|---|
| 94/21.6.22 | 61 | 990 | 0 | 990 |
| 113/11.7.22 | 28 | 495 | 0 | 495 |
| 142/28.8.22 | 612 | 9255 | 0 | 9255 |
| 196/25.10.22 | 26 | 465 | 0 | 465 |
| 158/24.9.22 | 40 | 675 | 40 | 635 |
| 194/23.10.22 | 23 | 420 | 0 | 420 |
| | ആകെ കുറവ് | | | 12260/- |

5. താഴെപ്പറയുന്ന ഓട്ടങ്ങൾ 'ഫ്രീ' ആണെന്ന് ലോഗ്ബുക്കിൽ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും തുക ഈടാക്കിയതായി രസീത് എഴുതിയിട്ടുണ്ട്. രസീത് നം.561 പ്രകാരം പിരിച്ച തുക രസീത് നം.1220101863/ 4.7.22 പ്രകാരം പഞ്ചായത്തിൽ അടവാക്കിയിട്ടുമുണ്ട്.

| ഓട്ടം നം./തീ. | ദൂരം | രസീത് നം. | ഈടാക്കിയ തുക |
|---|---|---|---|
| 59/22.5.22 | 40 | 536 | 650/- |
| 63/25.5.22 | 150 | 538 | 2300/- |
| 93/20.6.22 | 72 | 561/4.7.22 | 1130/- |

ഇപ്രകാരം തുക ഈടാക്കിയിട്ടുള്ള ഓട്ടങ്ങൾ 'ഫ്രീ' ആണെന്ന് പ്രസിഡന്റ് സാക്ഷ്യപ്പെടുത്തുന്നതിലെ ആധികാരികത വ്യക്തമാക്കേണ്ടതാണ്.

6. താഴെപ്പറയുന്ന ഓട്ടങ്ങൾക്ക് 2 പ്രാവശ്യം രസീത് എഴുതിയിട്ടുള്ളതായി കാണുന്നു.

| ഓട്ടം നം. | രസീത് നം. | തുക |
|---|---|---|

| | | |
|---|---|---|
| 141/25.8.22 | 599 | 9225 |
| | 610 | 9225 |
| 190/21.10.22 | 609 | 980 |
| | 649 | 980 |
| 127/9.8.22 | 584 | 2510 |
| | 589 | 2510 |
| ആകെ അധികം എഴുതിയത് | | 12715/- |

7. ക്യാൻസൽ ചെയ്യുന്ന രസീതുകൾ ക്ഷമതയുള്ള ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തുന്നില്ല.

ഉദാ:- രസീത് നം.541

8. എഴുതാത്ത രസീതുകൾ ക്യാൻസൽ ചെയ്തിട്ടില്ല.

ഉദാ:- രസീത് നം.600

9. ക്രമ നം 141, 142 എന്നിവ പ്രകാരം ഓടിയ തുക ഈടാക്കേണ്ട 601, 602 രസീതുകളിൽ രോഗിയുടെ പേര് മാത്രം എഴുതയതിനുശേഷം ശൂന്യമായി ഇട്ടിരിക്കുന്നു. ഇതിൽ 141-ാം നമ്പർ ഓട്ടത്തിന് 599-ാം നമ്പർ രസീത് എഴുതിയിട്ടുള്ളതാണ്.

10. സൗജന്യമായി ഓടിയിട്ടുള്ള പല ട്രിപ്പുകളും പ്രസിഡന്റിന്റെ സാക്ഷ്യപ്പെടുത്തൽ വരുത്തിയിട്ടില്ല.

ഉദാ:- ക്രമ നം. 54, 55, 64, 140, 193, 198

11. രസീത് പ്രകാരമുള്ള തുകകൾ ഓട്ടത്തിനുശേഷം വളരെ ദിവസങ്ങൾക്കുശേഷമാണ് പഞ്ചായത്തിൽ അടവ് വരുത്തുന്നത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ആംബുലൻസ് രസീത് നം. | ഓടിയ തീയതി | പഞ്ചായത്തിൽ തുക അടവാക്കിയത് | ILGMSരസീത് നം. | തുക |
|---|---|---|---|---|
| 611 | 22.10.22 | 01.11.22 | 1220104587 | 650 |
| 603- 609 | 28.8.22 – 21.10.22 | 22.10.22 | 1220104180 | 5285 |
| രസീത് നം./തീ. രേഖപ്പെടുത്തിയിട്ടില്ല. | | 17.11.22 | 1220105173 | 8500 |
| 589- 598 | 1.8.22- 23.8.22 | 15.10.22 | 1220103914 | 10285 |

12. രസീത് ബുക്ക് പ്രകാരം 31.3.22 ലെ (രസീത് നം. 501 മുതൽ 509 വരെ) 5,850/- രൂപയും 01.04.2022 മുതൽ 15.11.2022 വരെയുള്ള (രസീത് നം. 510 മുതൽ 672 വരെ) രസീതുകളിലെ തുകയായ 1,59,100/- രൂപയും ഉൾപ്പെടെ ആകെ 1,64,950/- രൂപ പഞ്ചായത്തിൽ അടവാക്കേണ്ടതാണെങ്കിലും ഇതിൽ 55,590/- രൂപ പഞ്ചായത്തിൽ അടവാക്കിയതിന്റെ ILGMS രസീതുകൾ മാത്രമാണ് ഓഡിറ്റിൽ ഹാജരാക്കിയിട്ടുള്ളത്. ബാക്കിയുള്ള 1,09,360/- രൂപയുടെ ILGMS രസീതുകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

13. രസീതു ബുക്ക് പ്രകാരം പിരിച്ച തുക പഞ്ചായത്തിൽ സമയബന്ധിതമായി ഒടുക്കുവരുത്തി എന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തുന്നില്ല.

14. പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം ഓട്ടം ഇല്ലാത്ത സമയത്ത് പൊതുജനങ്ങൾക്ക് കാണത്തക്കവിധം അത്തർ ജംഗ്ഷനു സമീപം ആംബുലൻസ് പാർക്ക് ചെയ്യണമെന്നാണ് തീരുമാനിച്ചിട്ടുള്ളതെങ്കിലും പഞ്ചായത്ത് കോമ്പൗണ്ടിനുള്ളിലാണ് ആംബുലൻസ് പാർക്ക് ചെയ്യുന്നത്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന്(നം. 31/19.11.22) പഴയ ആംബുലൻസിന്റെ ലോഗ്ബുക്ക്, രസീത് ബുക്ക് എന്നിവ 06.06.22 ൽ ചാർജ് ഹാൻഡ് ഓവർ ചെയ്തപ്പോൾ എസ്.5 സെക്ഷനിൽ ഏൽപ്പിച്ചില്ല എന്ന മറുപടിയാണ് ലഭ്യമാക്കിയത്. കൂടാതെ പുതിയ KL32 S 5023 നമ്പർ ആംബുലൻസിന്റെ രസീത് ബുക്ക് പ്രകാരം പിരിച്ച തുകയിൽ പഞ്ചായത്തിൽ അടവാക്കിയ തുകയുടെ വിവരങ്ങൾ നേരിട്ട് ലഭ്യമാക്കുകയുണ്ടായി. ആയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| 15.11.2022 വരെ രസീത് പ്രകാരം ആകെ വരവ് | 1,64,950 |
| ഓഡിറ്റ് തീയതി (09.11.2022)വരെ ആകെ പണം അടവ് | 88,800 |
| 17.11.2022 ൽ അടവാക്കിയത് | 8,500 |
| 21.11.2022 ൽ അടവാക്കിയത് | 34,920 |
| ആകെ അടവാക്കിയത് | 1,32,220 |

| | |
|---|---|
| 15.11.2022 വരെയുള്ള തുകയിൽ ബാക്കി അടവാക്കാനുള്ളത് | 32,730/- |

രസീത് പ്രകാരം ഈടാക്കിയ തുക പഞ്ചായത്തിൽ അടവാക്കാതെ ദീർഘകാലം കൈവശം വച്ചത് ഗുരുതരമായ ക്രമക്കേടാണ്. ഓഡിറ്റ് അന്വേഷണം നല്കിയതിനുശേഷം മാത്രമാണ് 43,420/- രൂപ പഞ്ചായത്തിൽ അടവാക്കിയത്.

പഞ്ചായത്ത് തീരുമാനപ്രകാരം പുതുക്കിയ വാടക നിരക്ക് സംബന്ധിച്ച് ഡ്രൈവർക്ക് പഞ്ചായത്തിൽ നിന്നും നിർദ്ദേശം നല്കിയിരുന്നില്ലെന്നാണ് ഡ്രൈവർ ഓഡിറ്റിൽ നേരിട്ടറിയിച്ചത്. പഴയ ആംബുലൻസിന്റെ നിരക്ക് നിലവിലും ഈടാക്കിവരുന്നതിനാലാണ് ക്രമ നം.3 ൽ സൂചിപ്പിച്ച തരത്തിൽ മിക്ക ട്രിപ്പുകളിലും 25/- രൂപ വാടകയിൽ വ്യത്യാസമുണ്ടാകുന്നത്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ബാക്കി അടവാക്കാനുള്ള 32730/- രൂപയും ഓഡിറ്റ് അന്വേഷണത്തിലെ ക്രമ നം.4-ൽ സൂചിപ്പിച്ചിട്ടുള്ള രസീത് എഴുതാത്ത ഓട്ടങ്ങളുടെ തുകയായ 12,260/- രൂപയും ക്രമ നം.9 ൽ സൂചിപ്പിച്ചിട്ടുള്ള 142-ാം നമ്പർ ഓട്ടത്തിന്റെ വാടക 9225/- (612കി.മീ.) രൂപയും ഉൾപ്പെടെയുള്ള തുകയായ 54,215/- രൂപയിൽ നിന്നും ക്രമ നം. 6 ൽ സൂചിപ്പിച്ചിട്ടുള്ള പ്രകാരം 2 തവണ എഴുതിയ രസീതുകളിലെ തുകയിൽ ഒരുതവണത്തെ തുകയായ 12,715/- രൂപ കുറവ് ചെയ്തതിനുശേഷമുള്ള തുക 41,500/- രൂപ ആംബുലൻസ് ഡ്രൈവറിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. തുക ആംബുലൻസ് ഡ്രൈവറിൽ നിന്നും ഈടാക്കാത്തപക്ഷം ആയത് സെക്രട്ടറിയുടെ ബാധ്യതയായിരിക്കുന്നതാണ്.

ആംബുലൻസ് 'ഫ്രീ' ആയി ഓടുന്നതിന് വ്യക്തമായ മാർഗ്ഗനിർദ്ദേശം ഡ്രൈവർക്ക് നല്കേണ്ടതും പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം പൊതുജനങ്ങൾക്ക് കാണത്തക്കവിധം ദേശീയപാതയോരത്ത് ആംബുലൻസ് പാർക്ക് ചെയ്യുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. മറ്റ് അപാകതകൾക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-19 അരൂർ കെൽട്രോൺ ഫെറി - കുമ്പളങ്ങി ഫെറി - ലേല നടപടികൾ സുതാര്യമല്ല

അരൂർ കെൽട്രോൺ ഫെറി - കുമ്പളങ്ങി ഫെറി സർവ്വീസിന് 25.03.2022 ൽ നടന്ന ലേലത്തിൽ ക്വട്ടേഷൻ താഴെപ്പറയുന്നവർ ക്വട്ടേഷൻ സമർപ്പിച്ചിരുന്നു.

1. എൽ.റ്റി.സുബ്രഹ്മണ്യൻ, നികർത്തിൽ, കുമ്പളങ്ങി - 427000/-

2. ഫിജി സുരേഷ്, എട്ടുതെങ്ങുംതറ, അരൂർ - 657000/-

3. അനിൽകുമാർ കെ.എസ്., ശിവപ്രിയ, നദ്‌വത്ത് നഗർ 355555/-

31.3.22ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ അജണ്ട-2, 1-ാം നമ്പർ തീരുമാനപ്രകാരം കൂടിയ നിരക്ക് ക്വോട്ട് ചെയ്ത ശ്രീമതി ഫിജി സുരേഷിന് ലേലം കൈക്കൊണ്ടതായി കമ്മിറ്റി ഐകകണ്ഠ്യേന അംഗീകരിച്ച തീരുമാനിച്ചു. എന്നാൽ 2-ാം നമ്പർ തീരുമാന പ്രകാരം ടിയാന് ലേലത്തിന്റെ ആദ്യ ഗഡു അടവാക്കുന്നതിന് കത്ത് നല്കിയിരുന്നെങ്കിലും ടിയാൾക്ക് ആശുപത്രി ആവശ്യം വന്നതിനാൽ തുക അടവാക്കുന്നതിന് അസൗകര്യമുണ്ട് എന്നും അതിനാൽ ലേലത്തിൽ നിന്ന് ഒഴിവാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കത്ത് നല്കിയതിനാൽ രണ്ടാമത്തെ കൂടിയ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ. സുബ്രഹ്മണ്യന് ലേലം ഉറപ്പിച്ച് നല്കി കമ്മിറ്റി ഐകകണ്ഠ്യേന തീരുമാനിക്കുകയുണ്ടായി.

ലേല നടപടികളിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ലേല നിബന്ധന 3, 7 എന്നിവ പ്രകാരം ഏറ്റവും കൂടുതൽ തുകയ്ക്ക് ലേലം / ക്വട്ടേഷൻ വിളിക്കുന്നയാൾ 50% തുക അടവാക്കാതിരിക്കുകയോ കരാർ എഴുതാതിരിക്കുകയോ ചെയ്യുന്നപക്ഷം ലേലക്കാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർലേലം നടത്തുന്നതും പുനർലേലത്തുകയും ആദ്യ ലേലത്തുകയും തമ്മിൽ പഞ്ചായത്തിന് നഷ്ടം വരുന്നപക്ഷം അപ്രകാരം വരുന്ന തുക ആദ്യ ലേലക്കാരനിൽ നിന്നും റവന്യൂ റിക്കവറി ചട്ടങ്ങൾ പ്രകാരം നടപടി സ്വീകരിച്ച് ഈടാക്കുന്നതായിരിക്കും എന്ന് വ്യക്തമാക്കുന്നുണ്ട്.

മേൽ ലേല നടപടിയിൽ ആദ്യ ലേലക്കാരൻ ഒഴിഞ്ഞതിനെത്തുടർന്ന് പുനർലേലം നടത്തിയിട്ടില്ല.

2. ലേലത്തിൽനിന്നും ഒഴിവാക്കണമെന്ന ആദ്യ ലേലക്കാരന്റെ അപേക്ഷ ലേലം നടന്ന 25.3.22ൽ തന്നെ നല്കിയിട്ടുള്ളതാണ് (ഫയലിൽ ലഭ്യമായ കത്തിന്റെ പകർപ്പിൽ രേഖപ്പെടുത്തിയിട്ടുള്ളത് 25.3.21 എന്നാണ്.) ലേലം നടന്ന ദിവസം തന്നെ അപേക്ഷ ലഭ്യമാക്കിയെങ്കിൽ ടിയാന്റെ ക്വട്ടേഷൻ അംഗീകരിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

3. ലേലത്തിൽ നിന്നും പിൻവാങ്ങിയ വ്യക്തിക്ക് ഇ.എം.ഡി.തുക തിരികെ നല്കുവാനുള്ള പഞ്ചായത്ത് കമ്മിറ്റി തീരുമാനം ഹാജരാക്കേണ്ടതാണ്.

4. ലേലക്കാരനുമായി പഞ്ചായത്ത് നാളിതുവരെ കരാർ ചമച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (30/19.11.22)

ലഭ്യമാക്കിയ മറുപടിയിൽ സി.2-417/22 തപാൽ പ്രകാരം 26.03.2022 ലാണ് ആദ്യലേലക്കാരൻ കത്ത് നല്കിയതെന്നും 01.04.2022 മുതൽ ഫെറി സർവ്വീസ് ആരംഭിക്കേണ്ടിയിരുന്നതിനാലുമാണ് പുനർലേലം നടത്താതിരുന്നതെന്നും ലേലക്കാരനുമായി കരാർ ചമയ്ക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.

എന്നാൽ 25.03.2021 തീയതി രേഖപ്പെടുത്തിയ ആദ്യ ലേലക്കാരന്റെ കത്തിന്റെ പകർപ്പാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. 25.03.2022 ന് നടന്ന ലേലത്തിൽ 24.03.22 ൽ ക്വട്ടേഷൻ സമർപ്പിക്കുകയും 26.03.2022 ൽ പിൻവാങ്ങുകയും ചെയ്തത് ലേലക്കാർ തമ്മിലുള്ള ഒത്തുകളിയാണോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. മേൽ അപാകതകൾ ലേലനടപടികളിലെ സുതാര്യതയില്ലായ്മമൂലം പഞ്ചായത്തിന് സാമ്പത്തികനഷ്ടത്തിന് ഇടയാകുന്നു. കൂടാതെ പഞ്ചായത്ത് കമ്മിറ്റി തീരുമാനമില്ലാതെ ഇ.എം.ഡി. തുക തിരികെ നല്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-20 വാടകയിനത്തിൽ വൻ തുക കുടിശ്ശിക നിലനിൽക്കുന്നു

വാടക രജിസ്റ്റർ പ്രകാരം വാടകയിനത്തിൽ കുടിശ്ശികയുള്ളവരുടെ പേരുവിവരം താഴെ ചേർക്കുന്നു.

| കട മുറി നം. | വാടകക്കാരൻ | കുടിശ്ശിക തുക | | | ആകെ |
|---|---|---|---|---|---|
| | | 2019-20 | 2020-21 | 2021-22 | |
| G-9 | ന്യൂട്ടൺ | 13200 | 23100 | 29112 | 65412 |
| G-13 | പുരുഷോത്തമൻ | 9175 | 19270 | 24276 | 52721 |
| F-1 | സുജിത്കുമാർ | - | - | 25344 | 25344 |
| F-2 | റ്റി.പി.സതീശൻ | 39108 | 34220 | 43116 | 116444 |
| S-5 | ആഷിക് എ.എ. | 32760 | 28670 | 36120 | 97550 |
| S-8 | രവീന്ദ്രൻ | 1324 | 6950 | 8760 | 17034 |
| S-9 | രവീന്ദ്രൻ | 1082 | 5680 | 7152 | 13914 |
| S-11 | സജി | -- | -- | 10476 | 10476 |
| S-12 | സജി | -- | -- | 8868 | 8868 |
| S-13 | ഷെറിൻ | 10584 | 9260 | 11664 | 31508 |
| S-14 | ആഷിക് എ.എ. | 10968 | 9600 | 12096 | 32664 |
| 504 | രവീന്ദ്രൻ | 406 | 2130 | 2688 | 5224 |
| Stall No.2 | അനിൽകുമാർ | | | 5316 | 5316 |
| Stall No.4 A | റിച്ചാർഡ് ചാൾസ് | -- | 1175 | 2964 | 4139 |
| Stall No.1 C | കെ.എ.മക്കാർ | -- | 1277 | 16092 | 17369 |
| | ആകെ | | | 244044/- | 503983/- |

മുൻവർഷങ്ങളിലേതുൾപ്പെടെ വാടക കുടിശ്ശിക വരുത്തിയിട്ടുള്ളവർക്ക് 06.09.2022 ൽ 1050/17 നം. ആയി നോട്ടീസ് നല്കിയിട്ടുണ്ട്. എന്നാൽ നോട്ടീസിൽ കുടിശ്ശിക തുകയുടെ പലിശ കണക്കാക്കിയതിൽ വലിയ വ്യത്യാസം ഉണ്ടായിട്ടുണ്ട്. നോട്ടീസ് നല്കിയ വ്യക്തികൾ വാടക കുടിശ്ശിക അടവാക്കിയിട്ടുണ്ടെങ്കിൽ വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.14/17.11.22) മറുപടി ലഭ്യമാക്കിയില്ല.

വാടക രജിസ്റ്റർ ഓഡിറ്റ് സമയംവരെ കാലികമാക്കിയിരുന്നില്ല. തന്മൂലമാണ് മുൻവർഷങ്ങളിലെ കുടിശ്ശിക നിലനിൽക്കെ അതിനുശേഷമുള്ള സാമ്പത്തികവർഷങ്ങളിലെ തുക അടവാക്കാൻ ഇടയാകുന്നത്. കുടിശ്ശിക തുക പലിശസഹിതം പൂർണ്ണമായും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-21 വിവിധ ലൈസൻസ് അപേക്ഷകളിൽ ഒരേ പൊല്യൂഷൻ സർട്ടിഫിക്കറ്റ്

ഹാജരാക്കിയിരിക്കുന്നു

താഴെപ്പറയുന്ന മൂന്ന് സ്ഥാപനങ്ങളും ഒരേ പൊല്യൂഷൻ സർട്ടിഫിക്കറ്റാണ് ഹാജരാക്കിയിട്ടുള്ളത്. എന്നാൽ ഇപ്രകാരം മൂന്ന് ലൈസൻസുകൾക്കും ഒരേ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയതിനും ഈ സ്ഥാപനങ്ങളുടെ ഓരോന്നിന്റെയും പ്രവർത്തനമൂലധനവും വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/15.11.22) സ്ഥാപനത്തിന് കത്ത് നല്കിയതായാണ് മറുപടി ലഭ്യമാക്കിയത്.

| ഡി. ഒ. ലൈസൻസ് നം. | സ്ഥാപനം | കെട്ടിട നം. |
|---|---|---|
| C.4-3113/21-22-761 | ഫസീല എന്റർപ്രൈസസ് (മറൈൻ ഡിവിഷൻ) | 8/203 |
| C.4-3112/21-22-762 | ഫസീല എന്റർപ്രൈസസ് (കോൾഡ് സ്റ്റോർ) | 8/204 |
| C.4-3115/21-22-763 | ഷിഫ എന്റർപ്രൈസസ് | 8/205B |

ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-22 സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസ് എടുത്ത വിവരം ലഭ്യമല്ല

താഴെപ്പറയുന്ന കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുള്ളതായി കാണുന്നില്ല.

| ഡി & ഒ ലൈസൻസ് ക്രമ നം. | കെട്ടിട നം. | ഡി & ഒ ലൈസൻസ് ക്രമ നം. | കെട്ടിട നം. | ഡി & ഒ ലൈസൻസ് ക്രമ നം. | കെട്ടിട നം. |
|---|---|---|---|---|---|
| 18 | 19/158 | 601 | 5/634 | 903 | 15/195 |
| 32 | 2/393B | 610 | 21/436B | 907 | 16/456C |
| 33 | 20/356B | 616 | 5/10 | 908 | 16/195A |
| 45 | 19/157 | 629 | 5/111 | 909 | 1/104 |
| 47 | 15/296 | 640 | 16/345B | 912 | 3/207 |
| 48 | 16/508 | 644 | 5/235D | 914 | 12/107 |
| 55 | 4/450, 450A | 658 | 5/377 | 917 | 9/192 |
| 60 | 19/168 | 661 | 2/52 | 918 | 1/403 |
| 62 | 2/867D | 667 | 2/708A | 920 | 13/504A |
| 63 | 8/184 | 673 | 22/686 | 921 | 13/504B |
| 64 | 20/10 | 683 | 2/18 | 922 | 8/191 |
| 67 | 7/130H | 688 | 10/693,694 | 925 | 2/876 |
| 83 | 1/285A | 690 | 12/165 | 926 | 4/441C |
| 93 | 2/508 | 693 | 15/195B | 928 | 1/226A |
| 115 | 12/328 | 700 | 13/553C | 929 | 18/373A |
| 116 | 12/332 | 702 | 9/169B | 933 | 16/436 A-G |
| 117 | 12/329 | 713 | 9/20A | 935 | 22/22D |
| 122 | 17/35 | 720 | 10/561 | 936 | 6/105 |
| 129 | 20/158,161 | 723 | 13/515C | 938 | 9/353 |
| 135 | 4/302 | 734 | 22/543A | 945 | 1/18 |
| 152 | 5/95 | 735 | 13/515B | 948 | 2/556 |
| 157 | 5/693 | 737 | 5/638 | 954 | 2/230 |
| 165 | 5/96 | 744 | 2/653 | 955 | 20/164 |
| 171 | 1/180, 181, 182, 183 | 753 | 9/62 | 956 | 1/10 |
| 172 | 22/637E | 754 | 5/217 | 958 | 10/541B |
| 174 | 15/147 | 755 | 10/830A | 962 | 13/504A |
| 206 | 12/5 | 765 | 5/355 | 963 | 8/191 |

| | | | | | |
|---|---|---|---|---|---|
| 207 | 13/504C | 767 | 9/143C | 964 | 13/504B |
| 214 | 11/585 | 768 | 16/275E | 965 | 19/194A |
| 215 | 13/206 | 770 | 2/184A | 966 | 19/195 |
| 216 | 15/138 | 773 | 8/198 | 967 | 15/409 |
| 219 | 12/2B | 775 | 17/35B | 971 | 13/433 |
| 308 | 11/51 | 786 | 10/720F | 978 | 2/431 |
| 319 | 7/436A | 791 | 8/153,154,156 | 979 | 1/300 |
| 321 | 7/130G | 800 | 14/404A,404B | 984 | 15/60A |
| 364 | 2/302 | 801 | 12/145A | 986 | 7/232A |
| 365 | 20/1 | 802 | 9/194 | 987 | 17/35D |
| 369 | 10/626 | 806 | 22/591D | | |
| 382 | 1/220, 221 | 813 | 16/271 | | |
| 389 | 21/42 | 819 | 20/82B | | |
| 391 | 22/22C | 821 | 15/399,400 | | |
| 398 | 22/2A | 823 | 19/103 | | |
| 405 | 20/183 | 833 | 1/11 | | |
| 425 | 18/320G | 834 | 217A | | |
| 445 | 6/104 | 837 | 10/64 | | |
| 452 | 19/46 | 839 | 9/145 | | |
| 455 | 21/50A | 842 | 13/310 | | |
| 461 | 22/499A | 843 | 13/539 | | |
| 466 | 16/341B | 857 | 11/612A | | |
| 496 | 12/62 | 858 | 9/148 | | |
| 511 | 15/215 | 860 | 1/310E | | |
| 512 | 15/195A | 861 | 14/419A | | |
| 515 | 22/673B | 869 | 12/321D | | |
| 519 | 22/621,622,622A,622B | 870 | 16/148 | | |
| 521 | 7/451 | 872 | 11/562 | | |
| 529 | 22/650 | 876 | 15/215 | | |
| 541 | 9/43,44 | 881 | 9/69 | | |
| 542 | 11/638 | 882 | 12/24C | | |
| 548 | 15/391 | 884 | 21/659 | | |
| 554 | 8/81 | 886 | 11/150 | | |
| 556 | 1/8 | 889 | 11/523A | | |
| 566 | 13/532 | 890 | 2/410A | | |
| 578 | 5/466 | 892 | 10/694B | | |
| 579 | 10/712 | 893 | 12/120A | | |
| 580 | 11/609 | 894 | 12/120B | | |
| 583 | 9/24 | 896 | 12/57A | | |
| 586 | 15/387,388 | 897 | 2/365A | | |
| 587 | 1/366 | 898 | 2/848 | | |
| 597 | 4/175 | 899 | 15/70B | | |

ലൈസൻസ് നേടിയിട്ടുണ്ടെങ്കിൽ വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 8/15.11.22) മറുപടി ലഭ്യമാക്കിയില്ല. മേൽ നം. കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുള്ള

വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-23 ഡി & ഒ ലൈസൻസ് - ലൈസൻസ് ഫീ കുറവായി ഈടാക്കിയിരിക്കുന്നു

ഡി & ഒ ലൈസൻസിനുള്ള താഴെപ്പറയുന്ന അപേക്ഷകരിൽ നിന്നും ലൈസൻസ് ഫീ കുറവായി ഈടാക്കിയതായി കാണുന്നു.

| | ലൈസൻസ് നം. | അപേക്ഷകൻ/സ്ഥാപനം | രസീത് നം. | തുക ഈടാക്കേണ്ടത് | തുക ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|---|
| 1 | 24 | മെ.സീഫുഡ് പാർക്ക് (ഇന്ത്യ)ലി. | 120040106479/26.2.21 | 10,000 | 5,000 | 5,000 |
| | | പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സർട്ടിഫിക്കറ്റ് നം. PCB/ALP/IC-240/R3/18/15.10.18 പ്രകാരം മൂലധന നിക്ഷേപം 877 ലക്ഷം രൂപയാണ്. കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ ചട്ടം 7, പട്ടിക II പ്രകാരം സ്ഥാപനം മീഡിയം എന്റർപ്രൈസസ് വിഭാഗത്തിൽപ്പെടുന്നതാണ്. | | | | |
| 2 | 232 | മലയാള മനോരമ പ്രസ്, അരൂർ | 120040105489/16.2.21 | 15000 | 5000 | 10000 |
| | | പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സർട്ടിഫിക്കറ്റ് നം. PCB/HO/ALP/ICO-R/02/2019/7.9.2019 പ്രകാരം മൂലധന നിക്ഷേപം 120.23 കോടി രൂപയാണ്. കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ ചട്ടം 7, പട്ടിക II പ്രകാരം സ്ഥാപനം ലാർജ് എന്റർപ്രൈസസ് വിഭാഗത്തിൽപ്പെടുന്നതാണ്. | | | | |
| 3 | 296 | ആർബീ അക്വാട്ടിക് പ്രോട്ടീൻസ് (പ്രൈ) ലി. | 120040500250/22.2.21 | 10000 | 5000 | 5000 |
| | | പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സർട്ടിഫിക്കറ്റ് നം. PCB/ALP/UCO-3776/15/31.3.2020 പ്രകാരം മൂലധന നിക്ഷേപം 827ലക്ഷം രൂപയാണ്. കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ ചട്ടം 7, പട്ടിക II പ്രകാരം സ്ഥാപനം മീഡിയം എന്റർപ്രൈസസ് വിഭാഗത്തിൽപ്പെടുന്നതാണ്. | | | | |
| 4 | 454 | ഖയർ കോൾഡ് സ്റ്റോർ | 120040106437/26.2.21 | 5000 | 2500 | 2500 |
| | | ഉടമയുടെ സത്യവാങ്മൂലം പ്രകാരം 2.5 കോടി രൂപയാണ് പ്രവർത്തന മൂലധനം.<br>കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ ചട്ടം 7, പട്ടിക II പ്രകാരം സ്ഥാപനം സ്മോൾ എന്റർപ്രൈസസ് വിഭാഗത്തിൽപ്പെടുന്നതാണ്. | | | | |
| 5 | 528 | ക്യൂ ഫ്രോസ് ട്രേഡേഴ്സ് (പ്രൈ.)ലി. | 120040106437/26.2.21 | 15000 | 5000 | 10000 |
| | | പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സർട്ടിഫിക്കറ്റ് നം. PCB/ALP/UCO-6161/18/15.3.21 പ്രകാരം മൂലധന നിക്ഷേപം 1101.91 ലക്ഷം (110.19 കോടി) രൂപയാണ്. കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ ചട്ടം 7, പട്ടിക II പ്രകാരം സ്ഥാപനം ലാർജ് എന്റർപ്രൈസസ് വിഭാഗത്തിൽപ്പെടുന്നതാണ്.<br>പ്രവർത്തനമൂലധനം കൃത്യമാണോ എന്ന് പരിശോധിക്കേണ്ടതാണ്.) | | | | |
| | | | ആകെ | | | 32500 |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.6/15.11.22) നല്കിയ മറുപടിയിൽ ക്രമ നം.1, 2 എന്നിവയുടെ മുൻവർഷങ്ങളിലേതുൾപ്പെടെയുള്ള കുറവ് തുക അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കുകയുണ്ടായി. ബാക്കി സ്ഥാപനങ്ങളുടെ കുറവുവന്ന ലൈസൻസ് ഫീ 17,500/- രൂപ (32500-15000) ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-24 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടുന്നത് സംബന്ധിച്ച്

ഗ്രാമ പഞ്ചായത്തിലെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടിയതായി കാണുന്നില്ല. 31.3.2019 വരെയുള്ള കാലഹരണപ്പെട്ട ഡെപ്പോസിറ്റുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | തുക |
|---|---|---|
| 1 | കരാറുകാരുടെ ഇ.എം.ഡി | 7,000 |
| 2 | സപ്ലയേഴ്സ് ഇ.എം.ഡി | 70,858 |
| 3 | ബിഡ്ഡേഴ്സ് ഇ.എം.ഡി | 2,98,752 |
| 4 | കരാറുകാരുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് | 26,434 |
| 5 | സപ്ലയേഴ്സ് സെക്യൂരിറ്റിഡെപ്പോസിറ്റ് | 8,64,058 |
| 6 | ബിഡ്ഡേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് | 11,079 |
| 7 | കരാറുകാരുടെ റിട്ടെൻഷൻ | 2,98,917 |
| ആകെ | | 15,77,098 |

കേരള ഫിനാഷ്യൽ കോഡ് വോള്യം1 ആർട്ടിക്കിൾ 282പ്രകാരവും 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ ചട്ടം 79 പ്രകാരവും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ കാലാവധി കഴിഞ്ഞും തിരികെ കൈപ്പാറ്റാത്ത ഡെപ്പോസിറ്റുകൾ പഞ്ചായത്ത് അക്കൗണ്ടിൽ നിന്നും മാറാത്ത ചെക്കുകൾ എന്നിങ്ങനെയുള്ള തുകകൾ നിശ്ചിത കാലയളവിന് ശേഷം പഞ്ചായത്ത് അക്കൗണ്ടിലേക്ക് തിരിച്ചെഴുതേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ 14.01.2020ലെ തദ്ദേശ സ്വയം ഭരണ (എ.സി) വകുപ്പ് സർക്കുലർ നമ്പർ എ.സി1/125/2019 തസ്വഭവ പ്രകാരം തുടർച്ചയായി മൂന്ന് വർഷത്തിലധികമായി വിവിധ തദ്ദേശസ്ഥാപനങ്ങളുടെ അക്കൗണ്ടിൽ നിൽക്കുന്ന ഡെപ്പോസിറ്റുകൾ മാറാത്ത ചെക്കുകൾ തിരികെ കിട്ടിയ നിക്ഷേപങ്ങൾ തുടങ്ങിയവയിൽ ഉൾപ്പെടുന്ന തുകകൾ ഓരോന്നിന്റേയും കാലാവധി മൂന്ന് വർഷം തികയുന്നതിന്റെ തൊട്ടടുത്ത ദിവസം തന്നെ അതത് തദ്ദേശസ്ഥാപനത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇപ്രകാരം കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടാതിരുന്നത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (25/19.11.22) ലഭ്യമാക്കിയ മറുപടിയിൽ മൂന്ന് വർഷം കഴിഞ്ഞതും തിരികെ ആവശ്യപ്പെടാത്തതുമായ ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടി വിവരം അറിയിക്കേണ്ടതാണ്.

## 1-25 മുദ്രപ്പത്ര വില ഈടാക്കിയതിൽ കുറവ്

1959 ലെ കേരള സ്റ്റാമ്പ് ആക്റ്റിലെ, സെക്ഷൻ 17 പ്രകാരമാണ് വിവിധ കരാറുകളുടെ സ്റ്റാമ്പ് ഡ്യൂട്ടി നിശ്ചയിച്ചിട്ടുള്ളത്. കേരള ഫിനാൻസ് ആക്ട് പ്രകാരമാണ് ഓരോ വർഷവും സ്റ്റാമ്പ് ആക്ടിലെ വിവിധ ആവശ്യങ്ങൾക്കുള്ള എഗ്രിമെന്റുകളുടെ സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഭേദഗതികൾ വരുത്തി വരുന്നത്. 2018ലെ ഫിനാൻസ് ആക്ട് പ്രകാരം 1959 ലെ കേരള സ്റ്റാമ്പ് ആക്ടിൽ വരുത്തിയ ഭേദഗതി അനുസരിച്ച് മരാമത്ത് പ്രവർത്തികൾക്കും, സേവനങ്ങൾക്കുമുള്ള എഗ്രിമെന്റുകളുടെ സ്റ്റാമ്പ് ഡ്യൂട്ടി 01.04.2018 മുതൽ ഓരോ 1,000/- രൂപയ്ക്കും 1 രൂപ എന്ന തോതിൽ നിരക്ക് നിശ്ചയിച്ചു.കുറഞ്ഞത് 200 രൂപയുടേയും, കൂടിയത് ഒരു ലക്ഷം രൂപയുടെയും തുകയ്ക്കുള്ള മുദ്രപത്രത്തിൽ കരാർവെയ്ക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ 2021-22 സാമ്പത്തികവർഷം തുക മാറി നൽകിയിട്ടുള്ള വിവിധ MNREGS പ്രവർത്തികളിൽ ഈ നിയമം അനുശാസിക്കുന്ന തുകയ്ക്കുള്ള മുദ്ര പത്രത്തിൽ കരാർ വെച്ചിട്ടില്ല. അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.16/ 17.11.22) അറിവില്ലായ്മ മൂലം സംഭവിച്ചതാണെന്ന് മറുപടി ലഭ്യമാക്കി. ഭാവിയിൽ ഇത് ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-26 ആംബുലൻസിന്റെ പ്രവർത്തനം - വരവിനത്തിൽ ഗണ്യമായ കുറവും-ചെലവിൽ ക്രമാതീതമായ വർദ്ധനവും

ആംബുലൻസ് ഓടുന്നതിനായി പഞ്ചായത്ത് 2021-22 വർഷം ചെലവഴിച്ച തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

എ) ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ഡ്രൈവർക്ക് (ശ്രീ.ഉണ്ണി ഇ.കെ.) നല്കിയ വേതനം

| വൌച്ചർ നം . / തീയതി | തുക |
|---|---|
| 22100138 / 06.05.2021 | 22,165 |
| 22100139 / 06.05.2021 | 21,450 |
| 22100251 / 01.06.2021 | 22,630 |
| 22100351 / 05.07.2021 | 15,330 (ശ്രീ.വൈശാഖ് പി.എം.) |
| 22100361 / 07.07.2021 | 21,900 |
| 22100462 / 03.08.2021 | 19,710 |
| 22100648 / 1.10.2021 | 21,380 |
| 22100683 / 16.10.2021 | 21,900 |
| 22100765 / 12.11.2021 | 22,630 |
| 22100845 / 01.12.2021 | 19,710 |
| 22100932 / 01.01.2022 | 19,710 |
| 22101013 / 01.02.2022 | 19,710 |
| ആകെ | 2,48,225 |

ബി) വൌച്ചർ നം.22100362 / 13.07.2021പ്രകാരം 23.06.2021 മുതൽ 30.06.2021 വരെയുള്ള കാലയളവിൽ ആംബുലൻസ് ഓടുന്നതിനായി ശ്രീ.സജീർ കെ.എ. എന്നയാളുടെ അക്കൌണ്ടിലേയ്ക്ക് 24,020/- രൂപ നല്കിയിട്ടുണ്ട്.

സി) ആംബുലൻസ് കേടായതിനെ തുടർന്ന് 16.07.2021 മുതൽ ആംബുലൻസ് വാടക (KL 48 J 3088) ഇനത്തിൽ താഴെ ചേർക്കും പ്രകാരം തുക നല്കിയിട്ടുണ്ട്.(ശ്രീ.ഗീ വർഗ്ഗീസ് ഐസക്ക് എന്നയാൾക്ക്)

| വൌച്ചർ നം. തീയതി | കാലയളവ് | തുക |
|---|---|---|
| 22100518 /25.08.2021 | 16.07.2021 To 14.08.2021 | 30,000 |
| 22100669 / 13.10.2021 | 15.08.2021 To 13.09.2021 | 30,000 |
| 22100760 / 15.11.2021 | 14.09.2021 To 13.10.2021 | 30,000 |
| 22100799/ 22.11.2021 | 14.10.2021 To 12.11. 2021 | 30,000 |
| 22100890 / 17.12.2021 | 13.11.2021 To 12.12.2021 | 30,000 |
| 22100992/ 22.01.2022 | 13.12.2021 To 11.01.2021 | 30,000 |

| | | |
|---|---|---|
| 221001094/ 23.02.2022 | 12.01.2022 To 10.02.2022 | 30,000 |
| 22101463 / 24.03.2022 | 11.02.2022 To 10.03.2022 | 30,000/-<br>(30,000/- Minus GST- 7140/-= 22,860/-) |

ഡി) ആംബുലൻസ് ഡീസൽ നിറച്ച ഇനത്തിൽ ചെലവഴിച്ച തുക.

| വാഹന നം. | വൌച്ചർ നം. തീയതി | തുക |
|---|---|---|
| KL 32 D 5126 | 22100985 / 22.01.2022 | 40,975 |
| KL 48 J 3088 | | 8,669 |
| | | 33,389 |
| | 22200104 / 12.05.2022 | 34,873 |
| | | 20,517 |
| | | 8,118 |
| | | 23,987 |
| | | 10,803 |
| | 22200216/06.06.2022 | 8,479 |
| | | 9,940 |
| ആകെ | | 2,37,593 |

ഓഡിറ്റിന്റെ വിലയിരുത്തൽ-

സി എഫ് എൽ റ്റി സി -യുടെ പ്രവർത്തനം 31.08.2021 ൽ അവസാനിപ്പിച്ചതിനാൽ കോവിഡ് രോഗികളുടെ ആവശ്യത്തിലേയ്ക്കായി ആംബുലൻസിന്റെ ഉപയോഗിയ്ക്കേണ്ടിയിരുന്നില്ല. ആയതിനാൽ 01.09.2021 മുതലുള്ള വാഹന ഉപയോഗത്തിന് വരവുണ്ടാകേണ്ടതാണ്. ടി കാലയളവിൽ ശ്രീ.ഗീവർഗീസിന്റെ ഉടമസ്ഥതയിലുള്ള KL 48 J 3088 എന്ന വാഹനം വാടകയ്ക്ക് എടുത്ത് ഓടിയിട്ടുണ്ട്. ടി കാലയളവിലെ (25.06.2021 മുതൽ 10.03.2022 വരെ) ആംബുലൻസ് ഓടിയ തീയതികളിലെ ലോഗ് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

മേൽ ചെലവുകളിൽ, കോവിഡ് രോഗികളുടെ ആവശ്യത്തിലേയ്ക്കായി സി എഫ് എൽ റ്റി സി പ്രവർത്തിച്ച കാലയളവിന് ശേഷമുള്ള (01.09.2021 മുതൽ) ചെലവ് താഴെ കൊടുക്കുന്നു.

വേതനം - 1,25,040/-

ഡീസൽ-1,16,627/-

വാഹനവാടക-2,10,000/-

ആകെ ചെലവ്- 4,51,667/-

2021-22 വർഷത്തെ വാർഷിക കണക്കിൽ ആംബുലൻസ് വരവ് 5,850/- രൂപ മാത്രമാണ്. ഹാജരാക്കിയ ലോഗ് ബുക്ക് പ്രകാരം ഒരു മാസം 20 മുതൽ 30 എണ്ണം യാത്രകൾ നടക്കുന്നുണ്ട്. കൂടാതെ, മുൻ വർഷങ്ങളിലെ വാർഷിക കണക്ക് പ്രകാരമുള്ള വരവ് വിവരം താഴെ കൊടുക്കുന്നു.

| വർഷം | തുക |
|---|---|
| 2017-18 | 78,440 |
| 2018-19 | 64,020 |

| | |
|---|---|
| 2019-20 | 58,185 |
| 2020-21 | 27,260 |
| 2021-22 | 5,850 |

ഇപ്രകാരം വരവിനത്തിൽ ഓഡിറ്റ് വർഷത്തിൽ കുറവുണ്ടായതിനും മാസത്തിൽ മിനിമം (04/2022 മുതലുള്ള ലോഗ് ബുക്ക് പ്രകാരം) 20 മുതൽ 30 വരെ ഓട്ടം ഉണ്ടെങ്കിലും അതനുസരിച്ചുള്ള വരവ് ഓഡിറ്റ് വർഷം ഉണ്ടായില്ല. ടി വിഷയത്തിൽ ആവശ്യമായ രേഖകൾ പരിശോധിച്ച് ഏതെങ്കിലും തരത്തിലുള്ള ക്രമക്കേടുകളുണ്ടായിട്ടുണ്ടോയെന്നത് അന്വേഷണ വിധേയമാക്കേണ്ടതാണ്. ടി വിഷയത്തിലേയ്ക്ക് പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-27 പാർട്ട് ടൈം കണ്ടിജന്റ് തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം -വേതനമിനത്തിൽ തുക അധികം നല്കി

ജി.ഒ.(പി) നം.269/83/ജി.എ.ഡി14.09.1983 പ്രകാരം പാർട്ട് ടൈം കണ്ടിജന്റ് തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്നവർക്ക് തുടക്കക്കാരായ കണ്ടിജന്റ് ജീവനക്കാർക്ക് നല്കുന്ന പ്രതിഫലത്തിന് ആനുപാതികമായി ദിവസ വേതനം (13000/30=433 രൂപ) നൽകാവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് കാലയളവിൽ പാർട്ട് ടൈം കണ്ടിജന്റ് തസ്തികയിൽ (മാർക്കറ്റ് ക്ലീനിംങ്ങ്) സ്ഥിരം ജീവനക്കാരെ നിയമിച്ചിട്ടില്ലാത്തതിനാൽ, ദിവസവേതന വ്യവസ്ഥയിൽ നിയമനം നല്കിയ വ്യക്തിക്ക് (ശ്രീമതി രമ ലിജു) 585 /- രൂപ നിരക്കിലുമാണ് തുക നല്കിയിട്ടുള്ളത്. ആയതിന്റെ വിശദവിവരം താഴെ കൊടുക്കുന്നു.

| വൗച്ചർ നം./ തീയതി | അനുവദിക്കേണ്ട തുക | അനുവദിച്ച തുക | അധികം |
|---|---|---|---|
| 22100015/1.04.21 | 30x433 =12,990 | 30x585 = 17,550 | 4,560 |
| 22100113/1.05.21 | 28x433 =12,124 | 28x585 = 16,380 | 4,256 |
| 22100/1.06.21 | 31x433 = 13,423 | 31x585 = 18,135 | 4,712 |
| 22100316/1.07.21 | 30x433 = 12,990 | 30x585 = 17,550 | 4,560 |
| 22100445/2.08.21 | 30x433 =12,990 | 30x585 = 17,550 | 4,560 |
| 22100546/1.09.21 | 25x433 = 10,825 | 25x585 = 14,625 | 3,800 |
| 222100643/1.10.21 | 23x433 = 9,959 | 23x585 = 13,455 | 3,496 |
| 22100745/1.11.21 | 31x433 = 13,423 | 31x585 = 18,135 | 4,712 |
| 21700846/01.12.21 | 30x433 = 12,990 | 30x585 = 17,550 | 4,560 |
| 22100936/3.01.22 | 31x433 = 13,423 | 31x585 = 18,135 | 4,712 |
| 22101000/1.02.22 | 31x433 = 13,423 | 31x585 = 18,135 | 4,712 |
| 22101124/1.03.22 | 28x433 = 12,124 | 28x585 = 16,380 | 4,256 |
| ആകെ | | | 52,896 |

ടി വിവരം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.17/25.11.2022) മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ, പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ദിവസവേതന അടിസ്ഥാനത്തിൽ നിയമനം നല്കിയ വ്യക്തിക്ക് സർക്കാർ ഉത്തരവ് പ്രകാരമുള്ള വേതനം നൽകേണ്ടതാണ്. അധികം നൽകിയ 52,896/- രൂപ കൈപ്പറ്റിയ വ്യക്തിയിൽ നിന്നോ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-28 ടേക്ക് എ ബ്രേക്ക് പദ്ധതി - പ്രവർത്തിക്കുന്നില്ല

സംസ്ഥാന സർക്കാരിന്റെ നൂറുദിന പരിപാടിയുടെ ഭാഗമായി ടേക്ക് എ ബ്രേക്ക് പദ്ധതിയിൽ ഗ്രാമ പഞ്ചായത്തിനോട് ചേർന്ന് ദേശീയ പാതയോരത്ത് 9.92 ലക്ഷം രൂപ ചെലവിൽ കോഫീ ഷോപ്പ് ഉൾപ്പെടെ ശുചിമുറി നിർമ്മിച്ചിട്ടുണ്ട്. ഇതിന്റെ ഉദ്ഘാടനം 9/2021 ൽ കഴിഞ്ഞിട്ടും ആയത് നിലവിൽ പ്രവർത്തിക്കുന്നില്ല. ഇത് ഗ്രാമ പഞ്ചായത്തിന്റെ അലംഭാവമായി ഓഡിറ്റിൽ വിലയിരുത്തുന്നു. ഗ്രാമപഞ്ചായത്തിന് വരുമാനദായകമാകേണ്ട ഒരു സംരംഭം പ്രവർത്തിപ്പിക്കാത്തതിനാൽ തനത് വരുമാനത്തിന് നഷ്ടത്തിനിടയാക്കുന്നു. ഇതിന്റെ പ്രവർത്തനം സംബന്ധിച്ച് ബൈലോ അംഗീകാരം ലഭ്യമായാലുടൻ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിരിക്കുന്നത്. സ്ഥാപനം പ്രവർത്തന സജ്ജമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-29 ക്ഷേമപെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്യാത്തതിനാൽ സർക്കാരിന് നഷ്ടം

പഞ്ചായത്തിന്റെ സേവന ഡേറ്റ ബേസിലെ ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ വിവരവും 2021-22 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മരണങ്ങളുടെ വിവരവും ഒത്തുനോക്കിയതിൽ മരണപ്പെട്ടവരുടെ പേരുവിവരങ്ങൾ സേവന ഡേറ്റാ ബേസിൽനിന്നും യഥാസമയം സസ്പെന്റ് ചെയ്യപ്പെടുന്നില്ല എന്ന് കണ്ടു. ഗുണഭോക്താക്കൾ മരണപ്പെട്ടാൽ തൊട്ടടുത്ത മാസം തന്നെ പെൻഷൻ സസ്പെൻഡ് ചെയ്യേണ്ടതാണെങ്കിലും നാളിതുവരെ പെൻഷൻ സസ്പെൻഡ് ചെയ്തിട്ടില്ലാത്തവരുടെ പെൻഷൻ വിതരണ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പേര് /വിലാസം | മരിച്ച തീയതി/ രജിസ്ട്രേഷൻ തീയതി | പെൻഷൻതരം /ഐഡി | അനർഹമായ കാലയളവിൽ നല്കിയ തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | അച്ചുതൻ, ചെറുരുത്തിൽ അരൂർ | 11.10.2021/ 1.11.2021 | വാർദ്ധക്യകാല പെൻഷൻ 104380203219 | 11/2021-9/2022 വരെ 6,600/-രൂപ (600x11) | ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു |
| 2 | മേരി ജോസഫ്, തേവേഴത്ത് അരൂർ | 13.11.2021/ 30.11.2021 | വാർദ്ധക്യകാല പെൻഷൻ 104380202923 | 12/2021- 9/2022 വരെ (600x10)=6,000/- | ബാങ്കിലേക്ക് നൽകുന്നു(അക്കൌണ്ട് ക്ലോസ് ചെയ്തു) |
| 3 | ഇ.കെ.പരമേശ്വരൻ, വള്ളവനാട് ചന്തിരൂർ | 8.12.2021/ 6.1.2022 | വാർദ്ധക്യകാല പെൻഷൻ 104380200436 | 1/2022-9/2022 വരെ(1600x9)= 14,400/- | ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു |
| 4 | സുഭദ്ര ഇ.എം., ഉള്ളാടത്തോപ്പിൽ അരൂർ | 22.6.2019/ 13.1.2022 | വിധവ പെൻഷൻ 104380601378 | - | മസ്റ്ററിംഗ് നടത്താത്തതിനാൽ തടഞ്ഞുവെച്ചിരിക്കുന്നു |
| 5 | ട്രീസ തോമസ്, കിഴക്കേ വേലിക്കകത്ത് അരൂർ | 23.1.2022/ 9.2.2022 | വാർദ്ധക്യകാല പെൻഷൻ 104380201737 | 2/2022- 9/2022 വരെ (8x1600) = 12,800/- | ബാങ്കിലേക്ക് നൽകി(അക്കൌണ്ട് ക്ലോസ് ചെയ്തു) |
| 6 | ജോസഫ് വർഗീസ്, മാഷിനിത്തറ അരൂർ | 27.9.2021/ 20.10.2021 | വാർദ്ധക്യകാല പെൻഷൻ 104380202828 | 10/2021- 9/2022 വരെ 19200/- (1600x12) | ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു |
| 7 | പി.ജെ.സെബാസ്റ്റ്യൻ പുത്തൻപുരയ്ക്കൽ | 11.7.2021/ 18.8.2021 | വാർദ്ധക്യകാല പെൻഷൻ | 8/2021-9/2022 22,400/-രൂപ | ബാങ്കിലേക്ക് നൽകുന്നു(അക്കൌണ്ട് |

| | | | | | |
|---|---|---|---|---|---|
| | | | 104380202810 | (1600x14) | ക്ലോസ് ചെയ്തു) |
| 8 | ഹമീദ് കെ.എസ്., ചിറയിൽ ഹൌസ് ചന്തിരൂർ | 26.2.2022/ 5.3.2022 | വാർദ്ധക്യകാല പെൻഷൻ 104380201458 | 3/2022- 9/2022 വരെ 1600x7=11,200/- | ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു |
| 9 | ടി.വി.രാജപ്പൻ, പടിഞ്ഞാറെ തുരുത്തിൽ അരൂർ | 10/2/2022 2.3.20222 | വാർദ്ധക്യകാല പെൻഷൻ 104380201618 | 3/2022- 9/2022 വരെ 1600x7=11,200/- | ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു |
| 10 | കമലാക്ഷി എം.യു., പുത്തനങ്ങാടി കോളനി | 31.8.2021/ 19.3.2022 | വാർദ്ധക്യകാല പെൻഷൻ 104380202960 | 9/2021-9 /2022വരെ 13x600=7,800/- | ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു |
| 11 | ശ്രീമതി തട്ടുങ്കൽ ചന്തിരൂർ | 22.1.2022/ 11.3.2022 | വാർദ്ധക്യകാല പെൻഷൻ 104380200432 | - | മസ്റ്ററിംഗ് നടത്താത്തതിനാൽ തടഞ്ഞുവച്ചിരിക്കുന്നു |
| 12 | തങ്കമണിയമ്മ, പെരുപറമ്പിൽ അരൂർ | 22.2.2022/ 16.3.2022 | വിധവ പെൻഷൻ 104380600238 | 3/2022- 6/2022 വരെ 1600x4=6,400/- (അക്കൌണ്ടിൽ നിക്ഷേപിച്ചു) 1600x3=4800/- (അക്കൌണ്ട് ക്ലോസ് ചെയ്തതിനാൽ ബാങ്കിലേക്ക് നൽകുന്നു) | 7/2022ൽ അക്കൌണ്ട് ക്ലോസ് ചെയ്തു |
| | | | | 1,22,800 | |

നാളിതു വരെ സസ്പെൻഡ് ചെയ്യാത്തവരുടെ പെൻഷൻ അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്യേണ്ടതും പെൻഷൻ തുക അനന്തരഅവകാശികൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കിയും, ബാങ്കുകളുടെ അക്കൌണ്ടിൽ നിലനിൽക്കുന്ന തുക കേരളബാങ്കിലെ പെൻഷൻ അക്കൌണ്ടിലേക്ക് തിരികെ ഒടുക്കിയതിന്റെയും വിശദാംശം അറിയിക്കേണ്ടതാണ്.

ഗുണഭോക്താക്കൾ മരണപ്പെട്ടാൽ തൊട്ടടുത്ത മാസം തന്നെ പെൻഷൻ സസ്പെൻഡ് ചെയ്യേണ്ടതാണെങ്കിലും ഗ്രാമപഞ്ചായത്തിൽ പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിന് കാലതാമസം നേരിടുന്നതായികാണുന്നു. ഇതുമൂലം സഹകരണബാങ്കുകളിലെ അക്കൌണ്ടിലേക്ക് തുകനൽകി കൊണ്ടിരിക്കുന്നു.

ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു

| ക്രമ നം. | പേര് / വിലാസം | മരിച്ച തീയതി/ രജിസ്ട്രേഷൻ തീയതി | പെൻഷൻതരം /ഐഡി | സസ്പെൻഡ് ചെയ്ത തീയതി | അനർഹമായ കാലയളവിൽ നല്കിയ തുക | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ജോൺ ആലുങ്കൽ വെളി | 24.8.2021/ 10.9.2021 | വാർദ്ധക്യകാല പെൻഷൻ 10438020538 | 18.5.2022 | 9/2021-4/2022 വരെ (1600x8)= 12,800/- | സഹകരണ ബാങ്ക് അക്കൌണ്ടിലേക്ക് നൽകി |
| 2 | വിജയമ്മ, എൻ.ആർ., പാണ്ടിപ്പറമ്പിൽ | 26.1.2022/ 31.1.2022 | വിധവ പെൻഷൻ 10438060598 | 13.6.2022 | 2/2022-5/2022 വരെ (1600x4)= 6,400/- | സഹകരണ ബാങ്ക് അക്കൌണ്ടിലേക്ക് നൽകി |
| 3 | പദ്മാക്ഷി വട്ടേഴത്ത് | 22.10.2021/17.11.2021 | വാർദ്ധക്യകാല പെൻഷൻ 104380200007 | 18.5.2022 | 11/2022-4/2022 വരെ (1600x6) =9,600/- | സഹകരണ ബാങ്ക് അക്കൌണ്ടിലേക്ക് നൽകി |

ബാങ്കുകളുടെ അക്കൌണ്ടിൽ സൂക്ഷിച്ചിരിക്കുന്ന തുക കേരളബാങ്കിലെ പെൻഷൻ അക്കൌണ്ടിലേക്ക് തിരികെ

ഒടുക്കിയതിന്റെ വിശദാംശം അറിയിക്കേണ്ടതാണ്.

ധനകാര്യ(എസ്.എഫ്.സി.ബി) വകുപ്പിന്റെ 28.8.2021 ലെ 63/2021 ധന.സർക്കുലറിലെ (1)-ാം നമ്പർ നിർദ്ദേശപ്രകാരം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന പ്രാദേശിക സർക്കാർ സെക്രട്ടറി മരണപ്പെട്ട വ്യക്തി സ്ഥിരതാമസമാക്കിയിട്ടുള്ള പ്രാദേശിക സർക്കാരിൽ അടുത്തമാസം 10-ാം തീയതിക്കു മുൻപ് മരണവിവരം അറിയിക്കേണ്ടതാണ്. 2021-22 ൽ രജിസ്റ്റർ ചെയ്ത മരണപ്പെട്ടവരുടെ വിവരം പരിശോധിച്ചതിൽ താഴെപ്പറയുന്നവർ മറ്റുപഞ്ചായത്തുകളിലെ പെൻഷൻ ലിസ്റ്റിൽ ആക്ടീവായി തുടരുന്നു.ആയതിനാൽ മേൽ സൂചിപ്പിച്ചിട്ടുള്ള നിർദ്ദേശം നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

| ക്രമ നം. | പേര് /വിലാസം | മരിച്ച തീയതി/ രജിസ്ട്രേഷൻ തീയതി | ആധാർ നമ്പർ /പെൻഷൻതരം /ഐഡി | തദ്ദേശസ്ഥാപനം |
|---|---|---|---|---|
| 1 | സുഗുണൻ, കുത്തപ്പള്ളി ഹൌസ്, ആലപ്പുഴ | 2.1.2022/ 11.1.2022 | 620203174218 വാർദ്ധക്യകാല പെൻഷൻ 104340201270 | തുറവൂർ ഗ്രാമപഞ്ചായത്ത് |
| 2 | രാജൻ സി.കെ., ചെത്തിക്കോട് പി.ഒ., എറണാകുളം | 24.5.2021/ 26.7.2021 | 971586702004 വാർദ്ധക്യകാല പെൻഷൻ 106730201438 | എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്ത് |

ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിനു ലഭിച്ച മറുപടി പ്രകാരം മരണറിപ്പോർട്ട് രജിസ്റ്റർ ചെയ്യുന്നതിന് ആധാർ നിർബന്ധമല്ലാത്തതിനാൽ മരണപ്പെടുന്ന വ്യക്തിക്ക് ക്ഷേമപെൻഷൻ ഉണ്ടോ, ഇല്ലയോ എന്ന കൃത്യമായ വിവരം ലഭ്യമാകില്ല എന്നാണ്. സഹകരണബാങ്കുകൾ വഴി നേരിട്ട് പെൻഷൻ കൈപ്പറ്റുന്നവരുടെ മരണവിവരം അറിയിക്കുന്ന മുറയ്ക്ക് നിലവിൽ സസ്പെൻഡ് ചെയ്യുന്നുണ്ട് എന്നുമാണ് വ്യക്തമാക്കിയിട്ടുള്ളത്.

മരണം രജിസ്റ്റർ ചെയ്യുമ്പോൾ ആധാർ നമ്പർ ലഭ്യമാക്കിയാൽ മാത്രമേ ദേശസാൽകൃതബാങ്കുകൾ വഴി ബാങ്ക് അക്കൌണ്ടിലേക്ക് പെൻഷൻ തുക കൈമാറുന്നവരുടെ പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിനും, ഏതു പ്രാദേശിക സർക്കാരിലാണോ പെൻഷൻ അനുവദിച്ചിരിക്കുന്നത് അതേ പ്രാദേശിക സർക്കാരിലേയ്ക്ക് കൃത്യമായി റിപ്പോർട്ട് സാധിക്കുകയുള്ളൂ. ആയതിനാൽ മരണം രജിസ്റ്റർ ചെയ്യുന്നതിന് ആധാർ നമ്പർ അവശ്യരേഖയാക്കേണ്ടതാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

പുനർവിവാഹം/മരണം എന്നിവ ബോധ്യപ്പെട്ടാൽ സേവനയിൽനിന്നും ടിയാളെ സമയബന്ധിതമായി ഒഴിവാക്കേണ്ടത് സെക്രട്ടറിയുടെയും പെൻഷൻ സെക്ഷന്റെ ചുമതലയുള്ള ഉദ്യോഗസ്ഥരുടെയും ചുമതലയാണ്. പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത മരണങ്ങളിൽ സേവന പെൻഷൻ ഗുണഭോക്താവ് ഉൾപ്പെടുന്നുണ്ടോയെന്ന് പരിശോധിച്ച് ഉണ്ടെങ്കിൽ സമയബന്ധിതമായി സേവനഡേറ്റാബേസിൽ നിന്നും ടിയാളെ ഒഴിവാക്കേണ്ടതാണ്. ആയതിന് സർക്കാർ ഉത്തരവ് (എം.എസ്)നം.97/2020 ധന.തീയതി 23.9.2020 ലെ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കേണ്ടതാണ്.

1) പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങളിൽ നിന്നും ഓരോ പെൻഷൻ വിതരണത്തിനുശേഷവും മരണപ്പെട്ടവരുടെ വിവരം ശേഖരിച്ച് അന്വേഷണത്തിനുശേഷം അത്തരക്കാരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

2) മരണപ്പെട്ടവരുടെ വിവരങ്ങൾ അങ്കണവാടി/ ആശ വർക്കർ എന്നിവർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡേറ്റാബേസിൽ നിന്നും ഒഴിവാക്കാൻ സെക്രട്ടറിമാർ ബാധ്യസ്ഥരാണ്.

3) പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ടശേഷം അനന്തരവകാശികൾ പെൻഷൻ തുക കൈപ്പറ്റുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ തുക അനന്തരവകാശികളിൽ നിന്ന് തിരിച്ചുപിടിച്ച് സർക്കാരിൽ മുതൽക്കൂട്ടേണ്ടതാണ്.

പരാമർശത്തിൽ നാളിതുവരെയായിട്ടും പെൻഷൻ സസ്പെൻഡ് ചെയ്യാത്തതായി സൂചിപ്പിച്ചിട്ടുള്ള വ്യക്തികളുടെ മരണം രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷകളോടോപ്പം ലഭ്യമായ ആധാർ നമ്പർ പ്രകാരമാണ് ടി വ്യക്തികളുടെ പെൻഷൻ സസ്പെൻഡ് ചെയ്തിട്ടില്ല എന്ന് വ്യക്തമാക്കിയിട്ടുള്ളത്. ആയതിനാൽ ടി വ്യക്തികളുടെ അനർഹമായ കാലയളവിലെ പെൻഷൻ തുക 1,22,800/- രൂപ തിരികെ സർക്കാരിലേയ്ക്ക് മുതൽ കൂട്ടുന്നതുവരെ സെക്രട്ടറിയുടെ ബാധ്യതയായിരിക്കുന്നതാണ്.

## 1-30 എർത്ത് വർക്ക് എക്സ്കവേഷന് ഉയർന്ന നിരക്കിൽ GST അനുവദിച്ചു. നഷ്ടം രൂപ

അസിസ്റ്റന്റ് എഞ്ചിനിയർ, LID &EW നിർവ്വഹണം ചെയ്ത താഴെപ്പറയുന്ന തോടിന് ആഴം കൂട്ടുന്ന പ്രവൃത്തിക്ക് കരാറുകാർക്ക് തുക അനുവദിച്ചത് 12% GST ഉൾപ്പെടെയാണ്. 2017ലെ CGST ആക്ട് സെക്ഷൻ 2 ക്ലോസ് 119 പ്രകാരം കരാർ പ്രവൃത്തി മൂല്യത്തിന്റെ 75%ൽ അധികം എർത്ത് വർക്കാണെങ്കിൽ 5% GST മാത്രമാണ് ബാധകമെന്ന്

വ്യക്തമാക്കിയിട്ടുണ്ട്. (Composit Supply Of Works Contract As Defined In Clause 119 Of Sec 2 Of The CGST Act 2017 Involving Predominantly Earth Work Ie, Constituting More Than 75% Of The Value Of Work In Contract Provided To Central Government, State Govt., Union Territory, Local Authority, A Govt. Authority Or A Govt. Entity GST Will Be Applicable On 5%). താഴെപ്പറയുന്ന പ്രവൃത്തികളിൽ പ്രവൃത്തി മൂല്യത്തിന്റെ 95%വും എർത്ത് വർക്കാണ് (എർത്ത് വർക്ക് & സൈറ്റ് ക്ലിയറിംഗ്) അതിനാൽ 5% GST മാത്രമാണ് ബാധകം. 12% GST അനുവദിച്ചതിനാൽ അധികം നൽകാനിടയായി. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തി | കരാറുകാരൻ | അളവു പുസ്തകം | ചെയ്ത പ്രവൃത്തിയുടെ മൂല്യം | അനുവദിച്ച GST 12% | അനുവദിക്കാവുന്ന GST5% | അധികം അനുവദിച്ചത് | ചെലവുവിവരം (ബിൽ നം.) |
|---|---|---|---|---|---|---|---|---|
| 1 | കൊറ്റിലക്കാട് കണ്ടത്തിപ്പറമ്പ് | അഗസ്റ്റിൻ ഡിക്സൺ | 32/21-22 | 43415 | 5219 | 2171 | 3048 | 36/23-02-22 രൂപ 48,624/- |
| 2 | കിഴക്കേ ചക്കനാംപറമ്പ് തോട് ആഴം കൂട്ടൽ | ഫെബിൻ | 33/21-22 | 44510 | 5341 | 2226 | 3115 | 34/19-02-22 രൂപ 49,851/- |
| 3 | കടപ്പള്ളിൽതോട് ആഴം കൂട്ടൽ | സാബു | 39/21-22 | 44579 | 5350 | 2229 | 3121 | 59/28-02-22 രൂപ 49,929/- |
| 4 | ഞാറക്കത്തറ അറക്കപറമ്പ്തോട് ആഴം കൂട്ടൽ | വർഗ്ഗീസ് | 26/21-22 | 44149 | 5298 | 2207 | 3091 | 30/19-02-22 രൂപ 49,449/- |
| 5 | കാട്ടിത്തറതോട് ആഴം കൂട്ടൽ | അഗസ്റ്റിൻ ഡിക്സൺ | 03/21-22 | 44590 | 5351 | 2230 | 3121 | 51/26-02-22 രൂപ 49,941/- |
| 6 | പ്രോജക്ട് കോളനി തോട് ആഴം കൂട്ടൽ | ഫെബിൻ | 19/21-22 | 44611 | 5353 | 2230 | 3123 | 20/21-02-22 രൂപ 49,964/- |
| 7 | ഓന്തേറ വട്ടക്കാട്ട് തോട് ആഴം കൂട്ടൽ | വർഗ്ഗീസ് | 36/21-22 | 44590 | 5351 | 2230 | 3121 | 29/19-02-22 രൂപ 49,941/ |
| 8 | വലിയതറ തോട് ആഴം കൂട്ടൽ | അഗസ്റ്റിൻ ഡിക്സൺ | 19/21-22 | 44401 | 5328 | 2220 | 3108 | 29/19-02-22 രൂപ 49,731/ |
| 9 | പ്ലാവുങ്കൽ കണ്ണിച്ചിറ തോട് ആഴം കൂട്ടൽ | ശ്രീഗോവിന്ദ് | 21/21-22 | 38850 | 4662 | 1943 | 2719 | 42/23-02-22 രൂപ 43,512/ |
| 10 | വടാത്തല തോട് ആഴം കൂട്ടൽ | ഫെബിൻ | 18/21-22 | 39118 | 4694 | 1956 | 2738 | 52/26-02-22 രൂപ 43,812/ |
| 11 | മുല്ലേകുമ്പേൽ പട്ടാണിച്ചിറ തോട് ആഴം കൂട്ടൽ | സൈഫുദ്ദീൻ | 38/21-22 | 44413 | 5329 | 2221 | 3108 | 49/26-02-22 രൂപ 49,742/ |
| 12 | കാരുണ്യമാത കണ്ടനാട് തോട് ആഴം കൂട്ടൽ | സാബു | 8/21-22 | 44565 | 5348 | 2228 | 3120 | 58/28-02-22 രൂപ 49,913/ |
| 13 | ചക്കനാട്ട് തോട് ആഴം കൂട്ടൽ | ഫെബിൻ | 28/21-22 | 44239 | 5309 | 2212 | 3097 | 46/23-02-22 രൂപ 49,548/ |
| 14 | വെള്ളത്തേടത്ത് തോട് ആഴം കൂട്ടൽ | ഫെബിൻ | 20/21-22 | 44509 | 5341 | 2225 | 3116 | 22/21-02-22 രൂപ 49,850/ |
| 15 | നാനാട്ട് തോട് ആഴം കൂട്ടൽ | സാബു | 2/21-22 | 11831 | 1420 | 592 | 828 | 53/26-02-22 രൂപ 13,251/- |
| 16 | പുതുവേലി പാറ്റർ തോട് ആഴം കൂട്ടൽ | ഫെബിൻ | 34/21-22 | 44255 | 5310 | 2213 | 3097 | 26/19-02-22 രൂപ 49,565/ |
| 17 | അറക്കമാലിയേക്കൽ തോട് ആഴം കൂട്ടൽ | അഗസ്റ്റിൻ ഡിക്സൺ | 16/21-22 | 44439 | 5332 | 2222 | 3110 | 54/26-02-22 രൂപ 49,881/ |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 18 | കൊല്ലേഴത്ത് കുന്നംവീട് തോട് ആഴം കൂട്ടൽ | ഷിബു | 13/21-22 | 44175 | 5300 | 2209 | 3091 | 21/19-02-22 രൂപ 49,475/- |
| 19 | ആലക്കടവ് വരമ്പത്ത്ചിറ തോട് ആഴം കൂട്ടൽ | അഗസ്റ്റിൻ ഡിക്സൺ | 6/21-22 | 43877 | 5265 | 2194 | 3071 | 27/19-02-22 രൂപ 49,142/ |
| 20 | കൂട്ടുങ്കൽ പുത്തൻവീട് തോട് ആഴം കൂട്ടൽ | ഫെബിൻ | 9/21-22 | 44250 | 5310 | 2213 | 3097 | 45/23-02-22 രൂപ 49,560/ |
| 21 | പുറത്ത്കാട്ട് കെൽട്രോൺ തോട് ആഴം കൂട്ടൽ | സാബു | 41/21-22 | 44428 | 5331 | 2221 | 3110 | 48/26-02-22 രൂപ 49,579/ |
| 22 | ചിറയിൽ നെല്ലിപ്പുഴ തോട് ആഴം കൂട്ടൽ | അഗസ്റ്റിൻ ഡിക്സൺ | 23/21-22 | 44590 | 5351 | 2230 | 3121 | 33/19-02-22 രൂപ 49,941/ |
| 23 | പടന്നേപ്പള്ളി വട്ടത്തറ തോട് ആഴം കൂട്ടൽ | അഗസ്റ്റിൻ ഡിക്സൺ | 1/21-22 | 44556 | 5347 | 2228 | 3119 | 62/9-3-22 രൂപ 49,903/ |
| 24 | കാട്ടാമ്പള്ളി പാടത്തറ തോട് ആഴം കൂട്ടൽ | സാബു | 42/21-22 | 44501 | 5340 | 2225 | 3115 | 57/26-02-22 രൂപ 49,841/- |
| 25 | പാണ്ട്യാംപറമ്പ് തോട് ആഴം കൂട്ടൽ | ശ്രീഗോവിന്ദ് | 22/21-22 | 44307 | 5317 | 2215 | 3102 | 39/23-02-22 രൂപ 49,624/- |
| 26 | കുമർത്തുശ്ശേരി തോട് ആഴം കൂട്ടൽ | ഷിബു | 7/21-22 | 44057 | 5286 | 2203 | 3083 | 32/19-02-22 രൂപ 49,343/- |
| 27 | മാമ്പള്ളി കണ്ണികാട്ട് തോട് ആഴം കൂട്ടൽ | വർഗ്ഗീസ് | 5/21-22 | 44322 | 5318 | 2216 | 3102 | 28/19-02-22 രൂപ 49,540/- |
| 28 | പാലത്തറ തോട് ആഴം കൂട്ടൽ | ശ്രീഗോവിന്ദ് | 24/21-22 | 44294 | 5315 | 2215 | 3100 | 37/23-02-22 രൂപ 49,609- |
| 29 | കിഴക്കേ പണ്ടാരക്കാട് തോട് ആഴം കൂട്ടൽ | ശ്രീഗോവിന്ദ് | 35/21-22 | 19374 | 2326 | 969 | 1357 | 24/19-02-22 രൂപ 21,700/- |
| 30 | പുതുക്കാട് തോട് റീച്ച് 1 തോട് ആഴം കൂട്ടൽ | അഗസ്റ്റിൻ ഡിക്സൺ | 17/21-22 | 44211 | 5306 | 2211 | 3095 | 60/09-03-22 രൂപ 49,517/- |
| 31 | ചക്കാലപ്പറമ്പ് കണ്ടത്തിപ്പറമ്പ് തോട് ആഴം കൂട്ടൽ | അഗസ്റ്റിൻ ഡിക്സൺ | 14/21-22 | 44496 | 5340 | 2225 | 3115 | 61/09-03-22 രൂപ 49,836/- |
| 32 | വടാത്തല തോട് ആഴം കൂട്ടൽ | ഫെബിൻ | 30/21-22 | 44352 | 5322 | 2218 | 3104 | 55/26-02-22 രൂപ 49,674/- |
| 33 | പുതുക്കാട് റീച്ച് 2 തോട് ആഴം കൂട്ടൽ | അഗസ്റ്റിൻ ഡിക്സൺ | 27/21-22 | 43577 | 5229 | 2179 | 3050 | 23/19-02-22 രൂപ 48,806/- |
| 34 | പൊള്ളയിൽ കൈതവളപ്പിൽ തോട് ആഴം കൂട്ടൽ | ഫെബിൻ | 25/21-22 | 43982 | 5278 | 2199 | 3079 | 44/23-02-22 രൂപ 49,260/- |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 35 | മണ്ണാട്ട് തോട് ആഴം കൂട്ടൽ | ഫെബിൻ | 29/21-22 | 39740 | 4769 | 1987 | 2782 | 31/19-02-22 രൂപ 44,509/- |
| 36 | കരയാംവട്ടം തോട് ആഴം കൂട്ടൽ | വർഗ്ഗീസ് | 37/21-22 | 44630 | 5356 | 2232 | 3124 | 43/23-02-22 രൂപ 49,986/- |
| 37 | എരുമുള്ളിൽ തോട് ആഴം കൂട്ടൽ | അഗസ്റ്റിൻ ഡിക്സൺ | 12/21-22 | 44087 | 5290 | 2204 | 3086 | 47/23-02-22 രൂപ 49,377/- |
| 38 | മുല്ലേക്കുമേൽ പട്ടാണിച്ചിറ തോട് ആഴം കൂട്ടൽ | സൈഫുദ്ദീൻ | 04/21-22 | 44502 | 5340 | 2225 | 3115 | 25/19-02-22 രൂപ 49,842/- |
| 39 | വട്ടക്കാട് തോട് ആഴം കൂട്ടൽ | സാബു | 40/21-22 | 44550 | 5346 | 2228 | 3118 | 50/23-02-22 രൂപ 49,896/- |
| 40 | പള്ളിയറക്കാവ് വേലിക്കകത്ത് തോട് ആഴം കൂട്ടൽ | ഫെബിൻ | 31/21-22 | 44305 | 5317 | 2215 | 3102 | 438/23-02-22 രൂപ 49,622/- |
| | ആകെ | | | | | | 119019 | |

അധികം നൽകിയ തുക കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.22) മറുപടി നൽകിയില്ല.

## 1-31 ആവശ്യമില്ലാത്ത ഇനം ഉൾപ്പെടുത്തിയത് അധികച്ചെലവിനിടയാക്കി

അസിസ്റ്റന്റ് എഞ്ചിനിയർ, LID &EW നിർവ്വഹണം ചെയ്ത താഴെപ്പറയുന്ന പ്രവൃത്തികളിൽ ഫൗണ്ടേഷൻ, ബേസ്മെന്റ് എന്നിവ നിർമ്മിച്ചിരിക്കുന്നത് RR Masonary യിലാണ്. RR Masonary ചെയ്തതിന് പുറമേ 1:2:4 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റിംഗ് 10cm കനത്തിൽ ചെയ്തിട്ടുണ്ട്. ഇത് ചെയ്തിട്ടുള്ളതിനാൽ RR Masonaryയുടെ നിരക്കിൽ ഉൾപ്പെടുത്തിയിരിക്കുന്ന 1:6:12 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റിംഗിന്റെ ആവശ്യമില്ല. എന്നാൽ ഇത് ഉൾപ്പെടുന്ന നിരക്കാണ് കരാറുകാരന് അനുവദിച്ചിരിക്കുന്നത്. RR Masonaryയുടെ നിരക്കിൽ ഉൾപ്പെടുത്തിയിരിക്കുന്ന 1:6:12 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റിംഗിന്റെ നിരക്ക് ചുവടെ കൊടുക്കുന്നു.

| | |
|---|---|
| 1:6:12 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റിംഗിന്റെ നിരക്ക് | 79.16 |
| വാട്ടർ ചാർജ്ജ് 1% | 0.7916 |
| CPOH 15% | 11.993 |
| | 91.9446 |
| കോസ്റ്റ് ഇന്ഡക്സ് 48.71% | 44.78 |
| | 136.72 (Say 137/m3) |

ആവശ്യമില്ലാത്ത മേല്പറഞ്ഞയിനം ഉൾപ്പെടുത്തിയതു വഴി കരാറുകാർക്ക് അധികം തുക നൽകാനിടയായി. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി | കരാറുകാരൻ | RR Masonary യുടെ അളവ് | അധികം നൽകിയ തുക | ചെലവ് വിവരം |
|---|---|---|---|---|---|
| 1 | 17-ാം വാർഡിലെ 31ാം നമ്പർ അങ്കണവാടി പൂർത്തീകരണവും അനുബന്ധപ്രവൃത്തികളും S0139/21 | സാബു | 16.026 M3 അളവു പുസ്തകം 2/21-22 | 16.026 @ 136.72 /M3 = 2191 | ബിൽ നം. - 69/27-03-22 രൂപ 310996 അനുമതി ഉത്തരവ് നം. 658/27-03-22 |

| | | | | | |
|---|---|---|---|---|---|
| | | | | | രൂപ320701/- 468/18-02-22 രൂപ 336547/- |
| 2 | പകൽ വീടിന് ട്രസ്സ് വർക്കും ചുറ്റുമതിലും | വർഗ്ഗീസ് ടി.ജെ | 15.689m3 അളവു പുസ്തകം50/21-22 | 15.689 M3 @136.72 = 2145/- | ബിൽ നം - 77/29-03-22 രൂപ 335057/- |
| 3 | 17-ാംനമ്പർ അങ്കണവാടിക്ക് ചുറ്റുമതിൽ | രാധാകൃഷ്ണൻ | 12.14 M3 അളവു പുസ്തകം28/20-21 | 12.14 @136.72 = 1660 | |
| | ആകെ | | | 5996 | |

അധികം നൽകിയ തുക കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം ) മറുപടി നൽകിയില്ല.

## 1-32 സബ്സിഡി മാർഗ്ഗനിർദ്ദേശം പാലിക്കാതെ തുക നൽകി

| | |
|---|---|
| പ്രോജക്റ്റ് | സുഭിക്ഷ കേരളം -ബയോഫ്ലോക്ക് മത്സ്യ കൃഷി |
| പ്രോജക്റ്റ് നമ്പർ | S0202/22 |
| നിർവ്വഹണോദ്യോഗസ്ഥൻ | ഫിഷറീസ് സബ് ഇൻസ്പെക്ടർ |
| ചെലവ് വിവരം | 1/21-22/18.01.22-34520/-(വികസനഫണ്ട് )പൊതുവിഭാഗം |

5 മീറ്റർ വ്യാസമുള്ള പ്ലാറ്റ്ഫോമിൽ 1.2 മീറ്റർ ഉയരമുള്ളതും 5 മീറ്റർ വ്യാസമുള്ളതുമായ ടാങ്ക് ഇരുമ്പ് ചട്ടക്കൂട്ടിൽ നിർമ്മിച്ച് അതിനുള്ളിൽ 550GSM കനമുള്ള പി.വി.സി ആവരണം ചെയ്ത HDPE ഷീറ്റ് വിരിച്ച ശേഷം ടാങ്കിൽ 4-6 Cm വലിപ്പമുള്ള 1250 മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിച്ച് വളർത്തുന്നതിന് ആകെ യൂണിറ്റ് ചെലവ് 138000 രൂപയെന്ന്(മൂലധനച്ചെലവ് 92000+പ്രവർത്തനച്ചെലവ് 46000/-) കണക്കാക്കിയിട്ടുണ്ട്. പൊതു വിഭാഗം ഗുണഭോക്താക്കൾക്ക് യൂണിറ്റ് ചെലവിന്റെ 40% സബ്സിഡിയായി അനുവദിക്കുന്നതാണ്. സ. ഉ (സാധാ) നം -1009/2020 / തസ്വഭവ തീയതി 29.05.2020 നമ്പർ ഉത്തരവ് പ്രകാരം സബ്സിഡി തുകയുടെ മൂന്നിൽ രണ്ടുഭാഗം തദ്ദേശഭരണ സ്ഥാപനവും മൂന്നിലൊന്ന് ഭാഗം ഫിഷറീസ് വകുപ്പുമാണ് വഹിക്കേണ്ടത്.

ഗുണഭോക്താവ് സ്വന്തം നിലയിൽ പ്രവൃത്തി പൂർത്തീകരിച്ച് മൂലധനച്ചെലവിന്റെ ബില്ലുകളും വൗച്ചറുകളും ഹാജരാക്കിയ മുറയ്ക്ക് യൂണിറ്റ് ചെലവിന്റെ 40% ന്റെ മൂന്നിൽ രണ്ടു ഭാഗത്തേക്കാൾ അധികം വരുന്ന തുക സബ്സിഡിയിനത്തിൽ ഗ്രാമപഞ്ചായത്തിന്റെ വികസനഫണ്ടിൽ നിന്നും നൽകുകയാണ് ചെയ്തിരിക്കുന്നത്. സബ്സിഡി തുകയുടെ മൂന്നിൽ രണ്ടുഭാഗം മാത്രമാണ് തദ്ദേശഭരണ സ്ഥാപനം അനുവദിക്കേണ്ടത്.

വികസനഫണ്ടിൽ നിന്നും അനുവദനീയമായതിൽ കൂടുതൽ തുക സബ്സിഡി അനുവദിച്ചതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | ചെലവഴിച്ച തുക | അനുവദനീയമായ ചെലവ് | അനുവദിച്ച സബ്സിഡി | അനുവദനീയമായ സബ്സിഡി | അധികം നൽകിയത് |
|---|---|---|---|---|---|
| ഹേമരാജ്, ഉമ്പുകൽ | 95,718 | 92,000 | 34,250 | 24,533 | 9,717 |

വികസനഫണ്ടിൽ നിന്നും അനുവദനീയമായതിൽ കൂടുതൽ തുക സബ്സിഡി അനുവദിച്ചതിന് വിശദീകരണം നൽകുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമായില്ല.

ഫിഷറീസ് വകുപ്പിൽ നിന്നും ലഭിക്കേണ്ട സബ്സിഡി തുക ഫിഷറീസ് വകുപ്പിൽ നിന്നും ലഭ്യമായിട്ടുണ്ടോ എന്ന് ഉറപ്പാക്കേണ്ടതാണ്. ഉണ്ടെങ്കിൽ വികസന ഫണ്ടിൽ നിന്നും അധികം നൽകിയ തുക പ്രസ്തുത ഗുണഭോക്താക്കളിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. വിശദീകരണം ലഭ്യമാക്കുന്നതുവരെ ചെലവ് തുകയായ 9,717/-രൂപ

തടസ്സപ്പെടുത്തുന്നു.

## 1-33 സർക്കാർ അംഗീകൃതമല്ലാത്ത തസ്തികയിൽ ആളെ നിയമിച്ച് ശമ്പളം കൊടുക്കുന്നു

പഞ്ചായത്തിൽ സർക്കാർ അംഗീകൃതമല്ലാത്ത തസ്തികയായ ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ ശ്രീമതി ജബീന കെ.എം. എന്നയാളെ നിയമിച്ച് 2021-22 വർഷം ശമ്പളം കൊടുത്തിട്ടുണ്ട്. ജി.ഒ.(പി) നം.81/2019 ധന./09 ഉത്തരവ് പ്രകാരം സർക്കാർ അംഗീകൃതമല്ലാത്ത തസ്തികകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നടത്തേണ്ട സാഹചര്യം വരികയാണെങ്കിൽ സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. സർക്കാർ അംഗീകൃത തസ്തികകളിൽ അടിയന്തിര ഘട്ടങ്ങളിൽ പരമാവധി 90 ദിവസം വരെയുള്ള ദിവസവേതന നിയമനം വകുപ്പ് മേധാവിക്ക് നടത്താവുന്നതാണ്. ഈ കാലാവധിയ്ക്ക് പുറത്ത് ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് അംഗീകൃത തസ്തികകളാണെങ്കിലും സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. അറ്റന്റൻസ് രജിസ്റ്റർ പരിശോധിച്ചതിൽ, 5 വർഷത്തിന് മുകളിൽ ടിയാരി ജോലി ചെയ്ത് വരുന്നതായി കാണുന്നു. ആയതിനാൽ, മേൽ അനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ ഹാജരാക്കേണ്ടതാണ് എന്ന് ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.17 / 18.11.2022) ലഭ്യമാക്കിയില്ല. ടി വിഷയം 19.11.2022ൽ നടന്ന എക്സിറ്റ് മീറ്റിംഗിൽ അവതരിപ്പിച്ചതിന്, അദ്ദേഹ പഞ്ചായത്തിലെ ജോലി ഭാരവും ഉദ്യോഗസ്ഥർക്ക് അവ ചെയ്ത് തീർക്കാൻ സാധിക്കാത്തതിനെക്കുറിച്ചും ടി വിഷയം സർക്കാരിനെ കത്തുകളിലൂടെ നിരന്തരം അറിയിച്ചിട്ടും പഞ്ചായത്തിലേയ്ക്ക് തസ്തിക അനുവദിച്ചു തരുന്നില്ല എന്നുമാണ് പഞ്ചായത്ത് വൈസ് പ്രസിഡന്റ് മറുപടി നല്കിയത്. എന്നാൽ, ടി മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. സർക്കാർ ഉത്തരവുകൾ പാലിച്ച് നിയമനം നടത്താനുള്ള അധികാരം മാത്രമാണ് പഞ്ചായത്ത് സെക്രട്ടറിയ്ക്കുള്ളത്. ആയതിനാൽ, അനധികൃതമായ നിയമനം നടത്തി തനത് ഫണ്ടിൽ നിന്നും തുക നല്കിയത് ക്രമപ്രകാരമല്ല. നിയമനം റദ്ദാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-34 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ- അപാകതകൾ

പ്രോജക്ട് നമ്പർ- 108/22 അടങ്കൽ 7038110/- (വികസന ഫണ്ട് 4400000/- തനത് ഫണ്ട് 2000000/-, സംരക്ഷണ ഗ്രാന്റ് റോഡിതരം- 638110/-)

ബിൽ നമ്പർ 104/18.9.21 – 457438, ബിൽ നമ്പർ 82/19.8.21 -718625

2021-22ൽ സെക്രട്ടറി നടപ്പിലാക്കിയ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ, എന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ പറയുന്നു. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പഞ്ചായത്തിലെ വിവിധ വാർഡുകളിലെ കോവിഡ് രോഗികൾക്കും CFLTCയിലേക്കും ഭക്ഷണം വിതരണം ചെയ്തിട്ടുള്ളത് "നവരുചി" എന്ന ജനകീയ ഭക്ഷണശാലയിൽനിന്നുമാണ്. 1.7.2021 മുതൽ 31.7.21 വരെ ഭക്ഷണം വിതരണം ചെയ്തതിന് ബിൽ നമ്പർ 104/18.9.21 പ്രകാരം 4,57,438/-രൂപ രേണുക ദിനേശൻ എന്ന വ്യക്തിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയിട്ടുള്ളതായി കാണുന്നു. കൂടാതെ മേൽ ഭക്ഷണശാലയുടെ പേരിലുള്ള പ്രിന്റ് ചെയ്ത ബിൽ/ക്യാഷ് രസീത് എന്നിവയൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഓരോ ദിവസവും നിശ്ചിത എണ്ണം ഊണ്, ചായ തുടങ്ങിയ ഭക്ഷണം നൽകിയിട്ടുള്ളതായി വെള്ള പേപ്പറിൽ എഴുതി തയ്യാറാക്കിയ കണക്ക് മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. ഇപ്രകാരം തയ്യാറാക്കിയ കണക്ക് പരിശോധിച്ചതിൽ 8.7.2021ന് ഉച്ച ഊണ് (സാധാ) 92 എണ്ണം നൽകിയതിന് 25/-രൂപയ്ക്ക് പകരം 75/-രൂപ ക്രമത്തിൽ തെറ്റായി കണക്കാക്കി തുക നൽകിയിട്ടുണ്ട്. അതുപോലെ 18.7.21ൽ 99 ഊണ്, 21.7.21ൽ 141 ഊണ്, എന്നിവയിലും മേൽ സൂചിപ്പിച്ചവിധം സ്പെഷ്യൽ എന്ന് രേഖപ്പെടുത്താത്ത സാധാരണ ഊണിന് 25 രൂപയ്ക്ക് പകരം 75 രൂപ നിരക്കിൽ തെറ്റായി രേഖപ്പെടുത്തി ഉയർന്ന നിരക്കിൽ തുക അനുവദിച്ച് നൽകിയിട്ടുണ്ട്. സാക്ഷ്യപ്പെടുത്തിയ പ്രിന്റ് ചെയ്ത ബിൽ, ക്യാഷ് രസീത് എന്നിവയില്ലാതെ പണം നൽകിയതിനും പരാമർശിത മറ്റ് അപാകതകൾക്കും പരിശോധിച്ച് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (13/18.11.22) ലഭ്യമാക്കിയ മറുപടിയിൽ 10.5.21, 12.5.21 എന്നീ തിയതികളിലെ കോർ കമ്മറ്റി തീരുമാനം അനുസരിച്ചാണ് ആഴ്ചയിൽ ഒരു ദിവസവും വിശേഷ ദിവസങ്ങളിലും 75/- നിരക്കിലുള്ള സ്പെഷ്യൽ ഊണ് നൽകിയിട്ടുള്ളതെന്നും അറിയിച്ചിട്ടുണ്ട്. ആഴ്ചയിൽ ഒരു ദിവസമുള്ള സ്പെഷ്യൽ ഊണെന്ന നിലയിലാണ് പ്രത്യേകം വില രേഖപ്പെടുത്താതിരുന്നതെന്ന് അറിയിച്ചിട്ടുണ്ട്. മറുപടി അംഗീകരിക്കാവുന്നതാണെങ്കിലും, ഫയൽ പരിശോധിച്ചതിൽ സ്പെഷ്യൽ ഊണ് നൽകുന്ന ദിവസങ്ങളിൽ നിശ്ചിത എണ്ണം സ്പെഷ്യൽ ഊണ്/നിശ്ചിത എണ്ണം സാധാരണ ഊണ് എന്നിങ്ങനെ പ്രത്യേകം രേഖപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം പ്രത്യേകം രേഖപ്പെടുത്താത്തതും വെള്ള പേപ്പറിൽ തയ്യാറാക്കിയതും ഉത്തരവാദപ്പെട്ട ആരും തന്നെ സാക്ഷ്യപ്പെടുത്താത്തതുമായ കണക്ക് പ്രകാരം ലക്ഷങ്ങൾ ചെലവഴിച്ചത് ക്രമപ്രകാരമല്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| തീയതി | ഇനം /എണ്ണം | | | നൽകിയ നിരക്ക്/ തുക | നൽകാവുന്ന നിരക്ക്/ തുക | | അധികം | ബിൽ നമ്പർ |
|---|---|---|---|---|---|---|---|---|
| 8.7.2021 | ഊണ് (സാധാ) 92 | | | 75/-, 6900/- | 25/-, 2300/- | | 4600/- | 104/18.9.21 |
| 18.7.21(ആകെ 99 പേരാണ് ടി ദിവസം ഭക്ഷണം കഴിച്ചിട്ടുള്ളത്) | പ്രഭാത ഭക്ഷണം- | | 99x41/- | 4059 | 99x41/- | 4059 | 00 | |
| | ഊണ് (സാധാ) | | 99x75/- | 7425 | 99x25/- | 2475 | 4950 | |
| | ചായ,സ്നാക്സ് | | 99x18/- | 1782 | 99x18/- | 1782 | 00 | |
| | വൈകിട്ടത്തെ ഭക്ഷണം | ചപ്പാത്തി | 99x41/- | 3690 | 79x41/- (കഞ്ഞി കഴിച്ചവരുടെ എണ്ണം | 3239 | 451 | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | കിഴിച്ച്) | | | |
| | വൈകിട്ടത്തെ ഭക്ഷണം | കഞ്ഞി | 20x25/- | 500 | 20x25/- | 500 | | |
| 21.7.21 | ഊണ് (സാധാ) | | 141x75/- | 10575 | 141x25/- | 3525 | 7050 | 82/21<br>19.8.21 |
| ആകെ | | | | | | | 17051 | |

മേൽ സൂചിപ്പിച്ചവിധം നിയമാനുസൃതം സാക്ഷ്യപ്പെടുത്തിയതോ പ്രിന്റ് ചെയ്ത മാതൃകയിലുള്ളതോ അല്ലാതെ വെള്ളപേപ്പറിൽ തയ്യാറാക്കിയ കണക്കിന് പകരം ഉത്തരവാദപ്പെട്ടവർ സാക്ഷ്യപ്പെടുത്തിയ അംഗീകൃത ബിൽ പ്രകാരം മാത്രം ചെലവ് നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. മേൽ അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-35 വാഹന വാടക ഇനത്തിൽ ആവശ്യപ്പെട്ടതിലും അധികം തുക നല്കി

വൌച്ചർ നം.22100362 / 13.07.2021 പ്രകാരം 23.06.2021 മുതൽ 30.06.2021 വരെയുള്ള കാലയളവിൽ ആംബുലൻസ് ഓടുന്നതിനായി ശ്രീ.സജീർ കെ.എ. എന്നയാളുടെ അക്കൌണ്ടിലേയ്ക്ക് 24,020/- രൂപ നല്കിയിട്ടുണ്ട്. ടി വൌച്ചറിനൊപ്പം സൂക്ഷിച്ചിട്ടുള്ള രേഖകൾ പരിശോധിച്ചതിൽ, ടിയാൾ താഴെ കൊടുത്തിരിക്കുന്ന തീയതികളിൽ ആവശ്യപ്പെട്ടതിലും അധികം തുക നല്കി.

| തീയതി | ആവശ്യപ്പെട്ട തുക | അനുവദിച്ച തുക | അധികം നല്കിയ തുക |
|---|---|---|---|
| 25.06.2021 | 900 | 940 | 40 |
| 28.06.2021 | 1,000 | 1,144 | 144 |
| 28.06.2021 | 1,000 | 1,144 | 144 |
| 29.06.2021 | 1,000 | 1,144 | 144 |
| 29.06.2021 | 1,000 | 1,144 | 144 |
| 29.06.2021 | 600 | 1,348 | 748 |
| 30.06.2021 | 1,000 | 1,246 | 246 |
| 30.06.2021 | 1,000 | 1,246 | 246 |
| 30.06.2021 | 1,000 | 1,114 | 144 |
| ആകെ | | | 2,000 |

ടി വിവരം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.17/18.11.2022) മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ, അധികം നല്കിയ 2,000/-രൂപ ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ടി തുക ഉത്തരവാദിയായ സെക്രട്ടറിയുടെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

## 1-36 വിവിധ പരിപാടികൾക്ക് ഫോട്ടോ എടുത്ത് മാധ്യമങ്ങളിൽ നല്കിയതിന് തനത് ഫണ്ടിൽ നിന്നും തുക നല്കി

വൌച്ചർ നം.22100696 / 22.10.2021 പ്രകാരം വിവിധ പരിപാടികൾക്ക് ഫോട്ടോ എടുത്ത് മാധ്യമങ്ങളിൽ വാർത്ത നല്കിയതായി കാണിച്ച് ശ്രീ.കുഞ്ഞുമോൻ കെ.റ്റി. എന്നയാൾക്ക് 6,000/-രൂപ നല്കിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ, ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ പ്രോജക്റ്റുകൾ പ്രകാരം വ്യക്തിഗത ആനുകൂല്യം കൈപ്പറ്റിയവരുടെ ഫോട്ടോ എടുത്തതിന്(ഉദാ:-ലാപ്ടോപ്പ് നൽകൽ, ലൈഫ് ഭവനപദ്ധതി ആനുകൂല്യം നൽകൽ)ആണ് തുക നൽകിയത്. എന്നാൽ, ഇത്തരത്തിൽ തുക നല്കുന്നതിന് ഉത്തരവുകൾ ഒന്നും നിലവില്ല എന്ന വിവരം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.17/25.11.2022) മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ, ഉത്തരവുകൾ പാലിക്കാതെ പഞ്ചായത്ത് ഫണ്ടിൽ നിന്നും തുക നല്കുന്നത് ശരിയല്ല. ഇത്തരം ചെലവുകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 1-37 അനുപൂരക പോഷകാഹാര പദ്ധതി- നീതി സ്റ്റോറിൽ നിന്ന് സാധനങ്ങൾ വാങ്ങിച്ചത്

2021-22 സാമ്പത്തിക വർഷം ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം ചെയ്ത അനുപൂരക പോഷകാഹാര പദ്ധതിയുമായി ബന്ധപ്പെട്ട് 36 അങ്കണവാടികളിലേക്ക് ഭക്ഷ്യവസ്തുക്കൾ വാങ്ങിയത് അരൂർ സെൻട്രൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലി.നം.617ന്റെ നീതി സ്റ്റോറിൽ നിന്നാണ്.

സാമൂഹ്യ നീതി (ബി) വകുപ്പിന്റെ 06.08.2019 ലെ ബി1/493/2019/സാ.നീ.വ നം. സർക്കുലർ പ്രകാരം, സംയോജിത ശിശു വികസന പദ്ധതിയുടെ ഭാഗമായി അങ്കണവാടികൾ മുഖേന നടപ്പാക്കുന്ന പോഷകാഹാര പദ്ധതിയുടെ നടത്തിപ്പ് ചുമതല പഞ്ചായത്തുകൾക്കും നഗരസഭകൾക്കും കൈമാറി നൽകിയിട്ടുണ്ട്. അങ്കണവാടികൾക്ക് ആവശ്യമായ ഭക്ഷ്യവസ്തുക്കൾ സിവിൽ സപ്ലൈസ് കോർപറേഷന്റെ അംഗീകൃത വിതരണ കേന്ദ്രങ്ങളായ മാവേലി സ്റ്റോർ, ലാഭം മാർക്കറ്റ് എന്നിവയിൽ സൌകര്യപ്രദമായ രീതിയിൽ ലഭ്യമല്ലാതിരിക്കുന്ന സാഹചര്യത്തിൽ, നീതി സ്റ്റോറുകൾ, സഹകരണ സംഘങ്ങൾ /ബാങ്കുകൾ നടത്തുന്ന സ്റ്റോറുകൾ, ഫിഷറീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന തീരമൈത്രി സ്റ്റോറുകൾ എന്നിവയിൽ നിന്നും താഴെ ചേർക്കുന്ന നിബന്ധനകളോടെ അങ്കണവാടികളിലേക്ക് ഭക്ഷ്യവസ്തുക്കൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വാങ്ങി വിതരണം ചെയ്യാവുന്നതാണ്.

1) പ്രസ്തുത സ്ഥാപനങ്ങൾക്ക് ഫുഡ് സേഫ്റ്റി വകുപ്പിന്റെ ഉൾപ്പടെയുള്ള എല്ലാ നിയമപരമായ അംഗീകാരങ്ങളും ഉണ്ടായിരിക്കണം.

2) വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ വില മാവേലി/സപ്ലൈകോ സ്റ്റോറുകളിൽ നിന്ന് വിതരണം ചെയ്യുന്ന വിലയ്ക്ക് തുല്യമോ/കുറവോ ആയിരിക്കണം. എല്ലാ മാസവും ഒരു തവണ എങ്കിലും DWCDO/PO/CDPO/ICDS SUPERVISOR എന്നീ ഉദ്യോഗസ്ഥരിൽ ആരെങ്കിലും ഒരാൾ വിലനിലവാരം പരിശോധിച്ച് അതിനായി അവരവരുടെ ഓഫീസിൽ സൂക്ഷിക്കുന്ന പ്രത്യേകം രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

ഇതുമായി ബന്ധപ്പെട്ട് നീതി സ്റ്റോറിന്റെ ഫുഡ് സേഫ്റ്റി വകുപ്പിൽ നിന്നുള്ള ലൈസൻസിന്റെ പകർപ്പ്, മാവേലി/സപ്ലൈകോ സ്റ്റോറിലും നീതി സ്റ്റോറിലും ഭക്ഷ്യവസ്തുക്കളുടെ വിലനിലവാരം പരിശോധിച്ച് രേഖപ്പെടുത്തിയ രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.24/18.11.22), നീതി സ്റ്റോറിന്റെ ഫുഡ് സേഫ്റ്റി ലൈസൻസിന്റെ പകർപ്പ് ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും, മാവേലി സ്റ്റോറിലെയും നീതി സ്റ്റോറിലെയും ഭക്ഷ്യവസ്തുക്കളുടെയും വിലനിലവാരം താരതമ്യം ചെയ്ത് രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടില്ലായെന്നും, ഇനിയുള്ള മാസങ്ങളിൽ ഈ നിബന്ധന കർശനമായി പാലിക്കുന്നതാണെന്നും വില താരതമ്യം ചെയ്ത ശേഷം ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ളതു പ്രകാരം മാത്രം ഭക്ഷ്യവസ്തുക്കൾ വാങ്ങുന്നതാണെന്നും ഐ.സി.ഡി.എസ്. സൂപ്പർവൈസർ മറുപടി ലഭ്യമാക്കി. മുകളിൽ സൂചിപ്പിച്ച സാമൂഹ്യ നീതി (ബി) വകുപ്പിന്റെ 06.08.2019 ലെ ബി1/493 /2019/സാ.നീ.വ നം. സർക്കുലറിൽ നിഷ്കർഷിച്ചിട്ടുള്ളത് പ്രകാരം ഭക്ഷ്യവസ്തുക്കൾ വാങ്ങുന്നതിനുള്ള നടപടി ക്രമങ്ങൾ തുടർ വർഷങ്ങളിൽ സ്വീകരിക്കേണ്ടതാണ്. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1- 38 ആദായ നികുതി, ജി.എസ്.ടി.സോഴ്സ് ഡിഡക്ഷൻ നടത്തിയിട്ടില്ല

1) 1961 ലെ ഇൻകം ടാക്സ് ആക്ടിലെ സെക്ഷൻ 194 (C) പ്രകാരം 30000/- രൂപയ്ക്കു മേലുള്ള കരാർ പ്രവർത്തിയിൽ കരാറുകാരന് തുക അനുവദിക്കുമ്പോൾ, വ്യക്തികളാണെങ്കിൽ 1% ഉം സ്ഥാപനങ്ങളാണെങ്കിൽ 2% ഉം നിരക്കിൽ ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്തേണ്ടതാണ്. ഇൻകം ടാക്സ് കമ്മീഷണറുടെ 13.05.20 ലെ നിർദ്ദേശപ്രകാരം 14.05.20 മുതൽ 31.05.21 വരെ വ്യക്തികളാണെങ്കിൽ 0.75% ഉം സ്ഥാപനങ്ങളാണെങ്കിൽ 1.5% ഉം നിരക്കിൽ ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്തിയാൽ മതി. ആയത് പിന്നീട് 31.03.22 വരെ നീട്ടി നൽകി. എന്നാൽ താഴെ ചേർക്കുന്ന പ്രവൃത്തികളിൽ ആവശ്യമായ മെറ്റീരിയൽ സപ്ലൈ ചെയ്തിട്ടുള്ള കരാറുകാരിൽ നിന്നും 1961 ലെ ആദായ നികുതി വകുപ്പിലെ സെക്ഷൻ 194 C യിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം 0.75% ആദായ നികുതി ബില്ലിൽ നിന്നും ഈടാക്കിയിട്ടില്ല.

2) കേന്ദ്ര ധനമന്ത്രാലയത്തിന്റെ 13.09.2018 ലെ വിജ്ഞാപനം നം.50/2018 Central Tax പ്രകാരം ജി.എസ്.ടി.കിഴിവ് നടത്തുവാൻ ബാദ്ധ്യസ്ഥരായ സ്ഥാപനങ്ങൾ 01.10.2018 മുതൽ ജി.എസ്.ടി. ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്തതിനുശേഷം തുക അനുവദിക്കുമ്പോൾ ആകെ കരാർ തുക 2,50,000/- ൽ അധികമായാൽ സ്രോതസ്സിൽ നിന്നും 2% ജി.എസ്.ടി.കിഴിവ് ചെയ്യേണ്ടതാണ്. എന്നാൽ ക്രമ നം.1,7,8,11,12,15ൽ ആയത് ഈടാക്കിയിട്ടില്ല.

3) ക്രമ നം.2,4,5,6,7,8,9,10,11,12,14,15 ലെ കരാറുകാർ മെറ്റീരിയൽസ് വാങ്ങിയതിന്റെ ബില്ല് ഹാജരാക്കിയിട്ടില്ല. ക്രമ നം.1,3,13 പ്രകാരം ഹാജരാക്കിയിട്ടുള്ളത് കരാറുകാർ തന്നെ തയ്യാറാക്കിയ ബില്ലുകൾ ആണ്. മെറ്റീരിയൽ വാങ്ങിയ സ്ഥാപനങ്ങളിൽ നിന്നുള്ള ബില്ലുകൾ ഹാജരാക്കിയിട്ടില്ല.

4) കരാറുകാരുടെ പേരിലുള്ള മുദ്രപ്പത്രങ്ങൾ ഫയലിലുണ്ടെങ്കിലും ആയതിൽ കരാർ സംബന്ധിച്ച രേഖപ്പെടുത്തലോ സാക്ഷ്യപ്പെടുത്തലോ ഇല്ല.

5) കരാറുകാർ ബന്ധപ്പെട്ട വകുപ്പിൽ നികുതി അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കിയെങ്കിലും ഏതൊക്കെ പ്രവൃത്തികളുടെ എന്നതിന്റെ വിവരം ലഭ്യമല്ല.

വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവർത്തിയുടെ പേര് (വർക്ക് കോഡ്) | കരാറുകാരന്റെ പേര് | എം.ബുക്ക് പ്രകാരം കരാറുകാരൻ സപ്ലൈ ചെയ്ത മെറ്റീരിയലിന്റെ തുക | ഈടാക്കേണ്ട ആദായ നികുതി(0.75%) | ഈടാക്കേണ്ട ജി.എസ്.ടി(2%) |
|---|---|---|---|---|---|
| 1 | വാർഡ്- 4-വെളിയിൽ റോഡ് ടൈലിംഗ് (1611010001/RC/278014) | എബ്രഹാം പി.വി. | 4,26,894 | 3202 | 8538 |
| 2 | വാർഡ്- 9-വലിയ വീട് നടപ്പാത ടൈലിംഗ് (1611010001/RC/278458) | അരുൺകുമാർ എ. | 30,536 | 229 | - |
| 3 | വാർഡ്- 16-വട്ടത്തറ നടപ്പാത ടൈലിംഗ് (1611010001/RC/279182) | എബ്രഹാം പി.വി. | 1,87,562 | 1407 | - |
| 4 | വാർഡ്- 16-കൊച്ചുപറമ്പ് നടപ്പാത ടൈലിംഗ് (1611010001/RC/279184) | അരുൺകുമാർ എ. | 2,17,526 | 1631 | - |
| 5 | വാർഡ്- 9-പണ്ടാരക്കാട് റോഡ് നിർമ്മാണം (1611010001/RC/279578) | അരുൺകുമാർ എ. | 1,68,813 | 1266 | - |
| 6 | വാർഡ്- 8-കാട്ടിത്തറ-കയ്യേത്തറ റോഡ് ഗ്രാവലിംഗ് (1611010001/RC/279601) | അരുൺകുമാർ എ. | 1,33,032 | 998 | - |
| 7 | വാർഡ്- 12-കൂട്ടുങ്കൽ-കളത്തിൽ റോഡ് നിർമ്മാണം (1611010001/RC/315431) | അഗസ്റ്റിൻ ഡിക്സൺ | 2,95,630 | 2217 | 5913 |
| 8 | വാർഡ്- 2-നെല്ലിക്കൽ നടപ്പാത ടൈലിംഗ് (1611010001/RC/319624) | വർഗീസ് ടി.ജെ. | 2,87,814 | 2159 | 5756 |
| 9 | വാർഡ്- 4-മേമന നടപ്പാത ടൈലിംഗ് (1611010001/RC/319738) | സെയ്ഫുദീൻ വി.എസ്. | 2,19,926 | 1649 | - |
| 10 | വാർഡ്- 21-ആലുങ്കൽ നടപ്പാത ടൈലിംഗ് പൂർത്തീകരണം(1611010001/RC/319921) | സെയ്ഫുദീൻ വി.എസ്. | 2,18,769 | 1641 | - |
| 11 | വാർഡ്- 16-ഇത്തിപ്പറമ്പ് നടപ്പാത നിർമ്മാണം (1611010001/RC/321133) | ജോർജ് ടി.ജെ. | 2,62,681 | 1970 | 5254 |
| 12 | വാർഡ്- 8-കേളാത്തുകുന്നേൽ റോഡ് ടൈലിംഗ് (1611010001/RC/321133) | ജോർജ് ടി.ജെ. | 3,05,982 | 2295 | 6120 |
| 13 | വാർഡ്- 6-കുവക്കാട്ട് നടപ്പാത | അഗസ്റ്റിൻ | 73,271 | 550 | - |

| | | | | | |
|---|---|---|---|---|---|
| | ടൈലിംഗ് (1611010001/RC /319725) | ഡിക്സൺ | | | |
| 14 | വാർഡ്- 3-പൊങ്ങലിൽ നടപ്പാത ടൈലിംഗ് (1611010001/RC/320133) | രാധാകൃഷ്ണൻ പി.ആർ. | 1,18,792 | 891 | - |
| 15 | വാർഡ്- 21-കുന്നേൽ നടപ്പാത ടൈലിംഗ് (1611010001/RC /319944) | അഗസ്റ്റിൻ ഡിക്സൺ | 2,60,088 | 1951 | 5202 |
| ആകെ | | | | 24056 | 36783 |

കരാറുകാരിൽ നിന്നും സോഴ്സ് ഡിഡക്ഷൻ നടത്താതിരുന്നതിനും, മെറ്റീരിയൽസ് വാങ്ങിയതിന്റെ ബില്ല് ലഭ്യമാക്കാതിരുന്നതിനും, ക്രമ നം.4, 5 എന്നിവയിലെ അപാകതകൾക്കും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 20/ 17.11.22), എം.ജി.എൻ.ആർ.ഇ.ജി.എസ്. സോഫ്റ്റ്വെയറിൽ ആദായനികുതി, ജി.എസ്.ടി. എന്നിവ പിടിക്കുവാൻ നിലവിൽ സംവിധാനം ഇല്ലായെന്ന് മറുപടി ലഭ്യമാക്കി. കരാറുകാർ നികുതി നേരിട്ട് അടവാക്കിയതിന്റെ രേഖയും ഹാജരാക്കി. എന്നാൽ ആയതിൽ ഏതൊക്കെ പ്രവൃത്തികളുടേതാണ് നികുതി അടവാക്കിയതെന്ന വിവരം ലഭ്യമല്ല. കരാറുകാരിൽ നിന്ന് പ്രവൃത്തി തിരിച്ച് നികുതി ഒടുക്കിയതിന്റെ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. മേൽ സൂചിപ്പിച്ചിട്ടുള്ള അപാകതകൾ പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-39 എം.ജി.എൻ.ആർ.ഇ.ജി.എസ് - ഇന്റർലോക്കിംഗ് ടൈലിന് മാർക്കറ്റ് നിരക്കിനേക്കാൾ കൂടിയ നിരക്കിൽ തുക അനുവദിക്കുന്നു

2021-22 സാമ്പത്തികവർഷം ചെയ്തിട്ടുള്ള ഇന്റർലോക്കിംഗ് ടൈൽ വിരിക്കുന്ന പ്രവൃത്തികൾക്ക് അനുവദിച്ചിരിക്കുന്ന നിരക്ക് എസ്റ്റിമേറ്റ് പ്രകാരം 1331.65, 1273.65/m2എന്നിങ്ങനെയാണ് (Providing And Laying 80mm Thick Factorymade C.c. Paver Block Of M-30 Grade .... ). എന്നാൽ ഇതേ പ്രവൃത്തി CPWD Specification പ്രകാരം ചെയ്യുമ്പോൾ കരാറുകാരന്റെ ലാഭം ഓവർഹെഡ് ചാർജ്ജ് കോസ്റ്റ് ഇൻഡക്സ് (48.71%)ഉൾപ്പെടെ അനുവദിക്കുന്നത് 872.03/m2 ആണ്. എന്നാൽ SECURE Software ൽ നിന്നും ലഭ്യമാകുന്ന ഡേറ്റയിൽ കാണിച്ചിരിക്കുന്ന വില 1015/m2 ആണ്. ടൈലിന്റെ മാർക്കറ്റ് വിലയും 1015/m2 നേക്കാളും കുറവാണ്. എന്നാൽ തർവർഷം നടപ്പാക്കിയ പ്രവർത്തികൾക്ക് ടൈൽ വിലയായി 1015/m2, 1050/m2 എന്നിങ്ങനെ രണ്ട് നിരക്ക് നൽകിയതായി കാണുന്നു. ഇതു മൂലം കരാറുകാർക്ക് അധികം തുക നൽകാനിടയാകുന്നു.

| ക്രമ നം. | പ്രവർത്തിയുടെ പേര് (വർക്ക് കോഡ്), കരാറുകാരന്റെ പേര് | എസ്റ്റിമേറ്റ് പ്രകാരം ടൈലിന്റെ വില | എം.ബുക്ക് പ്രകാരം കരാറുകാരന് അനുവദിച്ച തുക/ എം.ബുക്ക് നം./പേജ് നം. | CPWD Specification പ്രകാരം അനുവദിക്കാവുന്ന തുക (872.03/m2) | വ്യത്യാസം |
|---|---|---|---|---|---|
| 1 | വാർഡ്- 4-വെളിയിൽ റോഡ് ടൈലിംഗ് (1611010001/RC /278014), എബ്രഹാം പി.വി. | 330m2 @ 1331.65 | 341365.5 (325.11m2@1050) 229/20-21/16 | 2,83,505.67 | 57,859.83 |
| 2 | വാർഡ്- 16-വട്ടത്തറ നടപ്പാത ടൈലിംഗ് (1611010001/RC /279182), എബ്രഹാം പി.വി. | 153.07m2 @ 1331.65 | 138852 (132.24m2@1050) 162/20-21/18 | 1,15,317.25 | 23,534.75 |
| 3 | വാർഡ്- 9-വലിയ വീട് നടപ്പാത ടൈലിംഗ് (1611010001/RC/278458), അരുൺകുമാർ എ. | 33.80m2 @ 1331.65 | 23100 (22m2@1050) 40/20-21/13 | 19,184.66 | 3,915.34 |
| 4 | വാർഡ്- 16-കൊച്ചുപറമ്പ് നടപ്പാത ടൈലിംഗ് (1611010001/RC/279184), | 170m2 @ 1331.65 | 174037.50 (165.75m2@1050) | 1,44,538.97 | 29,498.53 |

| | | | | | |
|---|---|---|---|---|---|
| | അരുൺകുമാർ എ. | | 129/20-21/10 | | |
| 5 | വാർഡ്- 2-നെല്ലിക്കൽ നടപ്പാത ടൈലിംഗ് (1611010001/RC/319624), വർഗീസ് ടി.ജെ. | 235.20m2 @ 1273.65 | 227948.70 (224.58m2@1015) 57/20-21/15 | 1,95,840.49 | 32,108.21 |
| 6 | വാർഡ്- 4-മേമന നടപ്പാത ടൈലിംഗ് (1611010001/RC /319738), സെയ്ഫുദീൻ വി.എസ്. | 200m2 @ 1273.65 | 174519.10 (171.94m2@1015) 260/20-21/11 | 1,49,936.84 | 24,582.26 |
| 7 | വാർഡ്- 21-ആലുങ്കൽ നടപ്പാത ടൈലിംഗ് പൂർത്തീകരണം(1611010001/RC /319921), സെയ്ഫുദീൻ വി.എസ്. | 222m2 @ 1273.65 | 171311.83 (168.78m2@1015) 3/21-22/11 | 1,47,181.22 | 24130.61 |
| 8 | വാർഡ്- 16-ഇത്തിപ്പറമ്പ് നടപ്പാത നിർമ്മാണം (1611010001/RC/321133), ജോർജ് ടി.ജെ. | 211m2 @ 1273.65 | 205101.05 (202.07m2@1015) 117/20-21/13 | 1,76,211.10 | 28,,889.95 |
| 9 | വാർഡ്- 8-കേളാത്തുകുന്നേൽ റോഡ് ടൈലിംഗ് (1611010001/RC/321133), ജോർജ് ടി.ജെ. | 300m2 @ 1273.65 | 254562 (250.80m2@1015) 226/21-22/9 | 2,18,705.12 | 2,32,756.88 |
| 10 | വാർഡ്- 6-കുവക്കാട്ട് നടപ്പാത ടൈലിംഗ് (1611010001/RC /319725), അഗസ്റ്റിൻ ഡിക്സൺ | 69.3m2@ 1273.65 | 57225.70 (56.38m2@1015) 2/21-22/10 | 49,165.05 | 8,060.65 |
| 11 | വാർഡ്- 3-പൊങ്ങലിൽ നടപ്പാത ടൈലിംഗ് (1611010001/RC/320133), രാധാകൃഷ്ണൻ പി.ആർ. | 84.6m2@ 1273.65 | 85869 (84.6m2@1015) 115/20-21/15 | 73,773.74 | 12,095.26 |
| 12 | വാർഡ്- 21-കുന്നേൽ നടപ്പാത ടൈലിംഗ് (1611010001/RC /319944), രാധാകൃഷ്ണൻ പി.ആർ. | 291.20m2@ 1273.65 | 205263.45 (202.23m2@1015) | 1,76,350.63 | 28,912.82 |
| ആകെ അധികചെലവ് | | | | | 5,06,345.09 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.33 / 19.11.22 ), SECURE Software ൽ ലഭ്യമാകുന്ന റേറ്റ് ഉപയോഗിച്ച് മാത്രമേ എസ്റ്റിമേറ്റുകൾ തയ്യാറാക്കുവാൻ സാധിക്കുകയുള്ളൂ. പ്രാദേശികമായി തയ്യാറാക്കുന്ന റേറ്റുകൾ ഉൾപ്പെടുത്തുന്നതിനും ഒബ്സർവ് ഡേറ്റ തയ്യാറാക്കുന്നതിനും ഉള്ള എഡിറ്റ് ഓപ്ഷൻ സോഫ്റ്റ്വെയറിൽ ലഭ്യമല്ല. അതുകൊണ്ടാണ് SECURE Software ൽ ഉള്ള റേറ്റ് ഉപയോഗിച്ച് എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നത് എന്ന് മറുപടി ലഭ്യമാക്കി.

ടൈലിന്റെ വില, കടത്തുകൂലിയും കരാറുകാരന്റെ ലാഭവും ഉൾപ്പെടെ അനുവദിച്ചാൽ പരമാവധി അനുവദിക്കാവുന്നത് PRICE Software പ്രകാരം 666/m2 ആണ്. എന്നാൽ മേൽ പ്രവൃത്തികളിൽ ടൈലിന്റെ വില 1050, 1015 എന്നീ നിരക്കുകൾ പ്രകാരം അനുവദിച്ച് നൽകി. ആയതുമൂലം അധികചെലവിനിടയാക്കി. ആയതിനാൽ SECURE Software ൽ നിന്നും ലഭ്യമാകുന്ന ഡേറ്റയിൽ ഇന്റർലോക്കിംഗ് ടൈലിന്റെ വില കൂടുതൽ ആണെന്നും ആയത് അധികച്ചെലവിനിടയാക്കുന്നെന്നും ഉള്ള വിവരം NREGS മിഷൻ ഡയറക്ടറുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് സെക്രട്ടറിയുടേയും പഞ്ചായത്ത് കമ്മിറ്റിയുടേയും ശ്രദ്ധ ക്ഷണിക്കുന്നു.

1-40 ഗ്രാമ പഞ്ചായത്ത് സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി എന്നിവർ നടപ്പിലാക്കിയ താഴെ

പറയുന്ന പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | ബിൽ/ചെക്ക് നമ്പർ | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | 4/22 ഐ.കെ.എം ന് വിഹിതം നൽകൽ | സെക്രട്ടറി | 2973296/28.2.22 | 1,04,125 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല |
| 2 | 171/22 അഗതി ആശ്രയ പദ്ധതി | അസിസ്റ്റന്റ് സെക്രട്ടറി | 16/25.2.22 | 6,37,450 | സി.ഡി.എസ് അക്കൗണ്ടിലേക്ക് തുക മാറി നൽകിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല |

ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (27/19.11.22) ലഭ്യമാക്കിയ മറുപടി പ്രകാരം ജില്ലാ പഞ്ചായത്ത് വിഹിതം ലഭ്യമാകാതിരുന്നതിനാലാണ് തൻവർഷം പദ്ധതി നടപ്പിലാക്കുവാൻ സാധിക്കാതെ വന്നതെന്നും 2022-23ൽ സ്പിൽ ഓവറായി പദ്ധതി ഏറ്റെടുത്തിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ച് വിവരം അറിയിക്കുന്നതുവരെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-41 മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) വിവിധ പ്രോജക്ടുകളിൽപ്പെടുത്തി മരുന്നുകൾ വാങ്ങുന്നതിനായി മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് തുക നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെയും മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല.വിശദാംശം താഴെകൊടുക്കുന്നു.

1)പ്രോജക്ട് നം. S00 99/22 വയോജനങ്ങൾക്ക് ബി.പി, ഷുഗർ പരിശോധന

അടങ്കൽ-129400/-
30723/-(വികസനഫണ്ട്)
98677(തനത് ഫണ്ട്)
ചെലവ്

ബിൽ നം -35/21-22-30723/-

| ക്രമ നം. | പ്രഫോമ ഇൻവോയിസ് | ഇൻവോയിസ് നം പ്രകാരം ലഭിച്ച മരുന്ന്/തുക | മരുന്നുകൾ ലഭിക്കാനുള്ളത് |
|---|---|---|---|
| 1 | PRF2219/22.9.2021 -30723/- | 4266/13.6.2022 -2580/- | |
| | ,, | 11320/17.9.2022 -8855 | |
| ആകെ | | 11435/ | 19288/- |

2)s00 88/22 ജീവിത ശൈലീരോഗങ്ങൾക്ക് മരുന്ന് വാങ്ങൽ

അടങ്കൽ-400000/-(മെയിന്റനൻസ് ഫണ്ട് റോഡിതരം)

ചെലവ്
ബിൽ നം -8/21-22/16.7.2021-102219/-

ബിൽ നം -12/21-22/17.8.2021-297780/-

| ക്രമ നം. | പ്രഫോമ ഇൻവോയിസ് | ഇൻവോയിസ് പ്രകാരം ലഭിച്ച മരുന്നിന്റെ വില | മരുന്നുകൾ ലഭിക്കാനുള്ളത് |
|---|---|---|---|
| 1 | PRF851/23.6.2021-102219/- | 4876/7.8.2021-11201/- | |
| | ,, | 584/7.8.2021-6720/- | |
| | ,, | 852/6.12.21-6090/- | |
| | ,, | 2922/25.5.202-36077/- | |
| ആകെ | | 60088/- | 42131/- |
| 2 | PRF1515/5.8.2021-297780/- | 10622/29.12.21-3419/- | |
| | | 11661/24.1.22-34033/- | |
| | | 15090/18.3.22-33399/- | |
| | | 81/2.4.22-35222/- | |
| | | 1792/9.5.22-55885/- | |
| | | 10914/14.9.22-1514/- | |
| | | 15103/28.10.22-14431/ | |

| | | | |
|---|---|---|---|
| ആകെ | | 177903/- | 119877/- |

മരുന്നുകൾ പൂർണ്ണമായും ലഭ്യമാകാത്തതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (29/19.11.22)മറുപടി ലഭ്യമാക്കിയില്ല. മരുന്നുകൾ പൂർണ്ണമായും ലഭ്യമാകുന്നതുവരെ ലഭിക്കാനുള്ള മരുന്നുകളുടെ വിലയായ(19288+42131+119877) = 1,81,296/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-42 ലൈഫ് -മുൻകൂർ തുക കൈപ്പറ്റി നാളിതുവരെ പ്രവൃത്തി ആരംഭിച്ചില്ല

2021-22 സാമ്പത്തികവർഷം വി.ഇ.ഒ. അരൂർ സർക്കിൾ നിർവ്വഹണം ചെയ്ത ലൈഫ് മിഷൻ പ്രോജക്ടുകളുടെ ഫയൽ, ബില്ലുകൾ, രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ അപാകതകൾ ഉള്ളതിന്റെ വിവരം താഴെ ചേർക്കുന്നു.

I) പ്രോജക്ട് നം -S0023/22

പ്രോജക്ടിന്റെ പേര് -ലൈഫ്ഭവനപദ്ധതി(ജനറൽ) 2021

വകയിരുത്തൽ

വികസനഫണ്ട് -13,40,000/-

സംസ്ഥാനാവിഷ്കൃതഫണ്ട് -31,00,000/-

ജില്ലാ പഞ്ചായത്ത് വിഹിതം - 25,00,000/-

മറ്റുള്ളവ - 66,60,000/-

ആകെ അടങ്കൽ - 1,36,00,000/-

ജൂഡ് വി.എക്സ്., വട്ടത്തറ, അരൂർ എന്ന ഗുണഭോക്താവ് 27.10.21 ൽ 40,000/- രൂപ കൈപ്പറ്റി. എന്നാൽ നാളിതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ല.

II) പ്രോജക്ട് നം. -S0179/22(Spillover)

പ്രോജക്ടിന്റെ പേര് -ലൈഫ് 2020 ഫിഷറീസ് അഡീഷണൽ ലിസ്റ്റ്

വകയിരുത്തൽ

വികസനഫണ്ട് - 4,00,000/-

സംസ്ഥാനാവിഷ്കൃതഫണ്ട് -1,00,40,000/-

ബ്ലോക്ക്പഞ്ചായത്ത് വിഹിതം - 10,00,000/-

ജില്ലാ പഞ്ചായത്ത് വിഹിതം - 10,00,000/-

ആകെ അടങ്കൽ - 1,24,40,000/-

താഴെ ചേർക്കുന്ന ഗുണഭോക്താക്കൾ 40,000/- രൂപ കൈപ്പറ്റി. എന്നാൽ നാളിതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, മേൽവിലാസം | തുക കൈപ്പറ്റിയ തീയതി |
|---|---|---|
| 1 | ഷിബു, ചേരുങ്കൽ | 20.03.21 |
| 2 | വൽസല, മട്ടമേൽ നികർത്ത് | 23.03.22 |
| 3 | രഞ്ജിത് എ.എസ്., ആലക്കടവിൽ | 29.03.21 |

III) ലൈഫ് ഭവന പദ്ധതി രജിസ്റ്ററിലെ (എസ്.സി.വിഭാഗം)രേഖപ്പെടുത്തൽ പ്രകാരം താഴെ ചേർക്കുന്ന ഗുണഭോക്താക്കൾ ഭവനനിർമ്മാണത്തിനായി 40,000/- രൂപ കൈപ്പറ്റി. എന്നാൽ നാളിതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, മേൽവിലാസം | വാർഡ് നം. | കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1 | കുഞ്ഞുകുട്ടി, തൗണ്ടക്കേരിക്കളം | 6 | 20.03.21 |
| 2 | ഉത്തമൻ, അഭിജിത് നിവാസ് | 8 | 20.03.21 |
| 3 | അനിത രമണൻ, കമ്പിവേലിക്കകത്ത് | 8 | 29.03.21 |
| 4 | രാജീവൻ, പുതുവള്ളിത്തറ | 10 | 20.03.21 |
| 5 | വൽസല ഉത്തമൻ, കളത്തിത്തറ | 10 | 20.03.21 |
| 6 | ഗീത ഷൺമുഖൻ, പൊക്കലിൽ | 10 | 20.03.21 |

| | | | |
|---|---|---|---|
| 7 | ഷാനിമോൾ, പനത്തറ | 10 | 29.03.21 |
| 8 | ഗീത ദേവദാസ്, പടന്നയിൽ | 10 | 20.03.21 |
| 9 | എ.സി.വേലായുധൻ, വടക്കേപള്ളത്തിൽ | 10 | 20.03.21 |
| 10 | ഷൈനിമോൾ, പനത്തറ | 11 | 29.03.21 |
| 11 | വെളുത്ത, പുതുവൽനികർത്ത് | 11 | 17.03.21 |
| 12 | മുരളി, കാട്ടേനികർത്ത് | 11 | 17.03.21 |
| 13 | രമണി, എറത്തറ | 14 | 20.03.21 |
| 14 | സജീവൻ, കളപ്പുരയ്ക്കൽ | 14 | 17.03.21 |
| 15 | രതീഷ്, വെളുത്തുള്ളി | 15 | 20.03.21 |
| 16 | തങ്കപ്പൻ, കളപ്പുരയ്ക്കൽ | 17 | 17.03.21 |
| 17 | വാസു, കാട്ടിത്തറക്കളം | 20 | 17.03.21 |
| 18 | അജിത, ഞാറക്കൽക്കളം | 20 | 17.03.21 |
| 19 | ലീല കെ.കെ., വാരനാട്ട്കളം | 20 | 17.03.21 |

സരള, പുതുവൽനികർത്ത്, വാർഡ് 12, 90000/-രൂപ കൈപ്പറ്റി.(40000, 50000 (7.5.22)).

മേൽ ഗുണഭോക്താക്കൾ തുക കൈപ്പറ്റിയിട്ടും നാളിതുവരെ പ്രവൃത്തി ആരംഭിക്കാത്തതിന് കാരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക്(നം. 2 തീയതി. 14.11.22, ഓഡിറ്റ് എൻക്വയറി നം. 9 തീയതി. 15.11.22, ഓഡിറ്റ് എൻക്വയറി നം. 10 തീയതി. 15.11.22), പ്രവൃത്തി ആരംഭിക്കാത്ത ഗുണഭോക്താക്കളുടെ യോഗം ഡിസംബർ 31 നകം യോഗം വിളിച്ച് ചേർത്ത് പണി ആരംഭിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും അല്ലാത്തപക്ഷം ആർ.ആർ. നടപടികൾ കൈക്കൊള്ളുന്നതാണെന്നും മറുപടി ലഭ്യമാക്കി. ഭവന നിർമ്മാണം ആരംഭിക്കാത്ത പക്ഷം നൽകിയ തുക പലിശ സഹിതം തിരികെ ഈടാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-43 17-ാം വാർഡിലെ 31-ാം നമ്പർ അങ്കണവാടി പൂർത്തീകരണവും അനുബന്ധപ്രവൃത്തികളും - അധികം നൽകിയത് - 17,788/-

| | |
|---|---|
| പ്രവൃത്തി | 17-ാം വാർഡിലെ 31-ാം നമ്പർ അങ്കണവാടി പൂർത്തീകരണവും അനുബന്ധപ്രവൃത്തികളും S0139/21 |
| കരാറുകാരൻ | സാബു പി.എൽ. |
| അളവു പുസ്തകം | 2/21-22 |
| ചെലവ് വിവരം | ബിൽ നം - 69/27-03-22 രൂപ 3,10,996<br>അനുമതിഉത്തരവ് നം.658/27-03-22 രൂപ 3,20,701/-<br>468/18-02-22 രൂപ 3,36,547/- |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ, LID &EW, അരൂർ ഗ്രാമ പഞ്ചായത്ത് |

അങ്കണവാടിക്ക് ചുറ്റുമതിൽ നിർമ്മിക്കുന്ന പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം എക്സ്ട്രാ ഇനം 2 ആയി അങ്കണവാടിയുടെ മുൻഭാഗം ഉയർത്തുന്ന പ്രവൃത്തിയാണ്. (Construction Of Embankment With Material Obtained From Borrow Pits....). ഈയിനം ചെയ്ത അളവ് ടേപ്പ്മെഷർമെന്റിൽ രേഖപ്പെടുത്തി 52.32 M3 അളവിന് 1022.81/m3 നിരക്കിൽ 53,513/-രൂപ അനുവദിച്ചിട്ടുണ്ട്. കൺസോളിഡേഷൻ ഇനത്തിൽ 10% കുറവു ചെയ്യാതെയാണ് തുക അനുവദിച്ചിരിക്കുന്നത്. കുറവു ചെയ്യേണ്ട അളവും തുകയും - 5.232 M3 @1022.81/m3 = 5351/-

2. അങ്കണവാടിയുടെ മുൻഭാഗത്ത് 21.70 മീറ്റർ നീളത്തിൽ ചുറ്റുമതിലിനുള്ള ഫൗണ്ടേഷൻ നിർമ്മിച്ചിരിക്കുന്നതിന്റെ അളവ് ചുവടെ കൊടുക്കുന്നു.

| | |
|---|---|
| 18.10 X 1.10 X0.40 | 7.964 M3 |

| | |
|---|---|
| 1.80 X1.10 X 0.40 | 0.792 M3 |
| 1.80 X1.10 X0.40 | 0.792 M3 |

എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം എക്സ്ട്രാ ഇനം2 ആയി അങ്കണവാടിയുടെ മുൻഭാഗം ഉയർത്തുന്ന ഫില്ലിംഗ് പ്രവൃത്തി ചെയ്തിരിക്കുന്നത് 23.6 മീറ്റർ നീളത്തിനാണ്. അങ്കണവാടിയുടെ മുൻഭാഗം 21.70 മീറ്റർ നീളമുള്ളപ്പോൾ 23.6 മീറ്റർ നീളത്തിൽ മുറ്റം ഉയർത്തിയതായി കാണിച്ചിരിക്കുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| 20 X 2 X1.20 | 48m3 |
| 1.80 X1.50 X0.80 | 2.16 M3 |
| 1.80 X1.50 X0.80 | 2.16 M3 |
| ആകെ | 52.32 M3 |

മേൽപ്പറഞ്ഞ പ്രകാരം അങ്കണവാടിയുടെ മുൻഭാഗത്ത് ഫൗണ്ടേഷൻ നിർമ്മിച്ചിരിക്കുന്ന 18.10 മീറ്റർ നീളത്തിന് പകരം 20 മീറ്റർ നീളത്തിൽ ഫില്ല് ചെയ്തതായി കാണിച്ചിരിക്കുന്നത് വഴി അധികം നൽകാനിടയായതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| അനുവദിച്ച അളവ് | 20 X2 X 1.20 = 48 M3 |
| യഥാർത്ഥത്തിൽ വരുന്ന അളവ് | 18.10 X 2 X 1.20 = 43.44 M3 |
| അധികം | 4.56 M3 @1022.81 = 4664/- |

3. അങ്കണവാടിക്ക് ചുറ്റുമതിൽ നിർമ്മിക്കുന്നതിന് 19.028 M3 മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. (അളവു പുസ്തകം പേജ് 2, 6)കുഴിച്ചെടുത്ത മണ്ണിന്റെ 40% ഫില്ലിംഗിന് ഉപയോഗിച്ചിട്ടുണ്ടെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട് (അളവു പുസ്തകം പേജ് 2). എന്നാൽ ഫില്ലിംഗിന്റെ അളവിൽ നിന്നും ഇത് കുറവു ചെയ്തിട്ടില്ല. കുറവു ചെയ്യാതെ തുക അനുവദിച്ചതിനാൽ അധികം നൽകാനിടയായി. കുറവു ചെയ്യേണ്ട അളവും തുകയും ചുവടെ കൊടുക്കുന്നു.

കുറവു ചെയ്യേണ്ട അളവ് - 7.6 M3 (19.028 M3 @40%)

മണ്ണിന്റെ വിലയിനത്തിൽ കുറവു ചെയ്യേണ്ട തുക – 7.6 M3 @400/m3 =3040/-

മേൽപ്പറഞ്ഞ അപാകതകളാൽ ആകെ അധികം നൽകിയത് - 13055/- (5351 + 4664 + 3040). അധികം നൽകിയ തുക കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.22/18.11.22) മറുപടി നൽകിയില്ല.

## 1-44 പഞ്ചായത്തിൽ ഒഴിവ് വരുന്ന തസ്തികകളിലേയ്ക്ക് ദിവസവേതനാടിസ്ഥാനത്തിൽ ആളെ നിയമിച്ച് വരുന്നു

1997ലെ കേരളപഞ്ചായത്ത് രാജ് (ഉദ്യോഗസ്ഥരുടെമേൽ നിയന്ത്രണം ചട്ടങ്ങൾ) ചട്ടം-8 പ്രകാരം നിലവിലുള്ള ഏതെങ്കിലും ഒഴിവിലേക്ക് ജീവനക്കാരെ ഉടൻ ലഭ്യമല്ലാത്ത സാഹചര്യത്തിൽ നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ആയിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ജി .ഒ (പി) നം.28/2016 ധന./26.02.2016 പ്രകാരം കരാർ നിയമനങ്ങൾ 179 ദിവസത്തേയ്ക്ക് മാത്രം പരിമിതപ്പെടുത്തേണ്ടതാണെന്നും സർക്കാരിന്റെ സ്പഷ്ടമായ അനുമതിയുടെ അടിസ്ഥാനത്തിൽ മാത്രമേ ഇത്തരം നിയമനങ്ങൾ നടത്താവൂ എന്ന് വ്യക്തമാക്കുന്നുണ്ട്. ശ്രീമതി സോണി കെ.കെ. എന്നയാളെ 01.04.2021 മുതൽ 15.09.2021 വരെ പഞ്ചായത്തിൽ ഒഴിവ് വന്ന ക്ലാർക്ക് തസ്തികയിലേയ്ക്കും 16.09.2021 മുതൽ ഒഴിവുള്ള ഫുൾ ടൈം സ്വീപ്പർ തസ്തികയിൽ ശമ്പളം നല്കി തുടർച്ചയായി ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ച് വരുന്നു. കൂടാതെ, ഒഴിവില്ലാത്ത പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ ശ്രീമതി രമ ലിജു എന്നയാളെ

നിയമിച്ച് വേതനം നൽകി വരുന്നതായി കാണുന്നു. ടി വിവരം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.17/ തീയതി- 18.11.2021) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ ഉത്തരവുകൾ പാലിച്ച് നിയമനം നടത്തേണ്ടതാണ്.

### 1-45 അഡ്വക്കേറ്റിന് ടാക്സി ചാർജ്ജ് - തുക ഓഡിറ്റിൽ നിരാകരിക്കുന്നു

വൌച്ചർ നം.22101489 / 27.03.2022 പ്രകാരം അഡ്വക്കേറ്റിന് ടാക്സി ചാർജ്ജിനത്തിൽ 1,000/- രൂപ നല്കി. അഡ്വക്കേറ്റിന് കേസിൽ ഹാജരാകുന്നതിന് അഡ്വക്കേറ്റിന് ഫീ മാത്രമാണ് നല്കാവുന്നത്. ടി വിവരം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.17 /തീയതി-18.11.2022) മറുപടി ലഭ്യമാക്കിയില്ല. അഡ്വക്കേറ്റിന് ടാക്സി ചാർജ്ജ് ഇനത്തിൽ നല്കിയ തുക ഓഡിറ്റിൽ നിരാകരിക്കുന്നു.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 തൊഴിൽ നികുതി അർദ്ധവർഷ വരുമാനത്തിനനുസൃതമായി ഈടാക്കിയില്ല

2021-22 വർഷത്തെ തൊഴിൽനികുതി ഒടുക്കുന്നതിനായി സ്ഥാപനത്തലവൻ സമർപ്പിച്ച അർദ്ധവാർഷിക വരുമാന പത്രികകൾ പരിശോധിച്ചതിൽ, കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനയുടമ സമർപ്പിച്ച അർദ്ധവർഷ പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്ന വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കിയില്ല. വിശദവിവരം പട്ടികയിൽ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനം /അർദ്ധവർഷം | ജീവനക്കാരന്റെ പേര്, തസ്തിക | പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്ന അർദ്ധ വർഷ വരുമാനം | ഈടാക്കേണ്ട തൊഴിൽ നികുതി | ഈടാക്കിയ തുക | കുറവ് |
|---|---|---|---|---|---|---|
| 1 | മംഗള മറൈൻ എക്സിം ഇന്ത്യ/2 (പ്രൈ) ലിമി., അരൂർ | പ്രജിത്ത് പി., ഡ്രൈവർ | 75,372 | 750 | 600 | 150 |
| | | ഗോപകുമാർ പി. ബി.,ക്ലാർക്ക് | 1,19,706 | 1000 | 750 | 250 |
| | | രത്നമ്മ, ഫീമെയിൽ വർക്കർ | 45,480 | 450 | 300 | 150 |
| | | ഓമന, ഫീമെയിൽ വർക്കർ | 45,290 | 450 | 300 | 150 |
| | | ബീന മാർട്ടിൻ, ഫീമെയിൽ വർക്കർ | 45,483 | 450 | 300 | 150 |
| | | ഗീത പുരുഷോത്തമൻ, ഫീമെയിൽ വർക്കർ | 45,483 | 450 | 300 | 150 |
| | | ലതി, ഫീമെയിൽ വർക്കർ | 45,483 | 450 | 300 | 150 |
| | | ഷൈല, ഫീമെയിൽ വർക്കർ | 45,483 | 450 | 300 | 150 |
| | | പ്രസന്ന, ഫീമെയിൽ വർക്കർ | 45,483 | 450 | 300 | 150 |

| | | | | | | |
|---|---|---|---|---|---|---|
| | | സിന്ധു, ഫീമെയിൽ വർക്കർ | 45,483 | 450 | 300 | 150 |
| | | മായ സി.വി., ഫീമെയിൽ വർക്കർ | 45,483 | 450 | 300 | 150 |
| | | ഗ്രേസി, ഫീമെയിൽ വർക്കർ | 45,483 | 450 | 300 | 150 |
| | | ഷൈലജ, ഫീമെയിൽ വർക്കർ | 45,483 | 450 | 300 | 150 |
| | | ഗീത സജീവൻ, ഫീമെയിൽ വർക്കർ | 45,483 | 450 | 300 | 150 |
| | | ഓമന പി.പി., ഫീമെയിൽ വർക്കർ | 45,483 | 450 | 300 | 150 |
| | | നിഷമോൾ ആർ., ഫീമെയിൽ വർക്കർ | 45,483 | 450 | 300 | 150 |
| | | ശ്രീകല, ഫീമെയിൽ വർക്കർ | 45,483 | 450 | 300 | 150 |
| | | ആഷ കെ., ഫീമെയിൽ വർക്കർ | 45,483 | 450 | 300 | 150 |
| | | അമ്പിക ദേവി, ഫീമെയിൽ വർക്കർ | 48,589 | 450 | 300 | 150 |
| | | ഷീബ, ഫീമെയിൽ വർക്കർ | 48,574 | 450 | 300 | 150 |
| | | ബീന മോൾ, ഫീമെയിൽ വർക്കർ | 49,989 | 450 | 300 | 150 |
| | | ബാലചന്ദ്രൻ, മെയിൽ വർക്കർ | 79,116 | 750 | 450 | 300 |
| 2 | മംഗള സീ ഫുഡ്സ് / 2 | രമ്യ നായർ, സൂപ്പർവൈസർ | 10,365 | 1000 | 750 | 250 |
| | | രജനി, പ്രോസസിംഗ് വർക്കർ | 63,767 | 600 | 450 | 150 |
| | | പുഷ്പ ആർ., പ്രോസസിംഗ് വർക്കർ | 68,464 | 600 | 450 | 150 |

| | | | | | | |
|---|---|---|---|---|---|---|
| | | ഹാജിറ, പ്രോസസിംഗ് വർക്കർ | 76,843 | 750 | 600 | 150 |
| | | സുരേഷ്കുമാർ മഹത, പ്രോസസിംഗ് വർക്കർ | 61,463 | 600 | 225 | 375 |
| | | ബിശ്വനാഥ്, പ്രോസസിംഗ് വർക്കർ | 75,868 | 750 | 300 | 450 |
| | | മിലഗ്രാസ് നായ്ക്ക്, പ്രോസസിംഗ് വർക്കർ | 72,980 | 600 | 300 | 300 |
| | | വിശ്വജിത്ത് കുമാർ ശർമ്മ, പ്രോസസിംഗ് വർക്കർ | 75,481 | 750 | 600 | 150 |
| 3 | ഡ്യൂറോ കാർട്ടമ്സ്/2 | ഷീബ, വർക്കർ | 75,240 | 750 | 600 | 150 |
| | | രമ്യ, അക്കൌണ്ടന്റ് | 75,240 | 750 | 600 | 150 |
| 4 | കോളതറ എക്സ്പോർട്സ് ലിമി./1 | റീത്ത അഗസ്റ്റീൻ | 75,600 | 750 | 600 | 150 |
| 5 | ജിയോ അക്വാട്ടിക് പ്രോഡക്റ്റ്സ്/1 | സനോജ് | 84,000 | 750 | 600 | 150 |
| 6 | അമാൽഗം ഫ്രോസൺ ഫുഡ്സ്/1 | അജീഷ് ചന്ദ്രൻ, ഓഫീസ് അഡ്മിനിസ്ട്രേഷൻ | 90,000 | 750 | 600 | 150 |
| | | സുധീഷ് ഓ.സി., ഇലക്ട്രീഷ്യൻ | 54,876 | 450 | 360 | 90 |
| | | വിനീഷ് വി.ജി., മെഷീൻ ഓപ്പറേറ്റർ | 52,050 | 450 | 360 | 90 |
| 7 | കൃഷി ഭവൻ/2 | ഇന്ദിര മുകുന്ദൻ | 11,484 | 1000 | 750 | 250 |
| 8 | ക്ലാസിക് പെയിന്റ്സ് /2 | അനിൽ കുമാർ ആർ., സീനിയർ സൂപ്പർവൈസർ | 1,30,668 | 1250 | 1000 | 250 |
| | | ഹേമന്ത് കുമാർ, സ്കിൽഡ് ലേബർ | 78,610 | 750 | 600 | 150 |
| 9. | യൂണിറ്റി മാൻ പവർ സൊല്യൂഷൻസ് പ്രൈവറ്റ് ലിമി./2 | സക്കറിയ എൻ. കെ. | 78,492 | 750 | 600 | 150 |
| 10 | പ്ലെയിൻകാസ്റ്റ് മീഡിയ സർവീസ് ലിമി. /2 | ഷബീർ എം.ബി. | 88,346 | 750 | 416 | 334 |
| 11 | പ്രാഗാ മറൈൻ പ്രൈവറ്റ് ലിമി./2 | രാജഗോപാൽ, എഫ് ആർ പി | 93,600 | 750 | 600 | 150 |

| | | | | | | |
|---|---|---|---|---|---|---|
| | | വർക്കർ | | | | |
| 12 | അപരാജിത /2 | വിജേഷ് വി., ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 77,220 | 750 | 600 | 150 |
| | | ശില്പ ഗിരീഷ്, " | 93,000 | 750 | 600 | 150 |
| | | മേരി ദീപ്തി കെ. എം.," | 74,352 | 600 | 450 | 150 |
| 13 | മുക്കത്ത് എന്റർപ്രൈസസ്/2 | ബിപുൽ | 86,000 | 750 | 600 | 150 |
| | | ലോറൻസ് കെ. ജെ. | 77,000 | 750 | 600 | 150 |
| | ആകെ | | | | | 8489 |

ടി വിവരങ്ങൾ ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.34/21.11.2022) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ, നികുതി ഈടാക്കിയതിൽ കുറവ് വന്ന തുകയായ 8,489/-രൂപ ഈടാക്കി ഓഡിറ്റിൽ അറിയിയ്ക്കേണ്ടതാണ്. അല്ലാത്തപക്ഷം, ടി തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-2 ആബുലൻസ് വാടകയിലുണ്ടായ നഷ്ടം 41,500/- രൂപ

അരൂർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആംബുലൻസിന്റെ വാടകയിനത്തിലെ വരവുകളുടെ പരിശോധനയിൽ നിരവധി ഗുരുതരമായ അപാകതകൾ കാണുകയുണ്ടായി.

പഞ്ചായത്ത് വക ആംബുലൻസ് നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ കൊടുക്കുന്ന അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് താഴെപ്പറയും പ്രകാരം നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 31/19.11.22) ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല.

1. പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉണ്ടായിരുന്ന പഴയ ആംബുലൻസിന്റെ വാടക പിരിവിന് ഉപയോഗിച്ചിരുന്ന രസീത് ബുക്ക് നേരിട്ട് പലപ്രാവശ്യം ആവശ്യപ്പെട്ടെങ്കിലും ആംബുലൻസ് ഡ്രൈവറോ ബന്ധപ്പെട്ട സെക്ഷനോ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

2021-22 സാമ്പത്തികവർഷം പഴയ ആംബുലൻസിൽ നിന്നും ലഭിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

നിലവിലുള്ള KL32 S 5023 നമ്പർ ആംബുലൻസിന്റെ രസീത് പരിശോധനയിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

2. 31.3.22 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ അജണ്ട - 1, തീരുമാനം നം.22 പ്രകാരം പുതിയതായി വാങ്ങിയ ആംബുലൻസിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്. ആയതനുസരിച്ച് ഓട്ടത്തിന് കൃത്യമായ രസീത് നൽകേണ്ടതാണ്. മിനിമം നിരക്ക് 15 കിലോമീറ്ററിന് 300/- രൂപയും അതിനുശേഷം ഓരോ കിലോമീറ്ററിനും 15/- രൂപയുമാണ്. എന്നാൽ മേൽ വാഹനം ഓടുന്നതിന് നിലവിൽ 40 കിലോമീറ്റർവരെ മിനിമം നിരക്കായി 650/- രൂപയാണ് ഈടാക്കുന്നത്.

3. രസീതുകളിൽ വാടകയിനത്തിൽ തുക ഈടാക്കിയതിൽ 25/- രൂപ വീതം കുറവ് കാണുന്നു. (മിനിമം 15 കി.മി. - 300/- അധികമുള്ള ഓരോ കി.മീ.നും 15/- രൂപ നിരക്കിന്റെ അടിസ്ഥാനത്തിൽ)

4. താഴെപ്പറയുന്ന ഓട്ടങ്ങളുടെ തുകയ്ക്ക് രസീത് എഴുതാത്തതായി കാണുന്നു.

| ഓട്ടം നം./തീയതി | ദൂരം(കി.മീ.) | ഈടാക്കേണ്ട തുക | ഈടാക്കിയത് | കുറവ് |
|---|---|---|---|---|
| 94/21.6.22 | 61 | 990 | 0 | 990 |
| 113/11.7.22 | 28 | 495 | 0 | 495 |
| 142/28.8.22 | 612 | 9255 | 0 | 9255 |
| 196/25.10.22 | 26 | 465 | 0 | 465 |
| 158/24.9.22 | 40 | 675 | 40 | 635 |
| 194/23.10.22 | 23 | 420 | 0 | 420 |
| | ആകെ കുറവ് | | | 12260/- |

5. താഴെപ്പറയുന്ന ഓട്ടങ്ങൾ 'ഫ്രീ' ആണെന്ന് ലോഗ്ബുക്കിൽ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും തുക ഈടാക്കിയതായി രസീത് എഴുതിയിട്ടുണ്ട്. രസീത് നം.561 പ്രകാരം പിരിച്ച തുക രസീത് നം.1220101863/ 4.7.22 പ്രകാരം പഞ്ചായത്തിൽ അടവാക്കിയിട്ടുമുണ്ട്.

| ഓട്ടം നം./തീ. | ദൂരം | രസീത് നം. | ഈടാക്കിയ തുക |
|---|---|---|---|
| 59/22.5.22 | 40 | 536 | 650/- |
| 63/25.5.22 | 150 | 538 | 2300/- |
| 93/20.6.22 | 72 | 561/4.7.22 | 1130/- |

ഇപ്രകാരം തുക ഈടാക്കിയിട്ടുള്ള ഓട്ടങ്ങൾ 'ഫ്രീ' ആണെന്ന് പ്രസിഡന്റ് സാക്ഷ്യപ്പെടുത്തുന്നതിലെ ആധികാരികത വ്യക്തമാക്കേണ്ടതാണ്.

6. താഴെപ്പറയുന്ന ഓട്ടങ്ങൾക്ക് 2 പ്രാവശ്യം രസീത് എഴുതിയിട്ടുള്ളതായി കാണുന്നു.

| ഓട്ടം നം. | രസീത് നം. | തുക |
|---|---|---|
| 141/25.8.22 | 599 | 9225 |
| | 610 | 9225 |
| 190/21.10.22 | 609 | 980 |
| | 649 | 980 |
| 127/9.8.22 | 584 | 2510 |
| | 589 | 2510 |
| ആകെ അധികം എഴുതിയത് | | 12715/- |

7. ക്യാൻസൽ ചെയ്യുന്ന രസീതുകൾ ക്ഷമതയുള്ള ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തുന്നില്ല.

ഉദാ:- രസീത് നം.541

8. എഴുതാത്ത രസീതുകൾ ക്യാൻസൽ ചെയ്തിട്ടില്ല.

ഉദാ:- രസീത് നം.600

9. 141, 142 എന്നീ ഓട്ടങ്ങളുടെ തുക ഈടാക്കേണ്ട 601, 602 രസീതുകൾ രോഗിയുടെ പേര് മാത്രം എഴുതയതിനുശേഷം ശൂന്യമായി ഇട്ടിരിക്കുന്നു. ഇതിൽ 141-ാം നമ്പർ ഓട്ടത്തിന് 599-ാം നമ്പർ രസീത് എഴുതിയിട്ടുള്ളതാണ്.

10. ഫ്രീ ആയി ഓടിയിട്ടുള്ള പല ട്രിപ്പുകളും പ്രസിഡന്റിന്റെ സാക്ഷ്യപ്പെടുത്തൽ വരുത്തിയിട്ടില്ല.

ഉദാ:- ഓട്ടം നം. 54, 55, 64, 140,193,198

11. രസീത് പ്രകാരമുള്ള തുകകൾ ഓട്ടത്തിനുശേഷം വളരെ ദിവസങ്ങൾക്കുശേഷമാണ് പഞ്ചായത്തിൽ അടവ് വരുത്തുന്നത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ആംബുലൻസ് രസീത് നം, | ഓടിയ തീയതി | പഞ്ചായത്തിൽ തുക അടവാക്കിയത് | ILGMS രസീത് നം. | തുക |
|---|---|---|---|---|
| 611 | 22.10.22 | 01.11.22 | 1220104587 | 650 |
| 603- 609 | 28.8.22 – 21.10.22 | 22.10.22 | 1220104180 | 5285 |
| രസീത് നം./തീ. രേഖപ്പെടുത്തിയിട്ടില്ല. | | 17.11.22 | 1220105173 | 8500 |
| 589- 598 | 1.8.22- 23.8.22 | 15.10.22 | 1220103914 | 10285 |

12. രസീത് ബുക്ക് പ്രകാരം 31.3.22 ലെ (രസീത് നം. 501 മുതൽ 509 വരെ) 5,850/- രൂപയും 01.04.2022 മുതൽ 15.11.2022 വരെയുള്ള (രസീത് നം. 510 മുതൽ 672 വരെ) രസീതുകളിലെ തുകയായ 1,59,100/- രൂപയും ഉൾപ്പെടെ ആകെ 1,64,950/- രൂപ പഞ്ചായത്തിൽ അടവാക്കേണ്ടതാണെങ്കിലും ഇതിൽ 55,590/- രൂപ പഞ്ചായത്തിൽ അടവാക്കിയതിന്റെ ILGMS രസീതുകൾ മാത്രമാണ് ഓഡിറ്റിൽ ഹാജരാക്കിയിട്ടുള്ളത്. ബാക്കിയുള്ള 1,09,360/- രൂപയുടെ ILGMS രസീതുകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

13. രസീതു ബുക്ക് പ്രകാരം പിരിച്ച തുക പഞ്ചായത്തിൽ സമയബന്ധിതമായി ഒടുക്കവരുത്തി എന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തുന്നില്ല.

14. പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം ഓട്ടം ഇല്ലാത്ത സമയത്ത് പൊതുജനങ്ങൾക്ക് കാണത്തക്കവിധം അത്തൂർ ജംഗ്ഷനു സമീപം ആംബുലൻസ് പാർക്ക് ചെയ്യണമെന്നാണ് തീരുമാനിച്ചിട്ടുള്ളതെങ്കിലും പഞ്ചായത്ത് കോമ്പൗണ്ടിനുള്ളിലാണ് ആംബുലൻസ് പാർക്ക് ചെയ്യുന്നത്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന്(നം. 31/19.11.22) പഴയ ആംബുലൻസിന്റെ ലോഗ്ബുക്ക്, രസീത് ബുക്ക് എന്നിവ 06.06.22 ൽ ചാർജ് ഹാൻഡ് ഓവർ ചെയ്തപ്പോൾ എസ്.5 സെക്ഷനിൽ ഏൽപ്പിച്ചില്ല എന്ന മറുപടിയാണ് ലഭ്യമാക്കിയത്. കൂടാതെ പുതിയ KL32 S 5023 നമ്പർ ആംബുലൻസിന്റെ രസീത് ബുക്ക് പ്രകാരം പിരിച്ച തുകയിൽ പഞ്ചായത്തിൽ അടവാക്കിയ തുകയുടെ വിവരങ്ങൾ നേരിട്ട് ലഭ്യമാക്കുകയുണ്ടായി. ആയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| 15.11.2022 വരെ രസീത് പ്രകാരം ആകെ വരവ് | 1,64,950 |
| ഓഡിറ്റ് തീയതി (09.11.2022)വരെ ആകെ പണം അടവ് | 88,800 |
| 17.11.2022 ൽ അടവാക്കിയത് | 8,500 |
| 21.11.2022 ൽ അടവാക്കിയത് | 34,920 |
| ആകെ അടവാക്കിയത് | 1,32,220 |
| 15.11.2022 വരെയുള്ള തുകയിൽ ബാക്കി അടവാക്കാനുള്ളത് | 32,730/- |

രസീത് പ്രകാരം ഈടാക്കിയ തുക പഞ്ചായത്തിൽ അടവാക്കാതെ ദീർഘകാലം കൈവശം വച്ചത് ഗുരുതരമായ ക്രമക്കേടാണ്. ഓഡിറ്റ് അന്വേഷണം നല്കിയതിനുശേഷം മാത്രമാണ് 43,420/- രൂപ പഞ്ചായത്തിൽ അടവാക്കിയത്.
പഞ്ചായത്ത് തീരുമാനപ്രകാരം പുതുക്കിയ വാടക നിരക്ക് സംബന്ധിച്ച് ഡ്രൈവർക്ക് പഞ്ചായത്തിൽ നിന്നും നിർദ്ദേശം നല്കിയിരുന്നില്ലെന്നാണ് ഡ്രൈവർ ഓഡിറ്റിൽ നേരിട്ടറിയിച്ചത്. പഴയ ആംബുലൻസിന്റെ നിരക്ക് നിലവിലും ഈടാക്കിവരുന്നതിനാലാണ് ക്രമ നം.3 ൽ സൂചിപ്പിച്ച തരത്തിൽ മിക്ക ട്രിപ്പുകളിലും 25/- രൂപ വാടകയിൽ വ്യത്യാസമുണ്ടാകുന്നത്.
മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ബാക്കി അടവാക്കാനുള്ള 32,730/- രൂപയും ഓഡിറ്റ് അന്വേഷണത്തിലെ ക്രമ നം.4-ൽ സൂചിപ്പിച്ചിട്ടുള്ള രസീത് എഴുതാത്ത ഓട്ടങ്ങളുടെ തുകയായ 12,260/- രൂപയും ക്രമ നം.9 ൽ സൂചിപ്പിച്ചിട്ടുള്ള 142-ാം നമ്പർ ഓട്ടത്തിന്റെ വാടക 9225/- (612കി.മീ.) രൂപയും ഉൾപ്പെടെയുള്ള തുകയായ 54,215/- രൂപയിൽ നിന്നും ക്രമ നം. 6 ൽ സൂചിപ്പിച്ചിട്ടുള്ള പ്രകാരം 2 തവണ എഴുതിയ രസീതുകളിലെ തുകയിൽ ഒരുതവണത്തെ തുകയായ 12,715/- രൂപ കുറവ് ചെയ്തതിനുശേഷമുള്ള തുക 41,500/- രൂപ ആംബുലൻസ് ഡ്രൈവറിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. തുക ആംബുലൻസ് ഡ്രൈവറിൽ നിന്നും ഈടാക്കാത്തപക്ഷം ആയത് സെക്രട്ടറിയുടെ ബാധ്യതയായിരിക്കുന്നതാണ്.
ആംബുലൻസ് 'ഫ്രീ' ആയി ഓടുന്നതിന് വ്യക്തമായ മാർഗ്ഗനിർദ്ദേശം ഡ്രൈവർക്ക് നൽകേണ്ടതും പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം പൊതുജനങ്ങൾക്ക് കാണത്തക്കവിധം ദേശീയപാതയോരത്ത് ആംബുലൻസ് പാർക്ക് ചെയ്യുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. മറ്റ് അപാകതകൾക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ആംബുലൻസ് വാടകയിനത്തിൽ അധികം തുക നല്കി

വൌച്ചർ നം. 22100362 / 13.07.2021 പ്രകാരം 23.06.2021 മുതൽ 30.06.2021 വരെയുള്ള കാലയളവിൽ ആംബുലൻസ് ഓടുന്നതിനായി ശ്രീ.സജീർ കെ.എ. എന്നയാളുടെ അക്കൌണ്ടിലേയ്ക്ക് 24,020/- രൂപ നല്കിയിട്ടുണ്ട്. ടി വൌച്ചറിനൊപ്പം സൂക്ഷിച്ചിട്ടുള്ള രേഖകൾ പരിശോധിച്ചതിൽ, ടിയാൾ താഴെ കൊടുത്തിരിക്കുന്ന തീയതികളിൽ ആവശ്യപ്പെട്ടതിലും അധികം തുക നല്കി.

| തീയതി | ആവശ്യപ്പെട്ട തുക | അനുവദിച്ച തുക | അധികം നല്കിയ തുക |
|---|---|---|---|
| 25.06.2021 | 900 | 940 | 40 |
| 28.06.2021 | 1,000 | 1,144 | 144 |
| 28.06.2021 | 1,000 | 1,144 | 144 |

| | | | |
|---|---|---|---|
| 29.06.2021 | 1,000 | 1,144 | 144 |
| 29.06.2021 | 1,000 | 1,144 | 144 |
| 29.06.2021 | 600 | 1,348 | 748 |
| 30.06.2021 | 1,000 | 1,246 | 246 |
| 30.06.2021 | 1000 | 1,246 | 246 |
| 30.06.2021 | 1,000 | 1,114 | 144 |
| ആകെ | | | 2,000 |

ടി വിവരം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 17/18.11.2022) മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ, അധികം നല്കിയ 2,000/-രൂപ ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം ടി തുക ഉത്തരവാദിയായ സെക്രട്ടറിയുടെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

## 3- 2 എർത്ത് വർക്ക് എക്സ്കവേഷന് ഉയർന്ന നിരക്കിൽ GST അനുവദിച്ചു. നഷ്ടം രൂപ

അസിസ്റ്റന്റ് എഞ്ചിനിയർ, LID &EW നിർവ്വഹണം ചെയ്ത താഴെപ്പറയുന്ന തോടിന് ആഴം കൂട്ടുന്ന പ്രവൃത്തിക്ക് കരാറുകാർക്ക് തുക അനുവദിച്ചത് 12% GST ഉൾപ്പെടെയാണ്. 2017ലെ CGST ആക്ട് സെക്ഷൻ 2 ക്ലോസ് 119 പ്രകാരം കരാർ പ്രവൃത്തി മൂല്യത്തിന്റെ 75%ൽ അധികം എർത്ത് വർക്കാണെങ്കിൽ 5% GST മാത്രമാണ് ബാധകമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. (Composit Supply Of Works Contract As Defined In Clause 119 Of Sec 2 Of The CGST Act 2017 Involving Predominantly Earth Work Ie, Constituting More Than 75% Of The Value Of Work In Contract Provided To Central Government, State Govt., Union Territory, Local Authority, A Govt. Authority Or A Govt. Entity GST Will Be Applicable On 5%). താഴെപ്പറയുന്ന പ്രവൃത്തികളിൽ പ്രവൃത്തി മൂല്യത്തിന്റെ 100%വും എർത്ത് വർക്കാണ് (എർത്ത് വർക്ക് & സൈറ്റ് ക്ലിയറിംഗ്) അതിനാൽ 5% GST മാത്രമാണ് ബാധകം. 12% GST അനുവദിച്ചതിനാൽ അധികം നൽകാനിടയായി. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തി | കരാറുകാരൻ | അളവു പുസ്തകം | ചെയ്ത പ്രവൃത്തിയുടെ മൂല്യം | അനുവദിച്ച GST 12% | അനുവദിക്കാവുന്ന GST5% | അധികം അനുവദിച്ചത് | ചെലവു വിവരം (ബിൽ നം.) |
|---|---|---|---|---|---|---|---|---|
| 1 | കൊറ്റിലക്കാട് കണ്ടത്തിപ്പറമ്പ് | അഗസ്റ്റിൻ ഡിക്സൺ | 32/21-22 | 43415 | 5219 | 2171 | 3048 | 36/23-02-22 രൂപ 48,624/- |
| 2 | കിഴക്കേ ചക്കനാംപറമ്പ് തോട് ആഴം കൂട്ടൽ | ഫെബിൻ | 33/21-22 | 44510 | 5341 | 2226 | 3115 | 34/19-02-22 രൂപ 49,851/- |
| 3 | കടപ്പള്ളിൽതോട് ആഴം കൂട്ടൽ | സാബു | 39/21-22 | 44579 | 5350 | 2229 | 3121 | 59/28-02-22 രൂപ 49,929/- |
| 4 | ഞാറക്കത്തറ അറക്കപറമ്പ്തോട് ആഴം കൂട്ടൽ | വർഗ്ഗീസ് | 26/21-22 | 44149 | 5298 | 2207 | 3091 | 30/19-02-22 രൂപ 49,449/- |
| 5 | കാട്ടിത്തറതോട് ആഴം കൂട്ടൽ | അഗസ്റ്റിൻ ഡിക്സൺ | 03/21-22 | 44590 | 5351 | 2230 | 3121 | 51/26-02-22 രൂപ 49,941/- |
| 6 | പ്രോജക്ട് കോളനി തോട് ആഴം കൂട്ടൽ | ഫെബിൻ | 19/21-22 | 44611 | 5353 | 2230 | 3123 | 20/21-02-22 രൂപ 49,964/- |
| 7 | ഓന്തേറ വട്ടക്കാട്ട് തോട് ആഴം കൂട്ടൽ | വർഗ്ഗീസ് | 36/21-22 | 44590 | 5351 | 2230 | 3121 | 29/19-02-22 രൂപ 49,941/ |
| 8 | വലിയതറ തോട് ആഴം കൂട്ടൽ | അഗസ്റ്റിൻ ഡിക്സൺ | 19/21-22 | 44401 | 5328 | 2220 | 3108 | 29/19-02-22 രൂപ 49,731/ |
| 9 | പ്ലാവുങ്കൽ കണ്ണിച്ചിറ തോട് ആഴം കൂട്ടൽ | ശ്രീഗോവിന്ദ് | 21/21-22 | 38850 | 4662 | 1943 | 2719 | 42/23-02-22 രൂപ 43,512/ |
| 10 | വടാത്തല തോട് ആഴം കൂട്ടൽ | ഫെബിൻ | 18/21-22 | 39118 | 4694 | 1960 | 2734 | 52/26-02-22 രൂപ 43,812/ |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 11 | മുല്ലേകുമ്പേൽ പട്ടാണിച്ചിറ തോട് ആഴം കൂട്ടൽ | സൈഫുദ്ദീൻ | 38/21-22 | 44413 | 5329 | 2221 | 3108 | 49/26-02-22 രൂപ 49,742/ |
| 12 | കാരുണ്യമാത കണ്ടനാട് തോട് ആഴം കൂട്ടൽ | സാബു | 8/21-22 | 44565 | 5348 | 2228 | 3120 | 58/28-02-22 രൂപ 49,913/ |
| 13 | ചക്കനാട്ട് തോട് ആഴം കൂട്ടൽ | ഫെബിൻ | 28/21-22 | 44239 | 5309 | 2212 | 3097 | 46/23-02-22 രൂപ 49,548/ |
| 14 | വെളുത്തേടത്ത് തോട് ആഴം കൂട്ടൽ | ഫെബിൻ | 20/21-22 | 44509 | 5341 | 2225 | 3116 | 22/21-02-22 രൂപ 49,850/ |
| 15 | നാനാട്ട് തോട് ആഴം കൂട്ടൽ | സാബു | 2/21-22 | 11831 | 1420 | 592 | 828 | 53/26-02-22 രൂപ 13,251/- |
| 16 | പുതുവേലി പാറ്റർ തോട് ആഴം കൂട്ടൽ | ഫെബിൻ | 34/21-22 | 44255 | 5310 | 2213 | 3097 | 26/19-02-22 രൂപ 49,565/ |
| 17 | അറക്കമാളിയേക്കൽ തോട് ആഴം കൂട്ടൽ | അഗസ്റ്റിൻ ഡിക്സൺ | 16/21-22 | 44439 | 5332 | 2222 | 3110 | 54/26-02-22 രൂപ 49,881/ |
| 18 | കൊല്ലേഴത്ത് കുന്നംവീട് തോട് ആഴം കൂട്ടൽ | ഷിബു | 13/21-22 | 44175 | 5300 | 2209 | 3091 | 21/19-02-22 രൂപ 49,75/- |
| 19 | ആലക്കടവ് വരമ്പത്ത്ചിറ തോട് ആഴം കൂട്ടൽ | അഗസ്റ്റിൻ ഡിക്സൺ | 6/21-22 | 43877 | 5265 | 2194 | 3071 | 27/19-02-22 രൂപ 49,142/ |
| 20 | കുട്ടുങ്കൽ പുത്തൻവീട് തോട് ആഴം കൂട്ടൽ | ഫെബിൻ | 9/21-22 | 44250 | 5310 | 2213 | 3097 | 45/23-02-22 രൂപ 49,560/ |
| 21 | പുറത്ത്കാട്ട് കെൽട്രോൺ തോട് ആഴം കൂട്ടൽ | സാബു | 41/21-22 | 44428 | 5331 | 2221 | 3110 | 48/26-02-22 രൂപ 49,579/ |
| 22 | ചിറയിൽ നെല്ലിപ്പുഴ തോട് ആഴം കൂട്ടൽ | അഗസ്റ്റിൻ ഡിക്സൺ | 23/21-22 | 44590 | 5351 | 2230 | 3121 | 33/19-02-22 രൂപ 49,941/ |
| 23 | പടന്നേപ്പള്ളി വട്ടത്തറ തോട് ആഴം കൂട്ടൽ | അഗസ്റ്റിൻ ഡിക്സൺ | 1/21-22 | 44556 | 5347 | 2228 | 3119 | 62/9-3-22 രൂപ 49,903/ |
| 24 | കാട്ടാമ്പള്ളി പാടത്തറ തോട് ആഴം കൂട്ടൽ | സാബു | 42/21-22 | 44501 | 5340 | 2225 | 3115 | 57/26-02-22 രൂപ 49,841/- |
| 25 | പാണ്ട്യാംപറമ്പ് തോട് ആഴം കൂട്ടൽ | ശ്രീഗോവിന്ദ് | 22/21-22 | 44307 | 5317 | 2215 | 3102 | 39/23-02-22 രൂപ 49,624/- |
| 26 | കമർത്തുശ്ശേരി തോട് ആഴം കൂട്ടൽ | ഷിബു | 7/21-22 | 44057 | 5286 | 2203 | 3083 | 32/19-02-22 രൂപ 49,343/- |
| 27 | മാമ്പള്ളി കണ്ണികാട്ട് തോട് ആഴം കൂട്ടൽ | വർഗ്ഗീസ് | 5/21-22 | 44322 | 5318 | 2216 | 3102 | 28/19-02-22 രൂപ 49,540/- |
| 28 | പാലത്തറ തോട് ആഴം കൂട്ടൽ | ശ്രീഗോവിന്ദ് | 24/21-22 | 44294 | 5315 | 2215 | 3100 | 37/23-02-22 രൂപ 49,609- |
| 29 | കിഴക്കേ പണ്ടാരക്കാട് തോട് ആഴം കൂട്ടൽ | ശ്രീഗോവിന്ദ് | 35/21-22 | 19374 | 2326 | 969 | 1357 | 24/19-02-22 രൂപ 21,700/- |
| 30 | പുതുക്കാട് തോട് | അഗസ്റ്റിൻ | 17/21-22 | 44211 | 5306 | 2211 | 3095 | 60/09-03-22 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | റീച്ച് 1 തോട് ആഴം കൂട്ടൽ | ഡിക്സൺ | | | | | | രൂപ 49,517/- |
| 31 | ചക്കാലപ്പറമ്പ് കണ്ടത്തിപ്പറമ്പ് തോട് ആഴം കൂട്ടൽ | അഗസ്റ്റിൻ ഡിക്സൺ | 14/21-22 | 44496 | 5340 | 2225 | 3115 | 61/09-03-22 രൂപ 49,836/- |
| 32 | വടാത്തല തോട് ആഴം കൂട്ടൽ | ഫെബിൻ | 30/21-22 | 44352 | 5322 | 2218 | 3104 | 55/26-02-22 രൂപ 49,674/- |
| 33 | പുതുക്കാട് റീച്ച് 2 തോട് ആഴം കൂട്ടൽ | അഗസ്റ്റിൻ ഡിക്സൺ | 27/21-22 | 43577 | 5229 | 2179 | 3050 | 23/19-02-22 രൂപ 48,806/- |
| 34 | പൊള്ളയിൽ കൈതവളപ്പിൽ തോട് ആഴം കൂട്ടൽ | ഫെബിൻ | 25/21-22 | 43982 | 5278 | 2199 | 3079 | 44/23-02-22 രൂപ 49,260/- |
| 35 | മണ്ണാട്ട് തോട് ആഴം കൂട്ടൽ | ഫെബിൻ | 29/21-22 | 39740 | 4769 | 1987 | 2782 | 31/19-02-22 രൂപ 44,509/- |
| 36 | കരയാംവട്ടം തോട് ആഴം കൂട്ടൽ | വർഗ്ഗീസ് | 37/21-22 | 44630 | 5356 | 2232 | 3124 | 43/23-02-22 രൂപ 49,986/- |
| 37 | എരുമുള്ളിൽ തോട് ആഴം കൂട്ടൽ | അഗസ്റ്റിൻ ഡിക്സൺ | 12/21-22 | 44087 | 5290 | 2204 | 3086 | 47/23-02-22 രൂപ 49,377/- |
| 38 | മുല്ലേക്കുമ്പേൽ പട്ടാണിച്ചിറ തോട് ആഴം കൂട്ടൽ | സൈഫുദ്ദീൻ | 04/21-22 | 44502 | 5340 | 2225 | 3115 | 25/19-02-22 രൂപ 49,842/- |
| 39 | വട്ടക്കാട് തോട് ആഴം കൂട്ടൽ | സാബു | 40/21-22 | 44550 | 5346 | 2228 | 3118 | 50/23-02-22 രൂപ 49,896/- |
| 40 | പള്ളിയറക്കാവ് വേലിക്കകത്ത് തോട് ആഴം കൂട്ടൽ | ഫെബിൻ | 31/21-22 | 44305 | 5317 | 2215 | 3102 | 438/23-02-22 രൂപ 49,622/- |
| | ആകെ | | | | | | 119115 | |

അധികം നൽകിയ തുക കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം. ) മറുപടി നൽകിയില്ല.

## 3-3 17-ാം വാർഡിലെ 31-ാം നമ്പർ അങ്കണവാടി പൂർത്തീകരണവും അനുബന്ധപ്രവൃത്തികളും - അധികം നൽകിയത് - 17,788/-

| | |
|---|---|
| പ്രവൃത്തി | 17-ാം വാർഡിലെ 31-ാം നമ്പർ അങ്കണവാടി പൂർത്തീകരണവും അനുബന്ധപ്രവൃത്തികളും S0139/21 |
| കരാറുകാരൻ | സാബു പി.എൽ. |
| അളവ് പുസ്തകം | 2/21-22 |
| ചെലവ് വിവരം | ബിൽ നം - 69/27-03-22 രൂപ 3,10,996<br>അനുമതി ഉത്തരവ് നം. 658/27-03-22 രൂപ 3,20,701/-<br>468/18-02-22 രൂപ 3,36,547/- |

| | |
|---|---|
| | |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ, LID &EW, അത്രർ ഗ്രാമ പഞ്ചായത്ത് |

അങ്കണവാടിക്ക് ചുറ്റുമതിൽ നിർമ്മിക്കുന്ന പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം എക്സ്ട്രാ ഇനം2 ആയി അങ്കണവാടിയുടെ മുൻഭാഗം ഉയർത്തുന്ന പ്രവൃത്തിയാണ്. (Construction Of Embankment With Material Obtained From Borrow Pits....). ഈയിനം ചെയ്ത അളവ് ടേപ്പ്മെഷർമെന്റിൽ രേഖപ്പെടുത്തി 52.32 $M^3$ അളവിന് 1022.81/m3 നിരക്കിൽ 53,513/-രൂപ അനുവദിച്ചിട്ടുണ്ട്. കൺസോളിഡേഷൻ ഇനത്തിൽ 10% കുറവു ചെയ്യാതെയാണ് തുക അനുവദിച്ചിരിക്കുന്നത്. കുറവു ചെയ്യേണ്ട അളവും തുകയും - 5.232 $M^3$ @1022.81/$m^3$ = 5351/-

2.അങ്കണവാടിയുടെ മുൻഭാഗത്ത് ചുറ്റുമതിൽ നിർമ്മിച്ചിരിക്കുന്നതിന്റെ അളവ് ചുവടെ കൊടുക്കുന്നു.

| | |
|---|---|
| 18.10 X 1.10 X0.40 | 7.964 M3 |
| 1.80 X1.10 X 0.40 | 0.792 M3 |
| 1.80 X1.10 X0.40 | 0.792 M3 |

എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം എക്സ്ട്രാ ഇനം 2 ആയി അങ്കണവാടിയുടെ മൻഭാഗം ഉയർത്തുന്ന ഫില്ലിംഗ് പ്രവൃത്തി ചെയ്തിരിക്കുന്നത് 20 മീറ്റർ നീളത്തിനാണ്. വിശദാംശം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| 20 X 2 X1.20 | 48 $M^3$ |
| 1.80 X1.50 X0.80 | 2.16 $M^3$ |
| 1.80 X1.50 X0.80 | 2.16 $M^3$ |
| ആകെ | 52.32 $M^3$ |

അങ്കണവാടിയുടെ മുൻഭാഗത്ത് ചുറ്റുമതിൽ നിർമ്മിച്ചിരിക്കുന്നതിന്റെ അളവ് 18.10 മീറ്റർ നീളമുള്ളപ്പോൾ 20 മീറ്റർ നീളത്തിൽ ഫില്ല് ചെയ്തതായി കാണിച്ചിരിക്കുന്നത് വഴി അധികം നൽകാനിടയായതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| അനുവദിച്ച അളവ് | 20 X2 X 1.20 = 48 $M^3$ |
| യഥാർത്ഥത്തിൽ വരുന്ന അളവ് | 18.10 X 2 X 1.20 = 43.44 $M^3$ |
| അധികം | 4.56 $M^3$ @1022.81 = 4664/- |

3. അങ്കണവാടിക്ക് ചുറ്റുമതിൽ നിർമ്മിക്കുന്നതിന് 19.028 $M^3$ മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. (അളവ് പുസ്തകം പേജ് 2, 6)കുഴിച്ചെടുത്ത മണ്ണിന്റെ 40% ഫില്ലിംഗിന് ഉപയോഗിച്ചിട്ടുണ്ടെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട് (അളവ് പുസ്തകം പേജ് 2). എന്നാൽ ഫില്ലിംഗിന്റെ അളവിൽ നിന്നും ഇത് കുറവു ചെയ്തിട്ടില്ല. കുറവു ചെയ്യാതെ തുക അനുവദിച്ചതിനാൽ അധികം നൽകാനിടയായി. കുറവു ചെയ്യേണ്ട അളവും തുകയും ചുവടെ കൊടുക്കുന്നു.

കുറവു ചെയ്യേണ്ട അളവ് - 7.6 $M^3$ (19.028 $M^3$ @40%)

അധികം നൽകിയ തുക – 7.6 $M^3$ @400/$m^3$ = 3040/-

മേൽപ്പറഞ്ഞ അപാകതകളാൽ ആകെ അധികം നൽകിയത് - 13055/- (5351 + 4664 + 3040). അധികം നൽകിയ തുക കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം ) മറുപടി നൽകിയില്ല.

## 3-4 ആവശ്യമില്ലാത്ത ഇനം ഉൾപ്പെടുത്തിയത് അധികച്ചെലവിനിടയാക്കി

അസിസ്റ്റന്റ് എഞ്ചിനിയർ, LID &EW നിർവ്വഹണം ചെയ്ത താഴെപ്പറയുന്ന പ്രവൃത്തികളിൽ ഫൗണ്ടേഷൻ, ബേസ്മെന്റ് എന്നിവ നിർമ്മിച്ചിരിക്കുന്നത് RR Masonary യിലാണ്. RR Masonary ചെയ്തതിന് പുറമേ 1:2:4 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റിംഗ് 10cm കനത്തിൽ ചെയ്തിട്ടുണ്ട്. ഇത് ചെയ്തിട്ടുള്ളതിനാൽ RR Masonaryയുടെ നിരക്കിൽ ഉൾപ്പെടുത്തിയിരിക്കുന്ന 1:6:12 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റിംഗിന്റെ ആവശ്യമില്ല. എന്നാൽ ഇത് ഉൾപ്പെടുന്ന നിരക്കാണ് കരാറുകാരന് അനുവദിച്ചിരിക്കുന്നത്. RR Masonaryയുടെ നിരക്കിൽ ഉൾപ്പെടുത്തിയിരിക്കുന്ന 1:6:12 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റിംഗിന്റെ നിരക്ക് ചുവടെ കൊടുക്കുന്നു.

| | |
|---|---|
| 1:6:12 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റിംഗിന്റെ നിരക്ക് | 79.16 |
| വാട്ടർ ചാർജ്ജ് 1% | 0.7916 |
| CPOH 15% | 11.993 |
| | 91.9446 |
| കോസ്റ്റ് ഇൻഡക്സ് 48.71% | 44.78 |
| | 136.72 (Say 137/m3) |

ആവശ്യമില്ലാത്ത മേല്പറഞ്ഞയിനം ഉൾപ്പെടുത്തിയതു വഴി കരാറുകാർക്ക് അധികം തുക നൽകാനിടയായി. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി | കരാറുകാരൻ | RR Masonary യുടെ അളവ് | അധികം നൽകിയ തുക | ചെലവ് വിവരം |
|---|---|---|---|---|---|
| 1 | 17-ാം വാർഡിലെ 31-ാം നമ്പർ അങ്കണവാടി പൂർത്തീകരണവും അനുബന്ധപ്രവൃത്തികളും S0139/21 | സാബു | $16.026\ M^3$ അളവ് പുസ്തകം 2/21-22 | 16.026 @ 136.72 /M3 = 2191 | ബിൽ നം - 69/27-03-22 രൂപ 3,10,996<br>അനുമതി ഉത്തരവ് നം. 658/27-03-22 രൂപ 3,20,701/-<br>468/18-02-22 രൂപ 3,36,547/- |
| 2 | പകൽ വീടിന് ട്രസ്സ് വർക്കും ചുറ്റുമതിലും | വർഗ്ഗീസ് ടി.ജെ. | $15.689m^3$ അളവ് പുസ്തകം50/21-22 | 15.689 M3 @136.72 = 2145/- | ബിൽ നം - 77/29-03-22 രൂപ 3,35,057/- |
| 3 | 17-ാം നമ്പർ അങ്കണവാടിക്ക് ചുറ്റുമതിൽ | രാധാകൃഷ്ണൻ | 12.14 M3 അളവ് പുസ്തകം28/20-21 | 12.14 @136.72 = 1660 | |
| | ആകെ | | | 5996 | |

അധികം നൽകിയ തുക കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം ) മറുപടി നൽകിയില്ല.

## 3-5 പാർട്ട് ടൈം കണ്ടിജന്റ് തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം - വേതനമിനത്തിൽ തുക അധികം നല്കി

ജി.ഒ.(പി) നം. 269 / 83 / ജി.എ.ഡി തീയതി-14.09.1983 പ്രകാരം പാർട്ട് ടൈം കണ്ടിജന്റ് തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്നവർക്ക് തുടക്കക്കാരായ കണ്ടിജന്റ് ജീവനക്കാർക്ക് നല്കുന്ന പ്രതിഫലത്തിന് ആനുപാതികമായി ദിവസ വേതനം (13000/30=433 രൂപ) നൽകാവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് കാലയളവിൽ പാർട്ട് ടൈം കണ്ടിജന്റ് തസ്തികയിൽ (മാർക്കറ്റ് ക്ലീനിംങ്ങ്) സ്ഥിരം ജീവനക്കാരെ നിയമിച്ചിട്ടില്ലാത്തതിനാൽ, ദിവസവേതന വ്യവസ്ഥയിൽ നിയമനം നല്കിയ വ്യക്തിക്ക് (ശ്രീമതി രമ ലിജു) 585 /- രൂപ നിരക്കിലുമാണ് തുക നല്കിയിട്ടുള്ളത്. ആയതിന്റെ വിശദവിവരം താഴെ കൊടുക്കുന്നു.

| വൗച്ചർ നം./ തീയതി | അനുവദിക്കേണ്ട തുക | അനുവദിച്ച തുക | അധികം |
|---|---|---|---|
| 22100015/1.04.21 | 30x433 = 12,990 | 30x585 = 17550 | 4560 |
| 22100113/1.05.21 | 28x433 = 12,124 | 28x585 = 16380 | 4256 |
| 22100/1.06.21 | 31x433 = 13,423 | 31x585 = 18135 | 4712 |
| 22100316/1.07.21 | 30x433 = 12,990 | 30x585 = 17550 | 4560 |
| 22100445/2.08.21 | 30x433 = 12,990 | 30x585 = 17550 | 4560 |
| 22100546/1.09.21 | 25x433 = 10,825 | 25x585 = 14625 | 3800 |
| 222100643/1.10.21 | 23x433 = 9,959 | 23x585 = 13455 | 3496 |
| 22100745/1.11.21 | 31x433 = 13,423 | 31x585 = 18135 | 4712 |
| 21700846/01.12.21 | 30x433 = 12,990 | 30x585 = 17550 | 4560 |
| 22100936/3.01.22 | 31x433 = 13,423 | 31x585 = 18135 | 4712 |
| 22101000/1.02.22 | 31x433 = 13,423 | 31x585 = 18135 | 4712 |
| 22101124/1.03.22 | 28x433 = 12,124 | 28x585 = 16380 | 4256 |
| ആകെ | | | 52896 |

ടി വിവരം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.17/25.11.2022) മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ, പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ദിവസവേതന അടിസ്ഥാനത്തിൽ നിയമനം നല്കിയ വ്യക്തിക്ക് സർക്കാർ ഉത്തരവ് പ്രകാരമുള്ള വേതനം നൽകേണ്ടതാണ്. അധികം നൽകിയ 52,896/- രൂപ കൈപ്പറ്റിയ വ്യക്തിയിൽ നിന്നോ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-6 അഡ്വക്കേറ്റിന് ടാക്സി ചാർജ്ജിനത്തിൽ നല്കിയ തുക ഓഡിറ്റിൽ നിരാകരിക്കുന്നു

വൌച്ചർ നം.22101489 / 27.03.2022 പ്രകാരം അഡ്വക്കേറ്റിന് ടാക്സി ചാർജ്ജിനത്തിൽ 1,000/- രൂപ നല്കി. അഡ്വക്കേറ്റിന് കേസിൽ ഹാജരാകുന്നതിന് അഡ്വക്കേറ്റിന് ഫീ മാത്രമാണ് നല്കാവുന്നത്. ടി വിവരം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.17 /തീയതി-18.01.2022) മറുപടി ലഭ്യമാക്കിയില്ല. അഡ്വക്കേറ്റിന് ടാക്സി ചാർജ്ജ് ഇനത്തിൽ നല്കിയ തുക ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-7 ക്ഷേമപെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്യാത്തതിനാൽ സർക്കാരിന് നഷ്ടം

പഞ്ചായത്തിന്റെ സേവന ഡേറ്റ ബേസിലെ ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ വിവരവും 2021-22 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മരണങ്ങളുടെ വിവരവും ഒത്തുനോക്കിയതിൽ മരണപ്പെട്ടവരുടെ പേരുവിവരങ്ങൾ സേവന ഡേറ്റാ ബേസിൽനിന്നും യഥാസമയം സസ്പെന്റ് ചെയ്യപ്പെടുന്നില്ല എന്ന് കണ്ടു. ഗുണഭോക്താക്കൾ മരണപ്പെട്ടാൽ തൊട്ടടുത്ത മാസം തന്നെ പെൻഷൻ സസ്പെൻഡ് ചെയ്യേണ്ടതാണെങ്കിലും നാളിതുവരെ പെൻഷൻ സസ്പെൻഡ് ചെയ്തിട്ടില്ലാത്തവരുടെ പെൻഷൻ വിതരണ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പേര് /വിലാസം | മരിച്ച തീയതി/രജിസ്ട്രേഷൻ തീയതി | പെൻഷൻതരം /ഐഡി | അനർഹമായ കാലയളവിൽ നല്കിയ തുക | റിമാർക്സ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | അച്ചുതൻ, ചെറുതുരുത്തിൽ അരൂർ | 11.10.2021/ 1.11.2021 | വാർദ്ധക്യകാല പെൻഷൻ 104380203219 | 11/2021-9/2022 വരെ 6,600/-രൂപ (600x11) | ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു |
| 2 | മേരി ജോസഫ്, തേവേഴത്ത് അരൂർ | 13.11.2021/ 30.11.2021 | വാർദ്ധക്യകാല പെൻഷൻ 104380202923 | 12/2021-9/2022 വരെ(600x10) = 6000/- | ബാങ്കിലേക്ക് നൽകുന്നു(അക്കൌണ്ട് ക്ലോസ് ചെയ്തു) |
| 3 | ഇ.കെ.പരമേശ്വരൻ, വള്ളവനാട് ചന്തിരൂർ | 8.12.2021/ 6.1.2022 | വാർദ്ധക്യകാല പെൻഷൻ 104380200436 | 1/2022-9/2022 വരെ(1600x9) = 14400/- | ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു |
| 4 | സുഭദ്ര ഇ.എം., ഉള്ളാടത്തോപ്പിൽ അരൂർ | 22.6.2019/ 13.1.2022 | വിധവ പെൻഷൻ 104380601378 | - | മസ്റ്ററിംഗ് നടത്താത്തതിനാൽ തടഞ്ഞുവെച്ചിരിക്കുന്നു |
| 5 | ട്രീസ തോമസ്, കിഴക്കേ വേലിക്കകത്ത് അരൂർ | 23.1.2022/ 9.2.2022 | വാർദ്ധക്യകാല പെൻഷൻ 104380201737 | 2/2022-9/2022 വരെ (8x1600) = 12800/- | ബാങ്കിലേക്ക് നൽകി(അക്കൌണ്ട് ക്ലോസ് ചെയ്തു) |
| 6 | ജോസഫ് വർഗീസ്, മാഷിനിത്തറ അരൂർ | 27.9.2021/ 20.10.2021 | വാർദ്ധക്യകാല പെൻഷൻ 104380202828 | 10/2021-9/2022 വരെ 19200/- (1600x12) | ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു |
| 7 | പി.ജെ.സെബാസ്റ്റ്യൻ പുത്തൻപുരയ്ക്കൽ | 11.7.2021/ 18.8.2021 | വാർദ്ധക്യകാല പെൻഷൻ 104380202810 | 8/2021-9/2022 22,400/-രൂപ (1600x14) | ബാങ്കിലേക്ക് നൽകുന്നു(അക്കൌണ്ട് ക്ലോസ് ചെയ്തു) |
| 8 | ഹമീദ് കെ.എസ്., ചിറയിൽ ഹൌസ് ചന്തിരൂർ | 26.2.2022/ 5.3.2022 | വാർദ്ധക്യകാല പെൻഷൻ 104380201458 | 3/2022-9/2022വരെ 1600x7=11200/- | ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു |
| 9 | ടി.വി.രാജപ്പൻ, പടിഞ്ഞാറെ തുരുത്തിൽ അരൂർ | 10/2/2022 2.3.20222 | വാർദ്ധക്യകാല പെൻഷൻ 104380201618 | 3/2022-9/2022 വരെ 1600x7=11200/- | ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു |
| 10 | കമലാക്ഷി എം.യു., പുത്തനങ്ങാടി കോളനി | 31.8.2021/ 19.3.2022 | വാർദ്ധക്യകാല പെൻഷൻ 104380202960 | 9/2021-9/2022 വരെ 13x600 = 7,800/- | ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു |
| 11 | ശ്രീമതി, തട്ടുങ്കൽ ചന്തിരൂർ | 22.1.2022/ 11.3.2022 | വാർദ്ധക്യകാല പെൻഷൻ 104380200432 | - | മസ്റ്ററിംഗ് നടത്താത്തതിനാൽ തടഞ്ഞുവച്ചിരിക്കുന്നു |
| 12 | തങ്കമണിയമ്മ, പെരുപറമ്പിൽ അരൂർ | 22.2.2022/ 16.3.2022 | വിധവ പെൻഷൻ 104380600238 | 3/2022-6/2022 വരെ 1600x4 = 6400/- (അക്കൌണ്ടിൽ നിക്ഷേപിച്ചു) 1600x3 = 4800/- | 7/2022ൽ അക്കൌണ്ട് ക്ലോസ് ചെയ്തു |

| | | | | | |
|---|---|---|---|---|---|
| | | | | (അക്കൗണ്ട് ക്ലോസ് ചെയ്തതിനാൽ ബാങ്കിലേക്ക് നൽകുന്നു) | |
| | | | | 122800 | |

നാളിതു വരെ സസ്പെൻഡ് ചെയ്യാത്തവരുടെ പെൻഷൻ അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്യേണ്ടതും പെൻഷൻ തുക അനന്തരഅവകാശികൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കിയും, ബാങ്കുകളുടെ അക്കൌണ്ടിൽ നിലനിൽക്കുന്ന തുക കേരളബാങ്കിലെ പെൻഷൻ അക്കൌണ്ടിലേക്ക് തിരികെ ഒടുക്കിയതിന്റെയും വിശദാംശം അറിയിക്കേണ്ടതാണ്.

.ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിനു ലഭിച്ച മറുപടി പ്രകാരം മരണറിപ്പോർട്ട് രജിസ്റ്റർ ചെയ്യുന്നതിന് ആധാർ നിർബന്ധമല്ലാത്തതിനാൽ മരണപ്പെടുന്നവ്യക്തിക്ക് ക്ഷേമപെൻഷൻ ഉണ്ടോ, ഇല്ലയോ എന്നകൃത്യമായ വിവരം ലഭ്യമാകില്ല എന്നാണ്. സഹകരണബാങ്കുകൾ വഴി നേരിട്ട് പെൻഷൻ കൈപ്പറ്റുന്നവരുടെ മരണവിവരം അറിയിക്കുന്ന മുറയ്ക്ക് നിലവിൽ സസ്പെൻഡ് ചെയ്യുന്നുണ്ട് എന്നുമാണ് വ്യക്തമാക്കിയിട്ടുള്ളത്.

മരണം രജിസ്റ്റർ ചെയ്യുമ്പോൾ ആധാർ നമ്പർ ലഭ്യമാക്കിയാൽ മാത്രമേ ദേശസാൽകൃതബാങ്കുകൾ വഴി ബാങ്ക് അക്കൌണ്ടിലേക്ക് പെൻഷൻ തുക കൈമാറുന്നവരുടെ പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിനും, ഏതു പ്രാദേശിക സർക്കാരിലാണോ പെൻഷൻ അനുവദിച്ചിരിക്കുന്നത് അതേ പ്രാദേശിക സർക്കാരിലേയ്ക്ക് കൃത്യമായി റിപ്പോർട്ട് സാധിക്കുകയുള്ളൂ. ആയതിനാൽ മരണം രജിസ്റ്റർ ചെയ്യുന്നതിന് ആധാർ നമ്പർ അവശ്യരേഖയാക്കേണ്ടതാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

പുനർവിവാഹം/മരണം എന്നിവ ബോധ്യപ്പെട്ടാൽ സേവനയിൽനിന്നും ടിയാളെ സമയബന്ധിതമായി ഒഴിവാക്കേണ്ടത് സെക്രട്ടറിയുടെയും പെൻഷൻ സെക്ഷന്റെ ചുമതലയുള്ള ഉദ്യോഗസ്ഥരുടെയുംചുമതലയാണ്. പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത മരണങ്ങളിൽ സേവന പെൻഷൻ ഗുണഭോക്താവ് ഉൾപ്പെടുന്നുണ്ടോയെന്ന് പരിശോധിച്ച് ഉണ്ടെങ്കിൽ സമയബന്ധിതമായി സേവനഡേറ്റാബേസിൽ നിന്നും ടിയാളെ ഒഴിവാക്കേണ്ടതാണ്. ആയതിന് സർക്കാർ ഉത്തരവ് (എം.എസ് )നം.97/2020 ധന.തീയതി 23.9.2020 ലെ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കേണ്ടതാണ്.

1) പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങളിൽ നിന്നും ഓരോ പെൻഷൻ വിതരണത്തിനുശേഷവും മരണപ്പെട്ടവരുടെ വിവരം ശേഖരിച്ച് അന്വേഷണത്തിനുശേഷം അത്തരക്കാരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

2) മരണപ്പെട്ടവരുടെ വിവരങ്ങൾ അങ്കണവാടി/ ആശ വർക്കർ എന്നിവർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡേറ്റാബേസിൽ നിന്നും ഒഴിവാക്കാൻ സെക്രട്ടറിമാർ ബാധ്യസ്ഥരാണ്.

3) പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ടശേഷം അനന്തരവകാശികൾ പെൻഷൻ തുക കൈപ്പറ്റുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ തുക അനന്തരവകാശികളിൽ നിന്ന് തിരിച്ചുപിടിച്ച് സർക്കാരിൽ മുതൽക്കൂട്ടേണ്ടതാണ്.
പരാമർശത്തിൽ നാളിതുവരെയായിട്ടും പെൻഷൻ സസ്പെൻഡ് ചെയ്യാത്തതായി സൂചിപ്പിച്ചിട്ടുള്ള വ്യക്തികളുടെ മരണം രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷകളോടോപ്പം ലഭ്യമായ ആധാർ നമ്പർ പ്രകാരമാണ് ടി വ്യക്തികളുടെ പെൻഷൻ സസ്പെൻഡ് ചെയ്തിട്ടില്ല എന്ന് വ്യക്തമാക്കിയിട്ടുള്ളത്. ആയതിനാൽ ടി വ്യക്തികളുടെ അനർഹമായ കാലയളവിലെ പെൻഷൻ തുക 1,22,800/- രൂപ തിരികെ സർക്കാരിലേയ്ക്ക് മുതൽ കൂട്ടുന്നതുവരെ സെക്രട്ടറിയുടെ ബാധ്യതയായിരിക്കുന്നതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 1,26,690 | പാലിയേറ്റീവ് കെയർ | 1,26,690 | - |
| | 2021-22 | 1,87,450 | അഗതി ആശ്രയ | 1,87,450 | - |

| | | | | | |
|---|---|---|---|---|---|
| | 2021-22 | 9,80,000 | ലൈഫ് ഭവന പദ്ധതി | 9,80,000 | - |
| | 2021-22 | 3,99,450 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 3,99,450 | - |
| | 2021-22 | 2,00,000 | അങ്കണവാടി പോഷകാഹാരം | 2,00,000 | - |
| ജില്ലാ പഞ്ചായത്ത് | 2021-22 | 49,60,000 | ലൈഫ് ഭവന പദ്ധതി | 49,60,000 | - |
| | 2021-22 | 4,00,850 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 4,00,850 | - |
| | 2021-22 | 1,00,000 | അങ്കണവാടി പോഷകാഹാരം | 1,00,000 | - |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൌച്ചർ നം./തീ. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള സംസ്ഥാന വൈദ്യുതി ബോർഡ് | സ്ട്രീറ്റ്ലൈൻ എക്സ്റ്റൻഷൻ | 22101148/ 21.1.2022 | 12,683 | - | 12,683 |
| | | 22101143/ 21.1.2022 | 42,890 | - | 42,890 |
| | | 22101487/ 31.3.2022 | 36,529 | | 36,529 |
| | | 22101522/ 31.3.2022 | 23,818 | | 23,818 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 1,60,000/- രൂപ വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഹഡ്കോ വായ്പ | ലഭ്യമാക്കിയില്ല | 1,60,000 | 1,57,79,623 | 16,57,334 | | 1,42,82,289 |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1,29,51,401 |
| തൻവർഷം നിക്ഷേപിച്ച തുക | 79,37,557 |
| ആകെ | 2,08,88,958 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2,08,88,958 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി /പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തീയതി | കാലയളവ് | തുക | അക്കൗണ്ട് നമ്പർ |
|---|---|---|---|---|---|
| 1. | ജില്ലാ സഹകരണ ബാങ്ക്, ആലപ്പുഴ | 4.1.2022 | 180 ദിവസം | 54,67,618 | 009022 |
| 2 | ജില്ലാ സഹകരണ ബാങ്ക്, ആലപ്പുഴ | 6282-31/19.12.2021 | 180 ദിവസം | 67,82,748 | 009022 |
| 3 | എസ്.ബി.ഐ. | 24.03.2022 | 180 ദിവസം | 20,00,000 | 36854 |
| 4 | കാനറ ബാങ്ക് | 361606/25.3.2022 | 180 ദിവസം | 50,00,000 | 18627 |
| 5 | എസ്.ബി.ഐ. | 25.3.2022 | 45 ദിവസം | 16,38,598 | 29863 |
| ആകെ | | | | 2,08,88,958 | |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളില്ല.

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 18,72,82,383 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 17,28,28,908 |
| വരവിനങ്ങളിലെ നഷ്ടം | 49,989 |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,98,795 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 9,32,588 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| 2-1 | 8,489 | | ശ്രീ.പി.വി.മണിയപ്പൻ, സെക്രട്ടറി |
| 2-2 | 41,500 | | ശ്രീ.ഉണ്ണി.ഇ.കെ., ആംബുലൻസ് ഡ്രൈവർ |
| 3-1 | | 2,000 | ശ്രീ.പി.വി.മണിയപ്പൻ, സെക്രട്ടറി |

| | | | |
|---|---|---|---|
| 3-2 | | 1,19,019 | ശ്രീമതി റേച്ചൽ ബഞ്ചമിൻ, അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-3 | | 13,055 | ശ്രീമതി റേച്ചൽ ബഞ്ചമിൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4 | | 5,996 | ശ്രീമതി റേച്ചൽ ബഞ്ചമിൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-5 | | 52,896 | ശ്രീ.പി.വി.മണിയപ്പൻ, സെക്രട്ടറി |
| 3-6 | | 1,000 | ശ്രീ.പി.വി.മണിയപ്പൻ, സെക്രട്ടറി |
| 3-7 | | 1,22,800 | ശ്രീ.പി.വി.മണിയപ്പൻ, സെക്രട്ടറി |
| ആകെ | 49,989 | 1,98,795 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-32 | 9,717 | ശ്രീമതി ആഷ ആന്റണി, ഫിഷറീസ് സബ് ഇൻസ്പെക്ടർ |
| 1-41 | 1,81,296 | ഡോ.ആശ അരവിന്ദ്, മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. |
| 1-40 | 1,04,125 | പി.വി.മണിയപ്പൻ, സെക്രട്ടറി |
| 1-40 | 6,37,450 | ശ്രീ.സി.ശ്യാംകുമാർ, അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 9,32,588 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.പി.വി.മണിയപ്പൻ, സെക്രട്ടറി | സസ്പെൻഷൻ | പുത്തൻതറ, എഴുപുന്ന സൌത്ത് പി.ഒ., ചേർത്തല, ആലപ്പുഴ |
| ശ്രീ.ഉണ്ണി ഇ.കെ., ആംബുലൻസ് ഡ്രൈവർ | ആംബുലൻസ് ഡ്രൈവർ, അരൂർ ഗ്രാമപഞ്ചായത്ത് | എട്ടുകണ്ടത്തിൽ ഹൗസ്, അരൂർ പി.ഒ. |
| ശ്രീമതി റെയ്ച്ചൽ ബെഞ്ചമിൻ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, അരൂർ ഗ്രാമപഞ്ചായത്ത് | ബഥേൽ, അരൂർ പി.ഒ., ആലപ്പുഴ |
| ഡോ.ആശ അരവിന്ദ്, മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി | ലഭ്യമാക്കിയില്ല | ഫ്ലാറ്റ് നം.2 B, ഗോൾഡൻ ഹെവൻ അപ്പാർട്ട്മെന്റ് ഫ്രണ്ട് ലൈൻ, മൂലേപാടം റോഡ്, വാഴക്കാല |
| ശ്രീ.സി.ശ്യാംകുമാർ, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി | കണ്ണേപ്പുറത്ത്, ഉറവൂർ പി.ഒ., ചേർത്തല |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1996-97 ചെലവ് | എൽ.എഫ്.ജി.എ 9-751(1)/99 |
| 1996-97 വരവ് | എൽ.എഫ്.ജി.എ 9-704/02 തീയതി 13.11.02/19.06.03 |
| 1997-98 ചെലവ് | എൽ.എഫ്.ജി.എ 6-774(1)/00 തീയതി 06.06.01/08.08.01 |
| 1997-98 വരവ് | എൽ.എഫ്.ജി.എ 9-951/02 തീയതി 06.11.02 |
| 1998-99 ചെലവ് | എൽ.എഫ്.ജി.എ 9-697/02 തീയതി 21.03.03 |
| 1998-99 വരവ് | എൽ.എഫ്.ജി.എ 9-97/03 തീയതി 17.09.03/07.10.03 |
| 1999-2000 വരവ് | എൽ.എഫ്.ജി.എ 9-98/03 തീയതി 17.09.03/10.10.03 |
| 2000-01 | എൽ.എഫ്.ജി.എ8-863/08 തീയതി 22.07.08/04.10.08 |
| 2001-02 വരവ് | എൽ.എഫ്.ജി.എ8-1363/07 തീയതി 02.02.09 |
| 2001-02 ചെലവ് | എൽ.എഫ്.ജി.എ 8-888/08 തീയതി 25.07.08 |
| 2002-03 | എൽ.എഫ്.ജി.എ8-419/09 തീയതി 02.04.09 |
| 2003-04 | എൽ.എഫ്.ജി.എ 8-1365/07 തീയതി 19.10.08 |
| 2004-05 | എൽ.എഫ്.ജി.എ 8-60/08 തീയതി 06.11.08 |
| 2005-06 | എൽ.എഫ്.ജി.എ 8-161/08 തീയതി 16.11.08 |
| 2007-08, 2008-09 | എൽ.എഫ്.ജി.എ 5-1577/13 തീയതി 09.05.2014 |
| 2009-10 | എൽ.എഫ്.ജി.എ 5--1577/13 തീയതി 09.05.2014 |
| 2010-11, 2011-12 | എൽ.എഫ്.ജി.എ5--1577/13 തീയതി 09.05.2014 |
| 2012-13 | എൽ.എഫ്.ജി.എ പി 2-243/2015 തീയതി 05.06.15/30.06.15 |
| 2013-14 | കെ.എസ്.എ/എ.എൽ.പി/പി2-1038/15, തീയതി – 02.11.15 |
| 2014-15 | കെ.എസ്.എ/എ.എൽ.പി/പി2-783/16/16.07.2016 |
| 2015-16 | കെ.എസ്.എ/എ.എൽ.പി/പി2-1252/16/09.11.2016 |
| 2016-17 | കെ.എസ്.എ/എ.എൽ.പി/പി13-1069/17/14.8.2017 |
| 2017-18 | കെ.എസ്.എ/എ.എൽ.പി/പി13-1672/18/08.02.2019 |
| 2018-19 | നം.കെ.എസ്.എ/എ.എൽ.പി/പി13-918/19/31.01.2020 |
| 2019-20 | നം.കെ.എസ്.എ/എ.എൽ.പി/പി11-1161/21/30.03.2022 |
| 2020-21 | നം.കെ.എസ്.എ/എ.എൽ.പി/പി11-1162 /21/20.05.2022 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ അരൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ അരൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്